# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പെരുവന്താനം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ-8/1052/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 30/07/2022
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പെരുവന്താനം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പെരുവന്താനം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പെരുവന്താനം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ-8/1052/2022 തീയ്യതി: 30/07/2022

## ഇടുക്കി ജില്ലയിലെ പെരുവന്താനം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ പെരുവന്താനം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 27-01-2022 മുതൽ 04-07-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള ഉടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. അനിൽ മാത്യൂ ഐപ്പ് | ഡെപ്യൂട്ടി ഡയറക്ടർ | 04-07-2022 | 13-07-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 04-07-2022 | 13-07-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. വി.ജി. സജിമോൻ, ഓഡിറ്റ് ഓഫീസർ
ശ്രീമതി. അനീറ്റ പി. സാമുവൽ, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ. മെജോ. കെ.ജോർജ്ജ്, അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി. മായ കൃഷ്ണൻ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.കെ.ടി.ബിനു | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ഭരണനിർവഹണ സമിതി | പ്രസിഡന്റ് | 12-11-2020 | 31-12-2020 |

| | | | |
|---|---|---|---|
| ശ്രീമതി ഡോമിന സജി | പ്രസിഡന്റ് | 01-01-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.റ്റിജി തോമസ് | സെക്രട്ടറി | 01-04-2020 | 25-02-2021 |
| ശ്രീമതി പൊന്നമ്മ എ.എസ് അസി.സെക്രട്ടറി | സെക്രട്ടറിയുടെ അധികച്ചുമതല | 25-02-2021 | 01-03-2021 |
| ശ്രീ. വിനോദ് ബി | സെക്രട്ടറി | 01-03-2021 | 31-03-2021 |
| ശ്രീ.ദിനേശ് ഡി.കെ | അസി.എൻജിനിയർ | 01-04-2020 | 31-03-2021 |
| ശ്രീമതി ഷിംജ ബഷീർ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ശ്രീ.റോയിമോൻ മാത്യു | ഹെഡ്മാസ്റ്റർ ഗവ.എൽ.പി.സ്കൂൾ | 01-04-2020 | 31-03-2021 |
| ശ്രീമതി രേണു പി.ആർ | VEO | 01-06-2020 | 31-03-2021 |
| ഡോ.ഹരിമോഹൻ | ആയുർവേദ മെഡിക്കൽ ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.ജിക്കുമോൻ | FHC മെഡിക്കൽ ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.രീഷ്മ ആർ സുന്ദരം | ഹോമിയോ മെഡിക്കൽ ഓഫീസർ | 01-04-2020 | 24-01-2021 |
| ഡോ. വിഭീഷ ഇ | ഹോമിയോ മെഡിക്കൽ ഓഫീസർ | 24-01-2021 | 31-03-2021 |
| ഡോ.ജോസ് ഇ ഫിലിപ്പ് | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീ. സജോമോൻ ജോസഫ് | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി. സിന്ധുമോൾ. കെ.കെ. | അസി.സെക്രട്ടറി | 01-04-2020 | 16-06-2020 |
| ശ്രീമതി. പൊന്നമ്മ എ.എസ്. | അസി.സെക്രട്ടറി | 17-06-2020 | 31-03-2021 |
| ശ്രീമതി. സരിതാമോൾ കെ.ജി. | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 26-07-2020 |
| ശ്രീമതി. സുന്ദരി വി. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 27-07-2020 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് അവലോകനം<br>Written By: Majo K George (Asst. Audit Officer, On 11-07-2022)<br>Last Updated By: Sajitha K. (Computer Assistant, On 30-07-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Maya Krishnan (Auditor, On 11-07-2022)<br>Last Updated By: Anil Mathew Iype (Deputy Director, On 30-07-2022) | 1-2 |
| 3 | ഗ്രാന്റ് വിനിയോഗം<br>Written By: Majo K George (Asst. Audit Officer, On 15-07-2022)<br>Last Updated By: Sajitha K. (Computer Assistant, On 30-07-2022) | 1-3 |
| 4 | ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകങ്ങൾ<br>Written By: Majo K George (Asst. Audit Officer, On 15-07-2022)<br>Last Updated By: Sajitha K. (Computer Assistant, On 30-07-2022) | 1-3-1 |
| 5 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പരിപാലിക്കുന്നില്ല-വാർഷിക കണക്കുകളിലെ തുകകളുടെ കൃത്യത വ്യക്തമല്ല.<br>Written By: Majo K George (Asst. Audit Officer, On 15-07-2022)<br>Last Updated By: Sajitha K. (Computer Assistant, On 30-07-2022) | 1-3-2 |
| 6 | പദ്ധതി അവലോകനം<br>Written By: Majo K George (Asst. Audit Officer, On 11-07-2022)<br>Last Updated By: Sajitha K. (Computer Assistant, On 30-07-2022) | 1-4 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: V G Sajimon (Audit Officer, On 11-07-2022)<br>Last Updated By: V G Sajimon (Audit Officer, On 11-07-2022) | 1-5 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Majo K George (Asst. Audit Officer, On 11-07-2022)<br>Last Updated By: Majo K George (Asst. Audit Officer, On 11-07-2022) | 1-6 |
| 9 | ക്യാഷ് പരിശോധന<br>Written By: V G Sajimon (Audit Officer, On 11-07-2022)<br>Last Updated By: V G Sajimon (Audit Officer, On 12-07-2022) | 1-7 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: Majo K George (Asst. Audit Officer, On 13-07-2022)<br>Last Updated By: Sajitha K. (Computer Assistant, On 30-07-2022) | 1-8 |
| 11 | പ്രതിമാസ റിക്കൺസിലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല<br>Written By: Maya Krishnan (Auditor, On 14-07-2022)<br>Last Updated By: Maya Krishnan (Auditor, On 14-07-2022) | 1-9 |
| 12 | ജേണൽ വൗച്ചറുകളെ സാധൂകരിക്കുന്ന രേഖകൾ പരിപാലിക്കുന്നില്ല<br>Written By: Maya Krishnan (Auditor, On 14-07-2022)<br>Last Updated By: Maya Krishnan (Auditor, On 14-07-2022) | 1-9-1 |
| 13 | നികുതി നികുതിയിതര വരുമാനങ്ങളുടെ ഡി.സി.ബി രജിസ്റ്ററുകൾ കൃത്യമായി പരിപാലിക്കുന്നില്ല<br>Written By: Maya Krishnan (Auditor, On 14-07-2022)<br>Last Updated By: Anitta P Samuel (Asst. Audit Officer, On 29-07-2022) | 1-9-2 |
| 14 | നികുതി നികുതിയിതര വരുമാനങ്ങളുടെ ഡിമാന്റ് വാർഷിക കണക്കുകളിൽ സമയം രേഖപ്പെടുത്തുന്നില്ല<br>Written By: Maya Krishnan (Auditor, On 14-07-2022)<br>Last Updated By: Anitta P Samuel (Asst. Audit Officer, On 29-07-2022) | 1-9-3 |
| 15 | സാംഖ്യ - ILGMS ഇന്റഗ്രേഷൻ<br>Written By: Maya Krishnan (Auditor, On 14-07-2022)<br>Last Updated By: Anitta P Samuel (Asst. Audit Officer, On 29-07-2022) | 1-9-4 |
| 16 | മാനുവൽ രസീത് ബുക്ക് സ്റ്റോക്ക് സൂക്ഷിപ്പിലും വിതരണത്തിലും അപാകതകൾ<br>Written By: Maya Krishnan (Auditor, On 07-07-2022)<br>Last Updated By: Maya Krishnan (Auditor, On 13-07-2022) | 1-10 |
| 17 | വസ്തു നികുതി അനധികൃതമായി ഒഴിവാക്കി | 1-11 |

| | | |
|---|---|---|
| | Written By: Maya Krishnan (Auditor, On 07-07-2022)<br>Last Updated By: Anitta P Samuel (Asst. Audit Officer, On 29-07-2022) | |
| 18 | ആയുർവേദ സുഖ ചികിത്സാ കേന്ദ്രത്തിന്റെ വസ്തു നികുതി കുറവായി ഈടാക്കിയതിനാൽ വൻ നഷ്ടം<br>Written By: Maya Krishnan (Auditor, On 06-07-2022)<br>Last Updated By: Anitta P Samuel (Asst. Audit Officer, On 29-07-2022) | 1-12 |
| 19 | വസ്തു നികുതിയിൽ വൻകുടിശ്ശിക<br>Written By: Maya Krishnan (Auditor, On 07-07-2022)<br>Last Updated By: Sajitha K. (Computer Assistant, On 30-07-2022) | 1-13 |
| 20 | തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല<br>Written By: Maya Krishnan (Auditor, On 07-07-2022)<br>Last Updated By: Sajitha K. (Computer Assistant, On 30-07-2022) | 1-14 |
| 21 | വാടക പിരിവിലെ അപാകതകൾ<br>Written By: Maya Krishnan (Auditor, On 07-07-2022)<br>Last Updated By: Sajitha K. (Computer Assistant, On 30-07-2022) | 1-15 |
| 22 | ഈ-ടെൻഡർ ഫോം വില,നിരതദ്രവ്യം എന്നിവ ഗ്രാമപഞ്ചായത്തിന് കൈമാറി ലഭിച്ചിട്ടില്ല<br>Written By: V G Sajimon (Audit Officer, On 11-07-2022)<br>Last Updated By: Sajitha K. (Computer Assistant, On 30-07-2022) | 1-16 |
| 23 | മണിക്കൽ തിലകൻ സ്മാരക പാർക്ക് ആന്റ് ലെയ്ക്ക് വരുമാനസ്രോതസെന്ന നിലയിൽ പൂർണസജ്ജമായില്ല<br>Written By: Anitta P Samuel (Asst. Audit Officer, On 07-07-2022)<br>Last Updated By: Sajitha K. (Computer Assistant, On 30-07-2022) | 1-17 |
| 24 | ശബരിമല സ്പെഷൽ ഗ്രാന്റ് വിനിയോഗിച്ച് മഴക്കാല പൂർവ ശുചീകരണം, പ്രോജക്ട് നടത്തിപ്പിൽ ഗുരുതര ക്രമക്കേടുകൾ<br>Written By: V G Sajimon (Audit Officer, On 11-07-2022)<br>Last Updated By: Sajitha K. (Computer Assistant, On 30-07-2022) | 1-18 |
| 25 | ആംബുലൻസ് വാങ്ങൽ -സമയബന്ധിതമായി നടപടികൾ സ്വീകരിക്കാതെ സർക്കാർ ഫണ്ട് പാഴാക്കി<br>Written By: Anitta P Samuel (Asst. Audit Officer, On 06-07-2022)<br>Last Updated By: Sajitha K. (Computer Assistant, On 30-07-2022) | 1-19 |
| 26 | പ്രോജക്ടിൽ വിഭാവനം ചെയ്യാതെ മാസ്കും സർക്കാർ നിർദേശങ്ങൾക്ക് വിരുദ്ധമായി തുണിസഞ്ചിയും വിതരണം<br>Written By: Majo K George (Asst. Audit Officer, On 11-07-2022)<br>Last Updated By: Sajitha K. (Computer Assistant, On 30-07-2022) | 1-20 |
| 27 | ഗ്രാമകേന്ദ്രങ്ങൾക്ക് അവധാനതയില്ലാതെ കമ്പ്യൂട്ടർ സാമഗ്രികൾ വാങ്ങി നൽകിയതു വഴി ലക്ഷങ്ങൾ പാഴായി<br>Written By: V G Sajimon (Audit Officer, On 11-07-2022)<br>Last Updated By: Anitta P Samuel (Asst. Audit Officer, On 29-07-2022) | 1-21 |
| 28 | സർക്കാർ നിർദേശങ്ങൾ പാലിക്കാതെ സോളാർ തെരുവ് വിളക്ക് സ്ഥാപിച്ചു<br>Written By: Majo K George (Asst. Audit Officer, On 11-07-2022)<br>Last Updated By: VISHNU.P.K (Senior Grade Auditor, On 30-07-2022) | 1-22 |
| 29 | സർക്കാർ നിർദേശങ്ങൾക്ക് വിരുദ്ധമായി തെരുവ് വിളക്കുകൾ സ്ഥാപിച്ചു<br>Written By: Majo K George (Asst. Audit Officer, On 11-07-2022)<br>Last Updated By: VISHNU.P.K (Senior Grade Auditor, On 30-07-2022) | 1-23 |
| 30 | റീടാറിംഗ് പ്രവൃത്തി ബില്ലിൽനിന്ന് കാലിവീപ്പ വില ഈടാക്കിയില്ല<br>Written By: V G Sajimon (Audit Officer, On 11-07-2022)<br>Last Updated By: Sajitha K. (Computer Assistant, On 30-07-2022) | 1-24 |
| 31 | ഇലക്ഷൻ നിക്ഷേപം കണ്ടുകെട്ടാൻ നടപടികളായില്ല<br>Written By: Anitta P Samuel (Asst. Audit Officer, On 12-07-2022)<br>Last Updated By: Sajitha K. (Computer Assistant, On 30-07-2022) | 1-25 |
| 32 | നിക്ഷേപപ്രവൃത്തികൾ പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല<br>Written By: Majo K George (Asst. Audit Officer, On 11-07-2022)<br>Last Updated By: Sajitha K. (Computer Assistant, On 30-07-2022) | 1-26 |

| | | |
|---|---|---|
| 33 | ടെണ്ടർ നടപടികൾ ഒഴിവാക്കി സിസിടിവിയും യു.പി.എസും സ്ഥാപിച്ചു<br>Written By: Majo K George (Asst. Audit Officer, On 14-07-2022)<br>Last Updated By: Sajitha K. (Computer Assistant, On 30-07-2022) | 1-27 |
| 34 | ടെണ്ടർ നടപടികൾ ഒഴിവാക്കി വിത്തിനങ്ങളും വളവും കീടനാശിനികളും വാങ്ങി<br>Written By: Majo K George (Asst. Audit Officer, On 13-07-2022)<br>Last Updated By: Sajitha K. (Computer Assistant, On 30-07-2022) | 1-28 |
| 35 | സർക്കാർ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി വികസനരേഖ അച്ചടിച്ചു<br>Written By: Majo K George (Asst. Audit Officer, On 14-07-2022)<br>Last Updated By: Sajitha K. (Computer Assistant, On 30-07-2022) | 1-29 |
| 36 | അനർഹമായ കാലയളവിൽ സാമൂഹ്യസുരക്ഷ പെൻഷൻ അനുവദിച്ചു<br>Written By: Majo K George (Asst. Audit Officer, On 14-07-2022)<br>Last Updated By: Sajitha K. (Computer Assistant, On 30-07-2022) | 1-30 |
| 37 | എസ്.എസ്.എ വിഹിതം ഒടുക്കൽ - ഗ്രാമപഞ്ചായത്ത് വിഹിതം ഉപയോഗിച്ച് ചെയ്ത പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല<br>Written By: Majo K George (Asst. Audit Officer, On 14-07-2022)<br>Last Updated By: Sajitha K. (Computer Assistant, On 30-07-2022) | 1-31 |
| 38 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ<br>Written By: Anitta P Samuel (Asst. Audit Officer, On 07-07-2022)<br>Last Updated By: Sajitha K. (Computer Assistant, On 30-07-2022) | 1-32 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | റീടാറിംഗ് പ്രവൃത്തി ബില്ലിൽനിന്ന് കാലിവീപ്പ വില ഈടാക്കിയില്ല<br>Written By: V G Sajimon (Audit Officer, On 14-07-2022)<br>Last Updated By: Sajitha K. (Computer Assistant, On 30-07-2022) | 3-1 |
| 2 | പ്രോജക്ടിൽ വിഭാവനം ചെയ്യാതെ, മാനദണ്ഡവിരുദ്ധമായി മാസ്ക് വാങ്ങൽ<br>Written By: Majo K George (Asst. Audit Officer, On 14-07-2022)<br>Last Updated By: Sajitha K. (Computer Assistant, On 30-07-2022) | 3-2 |
| 3 | സർക്കാർ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി വികസനരേഖ അച്ചടിച്ചു<br>Written By: Majo K George (Asst. Audit Officer, On 14-07-2022)<br>Last Updated By: Sajitha K. (Computer Assistant, On 30-07-2022) | 3-3 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: V G Sajimon (Audit Officer, On 04-07-2022)<br>Last Updated By: Sajitha K. (Computer Assistant, On 30-07-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് നല്കിയ തുകകൾ<br>Written By: V G Sajimon (Audit Officer, On 04-07-2022)<br>Last Updated By: Sajitha K. (Computer Assistant, On 30-07-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: V G Sajimon (Audit Officer, On 04-07-2022)<br>Last Updated By: Sajitha K. (Computer Assistant, On 30-07-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: V G Sajimon (Audit Officer, On 04-07-2022)<br>Last Updated By: Sajitha K. (Computer Assistant, On 30-07-2022) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: V G Sajimon (Audit Officer, On 04-07-2022)<br>Last Updated By: Sajitha K. (Computer Assistant, On 30-07-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: V G Sajimon (Audit Officer, On 04-07-2022)<br>Last Updated By: Sajitha K. (Computer Assistant, On 30-07-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: V G Sajimon (Audit Officer, On 04-07-2022)<br>Last Updated By: Sajitha K. (Computer Assistant, On 30-07-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ<br>Written By: V G Sajimon (Audit Officer, On 04-07-2022)<br>Last Updated By: Sajitha K. (Computer Assistant, On 30-07-2022) | 4-8 |

| | | |
|---|---|---|
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം<br>Written By: V G Sajimon (Audit Officer, On 04-07-2022)<br>Last Updated By: Sajitha K. (Computer Assistant, On 30-07-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: V G Sajimon (Audit Officer, On 04-07-2022)<br>Last Updated By: Sajitha K. (Computer Assistant, On 30-07-2022) | 4-10 |
| 11 | തീർപ്പാക്കാനാവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: V G Sajimon (Audit Officer, On 04-07-2022)<br>Last Updated By: Sajitha K. (Computer Assistant, On 30-07-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ് അവലോകനം

2020-21 സാമ്പത്തിക വർഷത്തേക്കുള്ള ₹220,395,546/- മുന്നിരിപ്പും ₹290,629,500/- വരവും ₹292,599,000/- ചെലവും ₹18,426,046/- മിച്ചവും വരുന്ന ബജറ്റ് പഞ്ചായത്ത് കമ്മിറ്റിയുടെ 24-3-2020 ലെ 1-1 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 23.01.2020-ൽ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പിൽ നിഷ്കർഷിച്ചിരിക്കുന്ന നടപടിക്രമങ്ങൾ പൂർണ്ണമായും പാലിച്ചുകൊണ്ടല്ല ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്.

സർക്കാർ അതത് സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കുന്ന ചട്ടങ്ങൾക്കും വിധേയമായി 175-ാം വകുപ്പനുസരിച്ച് തയ്യാറാക്കിയതും അനുവദിച്ചതുമായ വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് അടങ്ങുന്ന ബജറ്റ് നിർദ്ദേശങ്ങൾ, ഓരോ വർഷവും ജനുവരി 15-ന് മുമ്പായി ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റികളും സെക്രട്ടറിയും അതത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥന്മാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ച് തയ്യാറാക്കേണ്ടതും, അത് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് നൽകേണ്ടതുമാണ് [വകുപ്പ് 214 (1)]. എന്നാൽ, സ്റ്റാന്റിംഗ് കമ്മിറ്റികളും വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരും സമർപ്പിച്ച ബജറ്റ് പ്രപ്പോസലുകൾ, അതിന്റെ അടിസ്ഥാനത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കിയ ബജറ്റിന് ആധാരമാക്കിയ രേഖകളും വിവരങ്ങളും അടങ്ങിയ ബജറ്റ് ഫയൽ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും ബജറ്റ് നിർദ്ദേശങ്ങൾ സമർപ്പിച്ചിരുന്നോയെന്നും, ബജറ്റ് നിർദ്ദേശങ്ങൾ സമർപ്പിച്ചവരുടെ നിർദ്ദേശങ്ങൾ പരിഗണിച്ചാണോ ബജറ്റ് തയ്യാറാക്കിയതെന്നും ഉറപ്പാക്കുന്നതിന് സാധിക്കുന്നില്ല.

ബജറ്റിൽ വിഭാവനം ചെയ്ത വരവിലോ, ബജറ്റിൽ, എസ്റ്റിമേറ്റിൽ കൂടുതൽ ഏതിനത്തിലെങ്കിലും ചെലവഴിച്ചാലോ വ്യതിയാനം വ്യക്തമാക്കി പുതുക്കിയ ബജറ്റ് അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതുമാണ്. ഡിസംബർ അവസാന വാരം ഉദ്യോഗസ്ഥരുടെ പക്കൽ നിന്നും (ഘടക സ്ഥാപനങ്ങളിലെ ഓഫീസ് തലവന്മാരിൽ നിന്നും) തന്നാണ്ട് വർഷത്തെ റിവൈസ്ഡ് ബജറ്റിനുള്ള പ്രൊപ്പോസലുകൾ സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്. എന്നാൽ, ഉദ്യോഗസ്ഥരുടെ പക്കൽ നിന്നും തന്നാണ്ട് വർഷത്തെ റിവൈസ്ഡ് ബജറ്റിനുള്ള പ്രൊപ്പോസലുകൾ സ്വീകരിച്ചല്ല ബജറ്റ് പരിഷ്കരിച്ചിട്ടുള്ളത്. 2020-21 സാമ്പത്തിക വർഷത്തേക്കുള്ള പരിഷ്കരിച്ച ₹185,394,138/- മുന്നിരിപ്പും ₹125,821,700/- വരവും ₹307,494,000/- ചെലവും ₹3,721,838/- മിച്ചവും വരുന്ന ബജറ്റ് പഞ്ചായത്ത് കമ്മിറ്റിയുടെ 22-2-2021 ലെ 1-1 തീരുമാന പ്രകാരം അംഗീകരിച്ചു. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 23.01.2020-ൽ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എല്ലാ മാസത്തെയും വരവ്-ചെലവുകൾ അംഗീകരിച്ചിട്ടുണ്ട്. എന്നാൽ, ബജറ്റിനെ അടിസ്ഥാനപ്പെടുത്തിയല്ല കണക്കുകൾ അംഗീകരിച്ചിട്ടുള്ളത്. എല്ലാ മാസവും ബജറ്റ് അവലോകനം നടത്തുന്നില്ല. അതിനാൽ, 2020-21-ലെ ബജറ്റ് എസ്റ്റിമേറ്റും വാർഷിക കണക്കുകളും തമ്മിൽ പൊരുത്തക്കേടുകളുണ്ട്.

കേരള പഞ്ചായത്ത് രാജ് നിയമം 214 വകുപ്പിൽ അനുശാസിക്കുന്ന രീതിയിൽ അപാകതകളില്ലാതെ ബജറ്റ് തയ്യാറാക്കുന്നതിനും ബജറ്റ് യഥാർത്ഥ വരവ് ചെലവുകൾക്കനുസരിച്ച് പുതുക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പഞ്ചായത്തിന്റെ മുൻ വർഷങ്ങളിലെ ബജറ്റ്, വാർഷിക കണക്കുകൾ എന്നിവ താരതമ്യം ചെയ്തും നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും വിവിധ സെക്ഷനുകളിൽ നിന്നും വിവരങ്ങൾ ശേഖരിച്ചും വേണം ബജറ്റ് തയ്യാറാക്കേണ്ടത്. യഥാർത്ഥ കണക്കുകളുമായി ഗണ്യമായ വ്യത്യാസം കാണിക്കുന്ന ബജറ്റ് തയ്യാറാക്കുന്നത് പഞ്ചായത്തിന്റെ ധനകാര്യ മാനേജ്മെന്റിനെ പ്രതികൂലമായി ബാധിക്കും. യഥാർത്ഥ വിവരങ്ങൾ വിശകലനം ചെയ്ത് ബജറ്റ് തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| 31.07.2021 | 17-8-2021 | - | - |

2020-21 സാമ്പത്തിക വർഷം ILGMS നടപ്പാക്കിയ ഗ്രാമപഞ്ചായത്തുകളുടെ വാർഷിക ധനകാര്യപത്രിക എയിംസ് സോഫ്റ്റ്‌വെയറിലേയ്ക്ക് ഇ-സബ്മിറ്റ് ചെയ്യുന്നതിന് സാങ്കേതിക തടസം നേരിട്ടതിനാൽ വാർഷിക കണക്കുകൾ ഇ-മെയിൽ മുഖേന ലഭ്യമാക്കിയാൽ മതിയെന്ന കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 06.08.2021-ലെ ഡി.കെ.എസ്.എ.1626/പി.ടി.1/2021 കത്തിന്റെ അടിസ്ഥാനത്തിൽ സ്ഥാപനം വാർഷിക കണക്കുകൾ 17.08.2021-ന് സമർപ്പിച്ചു. തുടർന്ന് 23/07/2022-നകം എയിംസ് സോഫ്റ്റ്‌വെയറിലേക്ക് വാർഷിക കണക്കുകൾ ഇ-സബ്മിറ്റ് ചെയ്യുവാൻ നിർദ്ദേശം നൽകിയിരുന്നു. തുടർന്നും സാങ്കേതിക തടസ്സം പൂർണ്ണമായി പരിഹരിക്കപ്പെടാത്തതിനാൽ സ്ഥാപനത്തിന് വാർഷിക കണക്കുകൾ ഇ-സബ്മിറ്റ് ചെയ്യുവാൻ സാധിച്ചില്ല എന്ന വിവരം അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ 2020-21-ലെ കണക്കുകൾ ഇ-സമർപ്പണം നടത്തുന്നതിനും ആയതിൻമേലുള്ള പരിശോധനകൾ നടത്തുന്നതിനും വിധേയമായി മാത്രമാണ് ഈ റിപ്പോർട്ടിനോടൊപ്പമുള്ള ഓഡിറ്റ് സാക്ഷ്യപത്രം പുറപ്പെടുവിച്ചിരിക്കുന്നത്.

## 1-3 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ്/ലാപ്സായ തുക (₹) | കുറിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട്-പൊതുവിഭാഗം | 0 | 15063802 | 15063802 | 14219528 | 844274 | |
| വികസന ഫണ്ട്-എസ്.സി.പി | 0 | 2787000 | 2787000 | 2763464 | 23536 | |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 1755000 | 1755000 | 1541225 | 213775 | |
| 14-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ബേസിക്ക്) | 0 | 6630227 | 6630227 | 6630227 | 0 | |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ആൺടൈഡ്) | 0 | 5410000 | 5410000 | 2285977 | 3124023 | |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 | 5410000 | 5410000 | 2870284 | 2539716 | |
| സംരക്ഷണ ഗ്രാന്റ്-റോഡ് | 0 | 15352000 | 15352000 | 15351932 | 68 | |
| സംരക്ഷണ ഗ്രാന്റ്-റോഡിതരം | 0 | 4086000 | 4086000 | 4044673 | 41327 | |
| ഐ.സി.ഡി.എസ് | 115893 | 677883 | 793776 | 353620 | 440156 | |

വിവിധ ഫണ്ടുകളുടെ വിഹിതം അനുവദിച്ച വേളയിൽ ചുവടെ കൊടുത്തിരിക്കുന്ന തുകകൾ സ്രോതസ്സിൽ നിന്നും കിഴിവ് ചെയ്തിട്ടുണ്ട്. എന്നാൽ, ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്കിൽ (റസിപ്റ്റ് & പേയ്മെന്റ്) വരവ്-ചെലവ് വിശദാംശങ്ങൾ ചേർത്തിട്ടില്ല.

| ഫണ്ട് | ബജറ്റ് വിഹിതം | അധിക അലോട്ട്മെന്റ് | ലൈഫ് ലോൺ | അംഗൻവാടി ഹോണറേറിയം | വോട്ടിംഗ് മെഷീൻ | അക്കൗണ്ട് ചെയ്ത ഫണ്ട് |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 12334000 | 2729802 | 2384980 | 1576800 | 0 | 11102022 |
| വികസനഫണ്ട് (SCP) | 2787000 | 0 | 336745 | 0 | 0 | 2450255 |
| വികസനഫണ്ട് (TSP) | 1755000 | 0 | 117098 | 0 | 0 | 1637902 |
| സംരക്ഷണ ഗ്രാന്റ്-റോഡിതരം | 4086000 | 0 | 0 | 0 | 41327 | 4044673 |

## 1-3-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകങ്ങൾ

വികസന ഫണ്ട് (പൊതുവിഭാഗം, എസ്.സി.പി, ടി.എസ്.പി) എന്നിവയുടെ രണ്ട്, മൂന്ന് ഗഡുക്കൾ അനുവദിച്ച വേളയിൽ ലൈഫ് ലോൺ തിരിച്ചടവ് വിഹിതം സ്രോതസ്സിൽ നിന്നും കുറവ് ചെയ്തിരുന്നു. ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വരവിൽ മേൽ തുകകൾ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ, ചെലവിൽ തുകകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിനാൽ, ഫണ്ടുകളുടെ വരവ്, നീക്കിയിരിപ്പ് വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല.

കേന്ദ്ര സംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ എന്നിവയിൽ നിന്നും പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിക്കുന്ന ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് വിശദാംശങ്ങൾ സ്രോതസ്സ് ഇനം തിരിച്ചും ലഭ്യമല്ല.

1-3-2 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പരിപാലിക്കുന്നില്ല- വാർഷിക കണക്കുകളിലെ തുകകളുടെ കൃത്യത വ്യക്തമല്ല.

ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ ചുവടെ കൊടുത്തിരിക്കുന്ന ശീർഷകങ്ങളിൽ വരവ് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പരിപാലിക്കാത്തതിനാൽ തുകകളുടെ വരവ് വിശദാംശങ്ങൾ, തുക നൽകിയ സ്ഥാപനം/ഏജൻസി-യുടെ വിവരം, തുക അനുവദിച്ചതിന്റെ ഉദ്ദേശ്യം, തുക വിനിയോഗിച്ചിട്ടുണ്ടെങ്കിൽ വിനിയോഗ വിവരം എന്നിവ വ്യക്തമല്ല. ഒരേ ഏജൻസിയുടെ/സ്ഥാപനത്തിന്റെ പേരിൽ പല ശീർഷകങ്ങളിൽ വരവ് രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, ജേണൽ എൻട്രികൾ മുഖേന ഒരു ശീർഷകത്തിൽ നിന്നും വ്യക്തമായ വിവരണം രേഖപ്പെടുത്താതെ മറ്റ് ശീർഷകങ്ങളിലേയ്ക്ക് തുകകൾ ക്രമീകരിച്ചിട്ടുണ്ട്. ഫണ്ടുകളുടെ വരവ് രേഖപ്പെടുത്തുമ്പോൾ കൃത്യമായ വിവരണം നൽകിയിട്ടില്ലാത്തതിനാൽ ഫണ്ടിന്റെ ഉറവിടം, ഉദ്ദേശ്യം എന്നിവ വ്യക്തമല്ല. കൂടാതെ, ചെലവുകൾ കൃത്യമായി രേഖപ്പെടുത്താതെ വർഷാവസാനം ഒരു ജേണൽ എൻട്രി മുഖേന ഇൻകം ഹെഡിലേയ്ക്കോ മറ്റ് ഹെഡിലേയ്ക്കോ തുക മാറ്റിയിരിക്കുകയാണ്.

| ക്രമ നം | ശീർഷകം | വരവ് (₹) | 31.03.2021 ലെ നീക്കിയിരിപ്പ് (₹) |
|---|---|---|---|
| 1 | 320100152 | 3643 | 3643 |
| 2 | 320100160 | 40605 | |
| 3 | 320100181 | | 944369 |
| 4 | 320100197 | 1958 | 73236 |
| 5 | 320100198 | 1538655 | 4244829 |
| 6 | 320100999 | 858425 | 2400014 |
| 7 | 320300103 | 33000 | 33000 |
| 8 | 320300199 | 6011265 | |
| 9 | 320400199 | 2319 | 2319 |
| 10 | 320800199 | | 4630 |
| 11 | 350200301 | 542174 | 0 |
| 12 | 312100605 | | 163392 |
| 13 | 320100999 | | 85680 |
| 14 | 311100199 | | 570000 |

ജേണൽ വൗച്ചർ മുഖേന ക്രമീകരണം നടത്തിയത്

| ക്രമ നം | ഹെഡ് | തുക |
|---|---|---|
| 1 | 312100512 | 13318669 |
| 2 | 320300199 | 2099380 |

മേൽ തുകകളുടെ വരവ് വിശദാംശങ്ങൾ, തുക നൽകിയ സ്ഥാപനം/ഏജൻസി-യുടെ വിവരം, തുക അനുവദിച്ചതിന്റെ ഉദ്ദേശ്യം, തുക വിനിയോഗിച്ചിട്ടുണ്ടെങ്കിൽ വിനിയോഗ വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ്. തുക വിനിയോഗിച്ചിട്ടുണ്ടെങ്കിൽ ബാദ്ധ്യത ശീർഷകത്തിൽ നിന്നും തുക ഇൻകം ശീർഷകത്തിലേയ്ക്ക്

മാറ്റാത്തതിനും വിനിയോഗിച്ചിട്ടില്ലെങ്കിൽ ആയതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്. മതിയായ രേഖകളുടെ പിന്തുണയില്ലാതെ ബാധ്യത ശിർഷകത്തിൽ നിന്നും ഇൻകം ശീർഷകത്തിലേയ്ക്ക് തുക ക്രമീകരണം നടത്തിയതിനും വിശദീകരണം നൽകേണ്ടതാണ്.

1-4 പദ്ധതി അവലോകനം

2020-21 സാമ്പത്തിക വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 210 | 84025246 | 141 | 51696116 | 0 | 69 | 67.14 |

ഗ്രാമപഞ്ചായത്തിന്റെ 2020-21 വാർഷിക പദ്ധതിയ്ക്ക് 2020 ജനുവരി മാസം തന്നെ അംഗീകാരം ലഭിച്ചിരുന്നു. 5.24 കോടി രൂപ അടങ്കലിൽ 122 പ്രോജക്ടുകളാണ് 2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത്. പിന്നീട് 3.16 കോടി രൂപ അടങ്കലിൽ 88 സ്പിൽ ഓവർ പദ്ധതികൾ കൂടി ഉൾപ്പെടുത്തി 2020 ജൂണിൽ പദ്ധതി പരിഷ്കരിച്ചു. വാർഷികപദ്ധതി രൂപീകരണ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| ആസൂത്രണസമിതി, വർക്കിംഗ് ഗ്രൂപ്പ് പുനസംഘടന | 10.12.2019 |
| വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ | 06.02.2020, 03.03.2020 |
| ഗ്രാമസഭ, ഊരുകൂട്ട യോഗങ്ങൾ | 10.02.2020-19.02.2020 |
| വികസന സെമിനാർ | 03.03.2020 |
| സ്റ്റാന്റിംഗ് കമ്മിറ്റികളുടെ അംഗീകാരം | 04.03.2020 |
| ഭരണസമിതിയുടെ അംഗീകാരം | 04.03.2020 (1-1) |
| സ്പിൽ ഓവർ പ്രോജക്ടുകൾ ഉൾപ്പെടുത്തി ഭരണസമിതിയുടെ അംഗീകാരം | 21.04.2020 (1-4) |

വർക്കിംഗ് ഗ്രൂപ്പുകൾ തങ്ങളുടെ പരിധിയിൽ വരുന്ന വിഷയങ്ങളിൽ ആഴത്തിലുള്ള വിശകലനങ്ങൾ നടത്തി ഏറ്റവും പ്രാധാന്യമുള്ള പ്രോജക്ടുകൾ നിർദ്ദേശിക്കുന്നതിനു പകരം മുൻവർഷങ്ങളിൽ ചെയ്തതുപോലെ ആവർത്തനപരമായ പ്രോജക്ടുകൾ നിർദ്ദേശിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്സ് കൃത്യമായി പരിപാലിച്ചിട്ടില്ല.

സ്റ്റാന്റിംഗ് കമ്മറ്റികളിൽ വാർഷിക പദ്ധതി സംബന്ധിച്ച് വിശദമായ വിശകലനങ്ങൾ നടത്താതെ വർക്കിംഗ് ഗ്രൂപ്പുകളുടെ നിർദ്ദേശങ്ങൾ അതേപടി അംഗീകരിച്ചു. ഗ്രാമപഞ്ചായത്തിന്റെ വികസന ആവശ്യങ്ങൾ ക്രിയാത്മകമായി ചർച്ച ചെയ്ത് ഏറ്റവും ആവശ്യമുള്ളതും പ്രായോഗികവും അനുയോജ്യമായതുമായ പ്രോജക്ടുകൾ തിരഞ്ഞെടുക്കുന്നതിലും വിവിധ തലങ്ങളിലെ പ്രവർത്തനങ്ങൾ സർക്കാർ നിർദേശിച്ചിട്ടുള്ള പ്രകാരം നടത്തുന്നതിലുണ്ടാവുന്ന ജാഗ്രതക്കുറവ് പഞ്ചായത്തിന്റെ ആകെ വികസനത്തിനും പദ്ധതി സമയബന്ധിതവും കാര്യക്ഷമവുമായി നടത്തുന്നതിനും തടസമാവുന്നുണ്ട്. വാർഷിക പദ്ധതിയിൽ ഉൾപ്പടുത്തിയ പ്രോജക്ടുകൾ ഉപേക്ഷിക്കുന്നതും ഭേദഗതി ചെയ്യുന്നതും പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതും സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പരിഗണനയ്ക്ക് വരാതെയാണ്.

8.40 കോടി രൂപയുടെ 2020-21 വാർഷിക പദ്ധതിയിൽ കേവലം 5.16 കോടി രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ആവിഷ്കരിച്ച 210 പ്രോജക്ടുകളിൽ 67.14 ശതമാനം മാത്രമാണ് പൂർത്തീകരിച്ച് സമയബന്ധിതമായി ബില്ലുകൾ മാറുന്നതിന് സാധിച്ചിട്ടുള്ളത്. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ആവിഷ്കരിച്ചതും നടപ്പാക്കിയതുമായ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകളുടെ ശതമാനം | അടങ്കൽ (₹) | ചെലവ് (₹) | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 6 | 5 | 83.33 | 27,41,803 | 22,91,000 | 83.56 |
| വെറ്ററിനറി സർജൻ | 14 | 5 | 35.71 | 60,44,298 | 9,84,425 | 16.29 |

| | | | | | | |
|---|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ-എഫ്.എച്ച്.സി | 10 | 8 | 80 | 14,43,035 | 12,35,175 | 85.6 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 1 | 1 | 100 | 2,00,000 | 2,00,000 | 100 |
| മെഡിക്കൽ ഓഫീസർ-ആയുർവ്വേദം | 1 | 1 | 100 | 10,00,000 | 9,48,697 | 94.87 |
| വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 10 | 7 | 70 | 77,33,831 | 30,22,981 | 39.09 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 10 | 5 | 50 | 46,61,460 | 36,28,620 | 77.84 |
| സെക്രട്ടറി | 45 | 31 | 68.89 | 1,35,43,965 | 1,03,08,683 | 76.11 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 106 | 73 | 68.87 | 4,49,55,056 | 2,79,71,492 | 62.22 |
| ഹെഡ്മാസ്റ്റർ | 3 | 1 | 33.33 | 5,87,801 | 17,801 | 3.03 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 100 | 5,99,997 | 5,99,997 | 100 |
| അസിസ്റ്റന്റ് സെക്രട്ടറി | 3 | 3 | 100 | 5,14,000 | 4,87,245 | 94.79 |
| ആകെ | 210 | 141 | 67.14 | 8,40,25,246 | 5,16,96,116 | 61.52 |

പൊതു വിഭാഗത്തിൽ അംഗീകാരം ലഭിച്ച 185 പ്രോജക്ടുകളിൽ 122 എണ്ണം മാത്രമാണ് നടപ്പാക്കിയിട്ടുള്ളത്. ചെലവ് 60.77 ശതമാനം. പട്ടികജാതി വിഭാഗത്തിൽ 14 ൽ 10 പ്രോജക്ടുകളും പട്ടിക വർഗ്ഗ വിഭാഗത്തിൽ 19 ൽ 9 പ്രോജക്ടുകളുമാണ് നടപ്പാക്കുന്നതിന് സാധിച്ചത്. പട്ടികജാതി വിഭഗത്തിൽ ചെലവ് 66.55 ശതമാനവും പട്ടികവർഗ്ഗ വിഭാഗത്തിൽ ചെലവ് 74.87 ശതമാനവും മാത്രമാണ്.

വിവിധ മേഖലകളിൽ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ, നടപ്പാക്കിയ പ്രോജക്ടുകൾ, നീക്കിവച്ച തുക, ചെലവഴിച്ച തുക എന്നിവയുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| വിഭാഗം | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകളുടെ ശതമാനം | അടങ്കൽ (₹) | ചെലവ് (₹) | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| ഉല്പാദനം | 22 | 11 | 50 | 9446098 | 3875422 | 41.03 |
| സേവനം | 128 | 85 | 66.41 | 43799048 | 27448289 | 62.67 |
| പശ്ചാത്തലം | 60 | 45 | 75 | 30780100 | 20372405 | 66.19 |
| ആകെ | 210 | 141 | 67.14 | 84025246 | 51696116 | 61.52 |

വ്യക്തമായ കാരണങ്ങൾ രേഖപ്പെടുത്താതെ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മാത്രം 2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട 31 പ്രോജക്ടുകൾ ഒഴിവാക്കുകയും 41 പ്രോജക്ടുകൾ ഭേദഗതി ചെയ്യുകയും 25 പ്രോജക്ടുകൾ പുതുതായി ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഗ്രാമസഭയുടെ അംഗീകാരം തേടാതെയാണ് പുതിയ പ്രോജക്ടുകൾ ഏറ്റെടുത്തിട്ടുള്ളത്. 2020 മാർച്ചിൽ തന്നെ 2020-21 വാർഷിക പദ്ധതിയ്ക്ക് അംഗീകാരം ലഭിച്ചെങ്കിലും പദ്ധതി നിർവ്വഹണത്തിലെ വിവിധ ഘട്ടങ്ങളിൽ വരുന്ന കാലതാമസം കാരണമാണ് സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കുന്നതിന് സാധിക്കാതെ വരുന്നത്.

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 11994 | 1606814 | 1618808 | 1603206 | 15602 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 48251705 | 48251705 | 48251705 | 0 |

## 1-6 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 720 | 1 |
| വാർദ്ധക്യകാലപെൻഷൻ | 29863150 | 2240 |
| കർഷകതൊഴിലാളി പെൻഷൻ | 1776850 | 128 |
| വിധവാപെൻഷൻ | 7243800 | 492 |
| 50 വയസിനു മുകളിൽ പ്രായമായ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 544475 | 35 |
| വികലാംഗപെൻഷൻ | 2487900 | 158 |

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06.07.2022 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹1646/- ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണസംവിധാനം പൊതുവായി വിലയിരുത്തിയതിൽ ശ്രദ്ധയിൽപ്പെട്ട പ്രസക്ത വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഗ്രാമപഞ്ചായത്തിലെ ഉദ്യോഗസ്ഥ ഘടന

| തസ്തിക | അംഗബലം |
|---|---|
| സെക്രട്ടറി | 01 |
| അസി. സെക്രട്ടറി | 01 |
| ഹെഡ് ക്ലാർക്ക് | 01 |
| അക്കൗണ്ടന്റ് | 01 |
| സീനിയർ ക്ലാർക്ക് | 03 |
| ക്ലാർക്ക് | 03 |
| ഓഫീസ് അറ്റൻഡന്റ് | 01 |
| ഡ്രൈവർ | 01 |
| പാർട് ടൈം സ്വീപ്പർ | 01 |

- ഓഫീസ് ഉത്തരവ് മുഖേന ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകിയിട്ടുണ്ട്. കൃത്യമായ ഇടവേളകളിൽ ജോലി വിലയിരുത്തി മേൽനോട്ട ചുമതലയുള്ളവർ മോണിറ്ററിംഗ് നടത്തേണ്ടതാണ്.
- തനതു വരുമാനസ്രോതസുകൾ വളരെ പരിമിതമാണെങ്കിലും അവ പരമാവധി ചൂഷണം ചെയ്ത് വരുമാന വർദ്ധനവ് ഉറപ്പാക്കുന്ന നടപടികൾ ഫലപ്രദമായി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടില്ല.
- വരവിനങ്ങളുടെ നികുതി/ഫീസ് നിർണയം, ചുമത്തൽ, ഈടാക്കൽ നടപടിക്രമങ്ങളിൽ ഏറെ അപാകതകൾ സംഭവിച്ചിട്ടുള്ളത് ഈ റിപ്പോർട്ടിൽ അന്യത്ര ചേർത്തിട്ടുള്ളത് കാണുക.
- ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമാണ്. ഓരോ ദിവസവും ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി ഏൽപ്പിച്ച് നൽകുന്ന രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നുണ്ട്. ഓരോ ദിവസവും നൽകേണ്ട സേവനങ്ങളുടെ വിവരം രേഖപ്പെടുത്തുന്ന രജിസ്റ്റർ പരിപാലിക്കുന്നു.
- ഗ്രാമപഞ്ചായത്ത് 28.09.2020-ലാണ് ILGMS സോഫ്റ്റ് വെയറിലൂടെ ഭരണനിർവഹണം ആരംഭിച്ചത്. പുതിയ സംവിധാനം വിന്യസിച്ചതിലെ ബാലാരിഷ്ടതകൾ ഇപ്പോഴും പൂർണമായി പരിഹരിക്കപ്പെട്ടിട്ടില്ല. എല്ലാ

സേവനങ്ങളും ഒരു സോഫ്റ്റ്‌വെയറിൻ കീഴിലേക്ക് മാറുന്നുവെന്ന പ്രഖ്യാപിത ലക്ഷ്യം ഇപ്പോഴും സാധ്യമായിട്ടില്ല. വിവിധ സേവനങ്ങൾ ഏകോപിപ്പിക്കുന്നതിനായി IKM തയ്യാറാക്കിയിട്ടുള്ള 17 സോഫ്റ്റ്‌വെയറുകളിലെ കേവലം 03 എണ്ണം മാത്രമാണ് (സാംഖ്യ, സൂചിക, സിവിൽ രജിസ്ട്രേഷൻ) ILGMS വിന്യസിച്ച് രണ്ടു വർഷങ്ങൾക്കിപ്പുറവും ഭാഗികമായെങ്കിലും പ്രവർത്തനക്ഷമമായിട്ടുള്ളത്.

- ILGMS സോഫ്റ്റ് വെയർ പ്രവർത്തനങ്ങളിലെ സമഗ്രതയും കൃത്യതയും ഉറപ്പാക്കാൻ ഇപ്പോഴും കഴിഞ്ഞിട്ടില്ല. ഇതു സംബന്ധിച്ച പരാമർശങ്ങൾ ഈ റിപ്പോർട്ടിൽ പ്രത്യേകമായി ഉൾപ്പെടുത്തിയിട്ടുണ്ട്.
- സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സ്, ഗ്രാമസഭാ മിനിട്സ്, പഞ്ചായത്ത് കമ്മിറ്റി മിനിട്സ്, അക്വിറ്റൻസ് രജിസ്റ്റർ, വിവരാവകാശ രജിസ്റ്റർ, ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ എന്നിവ തൃപ്തികരമായി പരിപാലിക്കുന്നുണ്ട്. വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്സ് കൃത്യമായി പരിപാലിക്കുന്നില്ല.

മുൻകൂർ കൃത്യമായി രജിസ്റ്റർ പരിപാലിക്കുന്നില്ല. വാർഷിക കണക്കുകൾ പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർക്കുള്ള മുൻകൂർ, മറ്റുള്ളവർക്കുള്ള മുൻകൂർ, ഓണം മുൻകൂർ, തൊഴിലുറപ്പ് ഭരണചെലവുകൾക്കുള്ള മുൻകൂർ, എന്നിങ്ങനെ വിവിധ മുൻകൂറുകൾ നൽകിയിട്ടുണ്ട്. എന്നാൽ, രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

- ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായ രേഖപ്പെടുത്തലുകൾ നടത്തി പരിപാലിക്കുന്നില്ല. വർഷാവസാനം ഡി.സി.ബി തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. നിക്ഷേപങ്ങൾ തിരികെ നൽകുന്നത് വ്യക്തമായ രേഖപ്പെടുത്തലുകളും സാക്ഷ്യപ്പെടുത്തലും കൂടാതെയാണ്. അതിനാൽ വാർഷിക കണക്കുകളിലെ കൃത്യത പരിശോധിക്കുന്നതിനും തുകകളുടെ ആധികാരികത ഉറപ്പാക്കുന്നതിനും സാധിക്കുന്നില്ല.
- സ്റ്റോക്ക് രജിസ്റ്ററിൽ ബിൽ/വൗച്ചർ വിവരങ്ങൾ, പർച്ചേസ് ബിൽ വിവരങ്ങൾ, സ്പെസിഫിക്കേഷൻ, വാറണ്ടി, സ്റ്റോക്കിന്റെ മൂല്യം തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. സാമ്പത്തിക വർഷാവസാനം സ്റ്റോക്കുകളുടെ ഭൗതിക പരിശോധന നടത്തി പരിശോധന റിപ്പോർട്ട് രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
- കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ, മറ്റ് സ്ഥാപനങ്ങൾ, വകുപ്പുകൾ തുടങ്ങിയവ നൽകുന്ന പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ്, മിച്ചം വന്ന തുകയുടെ തിരിച്ചടവ് തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല. വിവിധ ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് വിശദാംശങ്ങൾ രേഖപ്പെടുത്താത്തതിനാൽ വാർഷിക കണക്കുകളിൽ കൊടുത്തിരിക്കുന്ന തുകകളുടെ കൃത്യത പരിശോധിക്കുന്നതിന് സാധിക്കുന്നില്ല.
- ടെണ്ടർ രജിസ്റ്റർ പരിപാലിക്കുന്നുണ്ടെങ്കിലും എല്ലാ കോളത്തിലും ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. ലഭിച്ച ടെണ്ടറുകളുടെ വിശദാംശങ്ങൾ, ഇ.എം.ഡി വിവരങ്ങൾ, ടെണ്ടർ ലഭിച്ചതും തുറന്നതുമായ തീയതികൾ, വിജയിയായ ടെണ്ടററുടെ വിവരങ്ങൾ എന്നിവ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
- എഗ്രിമെന്റ് രജിസ്റ്ററിലെ എല്ലാ കോളങ്ങളിലും രേഖപ്പെടുത്തൽ നടത്തി കാലികമാക്കുന്നില്ല. എസ്റ്റിമേറ്റ് തുക, പ്രോബബിൾ എമൗണ്ട് ഓഫ് കോൺട്രാക്ട്, സെക്യൂരിറ്റി നിക്ഷേപം, പിഴ, പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി തുടങ്ങിയ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
- പ്രതിമാസ അക്കൗണ്ടുകൾ പൊരുത്തപ്പെടുത്തൽ പത്രികകൾ സഹിതം കാലികമായി തയ്യാറാക്കി സൂക്ഷിക്കുന്നതിൽ വീഴ്ചയുണ്ട്. 2022 മാർച്ച് വരെയുള്ള വിവരങ്ങളാണ് തയ്യാറാക്കിയിട്ടുള്ളത്.
- പുതുതായി സൃഷ്ടിക്കുന്ന ആസ്തികളുടെ വിവരം ആസ്തി രജിസ്റ്ററുകളിൽ ഉൾപ്പെടുത്തുന്നില്ല. ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരം പരിപാലിക്കേണ്ടതാണ്.
- പ്രതിമാസ വരവ്-ചെലവ് കണക്ക് അംഗീകരിക്കുമ്പോൾ ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടെന്നും, ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലും, ബജറ്റ് പ്രൊവിഷന് അനുസൃതവുമായിട്ടാണ് തുകകൾ ചെലവഴിക്കപ്പെടുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പ് വരുത്തുന്നില്ല.
- സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതിന് കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും പഞ്ചായത്ത്

തയ്യാറാക്കിയിട്ടില്ല. വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് വാർഷാരംഭത്തിൽ തന്നെ നടത്തി സമാഹരണം നടത്തുവാൻ പ്രൊക്യുർമെന്റ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

- വാർഷിക പദ്ധതി നിർവഹണത്തിൽ വേണ്ടത്ര പുരോഗതിയും കാര്യക്ഷമതയും കൈവരിച്ചിട്ടില്ല. ഇതു സംബന്ധമായ പരാമർശങ്ങൾ ഈ റിപ്പോർട്ടിൽ പ്രത്യേകമായി ഉൾപ്പെടുത്തിയിട്ടുള്ളത് കാണുക.
- നൂതനമായ അനേകം പ്രോജക്റ്റുകൾ ആവിഷ്കരിക്കുന്നതിനും സബ്സിഡികൾ അനുവദിക്കുന്നതിനും പുതുക്കിയ പദ്ധതി മാർഗരേഖകളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും ആവർത്തന ശൈലിയിലുള്ള പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ ആസൂത്രണം ചെയ്യുന്നതിനാണ് ഓഡിറ്റ് വർഷവും ശ്രദ്ധ പതിപ്പിച്ചിട്ടുള്ളത്.
- പദ്ധതികളും ഗുണഭോക്താക്കളെയും നിർദ്ദേശിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നതല്ലാതെ തുടർ മോണിട്ടറിംഗ് സ്റ്റാൻഡിംഗ് കമ്മിറ്റികൾ നടത്തുന്നില്ല. പ്രോജക്ടുകളുടെ വിലയിരുത്തൽ നടത്തുന്നില്ല. വാർഷിക പദ്ധതിയുടെ നിർവ്വഹണ ഘട്ടത്തിൽ കാര്യക്ഷമമായ മോണിട്ടറിംഗ് സംവിധാനം നടപ്പിലാക്കുന്നില്ല. ഉത്പാദനമേഖലയിലെ വളരെ പരിമിതമായ ചെലവു ശതമാനം ഈ വസ്തുത ശരി വെയ്ക്കുന്നതാണ്.
- വാർഷിക പദ്ധതിക്കായി വകയിരുത്തുന്ന തുകകൾ സമയബന്ധിതവും കാര്യക്ഷമവുമായി വിനിയോഗിക്കുന്നതിൽ വീഴ്ച വന്നിട്ടുണ്ട്. പദ്ധതി നിർവഹണം വർഷാവസാനത്തേക്ക് കേന്ദ്രീകരിച്ചതിനാൽ ഗണ്യമായ തുക ട്രഷറി നിയന്ത്രണം മൂലം പിൻവലിക്കാൻ കഴിയാതെ വന്നത് പദ്ധതി നിർവഹണത്തിലെ വലിയ പാളിച്ചയായി.
- പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് തുക വകമാറ്റി ചെലവഴിച്ച സാഹചര്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.
- ക്ഷേമ പെൻഷൻ വിതരണത്തിൽ ഗുരുതരമായ ക്രമക്കേടുകൾ മൂലം ലക്ഷങ്ങളുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.

## 1-9 പ്രതിമാസ റിക്കൺസിലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 57 ൽ ബാങ്ക് ബുക്കുകളിലെ നീക്കിയിരിപ്പുകൾ ഓരോ മാസത്തിന്റെയും അവസാനം ലഭിക്കുന്ന ബാങ്ക്/ട്രഷറി അക്കൗണ്ട്സ് ബാലൻസ് സ്റ്റേറ്റുമെന്റുകളിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുത്തേണ്ടതാണെന്നും അടുത്ത മാസം 5-ാം തീയതിക്കകം അക്കൗണ്ടന്റ് ബാങ്ക്/ട്രഷറി പൊരുത്തപ്പെടുത്തൽ പത്രിക തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ചട്ടം 58-ൽ സാമ്പത്തിക വർഷ കാലയളവ് അവസാനിക്കുമ്പോൾ സ്വീകരിക്കേണ്ട നടപടികളും വിശദീകരിച്ചിട്ടുണ്ട്. എന്നാൽ, മേൽ നിർദേശങ്ങൾ പഞ്ചായത്ത് പാലിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ 2019 ഏപ്രിൽ മുതലുള്ള പ്രതിമാസ റിക്കൺസിലിയേഷനും 2019-20 സാമ്പത്തിക വർഷാവസാന റിക്കൺസിലിയേഷനും നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

## 1-9-1 ജേണൽ വൗച്ചറുകളെ സാധൂകരിക്കുന്ന രേഖകൾ പരിപാലിക്കുന്നില്ല

ജേണൽ വൗച്ചർ പ്രകാരം വാർഷിക കണക്കുകളിൽ ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ട്. എന്നാൽ, ജേണൽ വൗച്ചറുകൾ പ്രകാരം തുകകൾ ക്രമീകരിച്ചതിനെ സാധൂകരിക്കുന്ന അടിസ്ഥാന രേഖകളും രജിസ്റ്ററുകളും പരിപാലിക്കുന്നില്ല. ക്യാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽ ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ് (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 7). ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും ക്രമീകരിക്കുവാനും സഞ്ചയ

സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി. രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനവലായി പൊരുത്തപ്പെടുത്താനും മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക് ഷീറ്റുകൾ എന്നിവ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ജേണൽ വൗച്ചറുകൾ പ്രകാരം തുകകൾ ക്രമീകരിച്ചതിനെ സാധൂകരിക്കുന്ന അടിസ്ഥാന രേഖകളും രജിസ്റ്ററുകളും ഹാജരാക്കേണ്ടതാണ്.

### 1-9-2 നികുതി നികുതിയിതര വരുമാനങ്ങളുടെ ഡി.സി.ബി രജിസ്റ്ററുകൾ കൃത്യമായി പരിപാലിക്കുന്നില്ല

വാർഷിക കണക്കുകളിലെ വിവിധ നികുതി-നികുതിയിതര വരവുകളുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളെ സാധൂകരിക്കുന്ന ഡി.സി.ബി, കുടിശ്ശിക ഡി.സി.ബി രജിസ്റ്ററുകൾ ഗ്രാമപഞ്ചായത്തിൽ കൃത്യമായി പരിപാലിക്കുന്നില്ല. ഡി.സി.ബി, കുടിശ്ശിക ഡി.സി.ബി രജിസ്റ്ററുകളിൽ വർഷാവസാനം സാമ്പത്തിക വർഷത്തെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് വിവരങ്ങളുടെ സംക്ഷിപ്തം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്താത്തതിനാൽ വാർഷിക കണക്കുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന ഡി.സി.ബിയുടെ ആധികാരികത വ്യക്തമല്ല. ഡി.സി.ബി/കുടിശ്ശിക ഡി.സി.ബി രജിസ്റ്ററുകൾ സർക്കാർ നിർദേശങ്ങൾക്ക് പൂരകമായി പരിപാലിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

### 1-9-3 നികുതി നികുതിയിതര വരുമാനങ്ങളുടെ ഡിമാന്റ് വാർഷിക കണക്കുകളിൽ സ്ഥാസമയം രേഖപ്പെടുത്തുന്നില്ല

സാംഖ്യ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ സാമ്പത്തിക വർഷത്തിന്റെ ആരംഭത്തിൽ ചെയ്യേണ്ട പ്രവർത്തനങ്ങൾ ചെയ്തിട്ടില്ല എന്ന് കാണുന്നു. വിവിധ നികുതി-നികുതിയേതര വരുമാനങ്ങളുടെ ഡിമാന്റുകൾ സാമ്പത്തിക വർഷത്തിന്റെ ആദ്യ പ്രവൃത്തി ദിവസം തന്നെ ജേണൽ എൻട്രി ചെയ്യേണ്ടതാണ്. കൂടാതെ മുൻ വർഷാവസാനം പിരിഞ്ഞുകിട്ടുവാൻ അവശേഷിക്കുന്ന തുകകൾ കറന്റ് ഡിമാന്റിൽ നിന്നും മാറ്റി കുടിശ്ശിക ഡിമാന്റായി ജേണൽ എൻട്രി ചെയ്യേണ്ടതാണ്. എന്നാൽ, ഗ്രാമപഞ്ചായത്തിലെ വിവിധ നികുതി നികുതിയേതര വരുമാനങ്ങളുടെ 31.03.2020-ൽ പിരിഞ്ഞുകിട്ടുവാൻ അവശേഷിക്കുന്ന തുകകൾ കുടിശിക ഡിമാന്റിലേയ്ക്ക് ക്രമീകരിച്ചിട്ടുള്ളത് 2021 മാർച്ച് മാസമാണ്. സാംഖ്യയിൽ നിന്നും ILGMSലേയ്ക്ക പോർട്ട് ചെയ്ത 28.09.2020ലെ ഇൻകം & എക്സ്പെണ്ടിച്ചർ പത്രിക പരിശോധിച്ചതിൽ തൻവർഷ, കുടിശിക ഡിമാന്റ് രേഖപ്പെടുത്തിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു. 27.09.2020ലെ ബാലൻസ് ഷീറ്റിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

B-15 Sundry Debtors (Receivables)

| Code | Head | Amount (Rs.) |
|---|---|---|
| 431100101 | Receivables For Property Tax On Residential Buildings(Current) | -598,462.00 |
| 431100102 | Receivables For Property Tax On Residential Buildings (Arrears) | 314,581.00 |
| 431100103 | Receivables For Property Tax On Non-Residential Buildings (Current) | -527,911.00 |
| 431100104 | Receivables For Property Tax On Non-Residential Buildings (Arrears) | 168,880.00 |
| 431120101 | Receivables For Profession Tax - Institutions (Current) | -46,620.00 |
| 431120102 | Receivables For Profession Tax - Institutions (Arrears) | 0.00 |
| 431120105 | Receivables For Profession Tax - Traders (Current) | -111,820.00 |
| 431300101 | Receivables ForLicence Fees For Factories, Traders, Enterpreneuors And Other Services (Current) | -354,350.00 |
| 431300102 | Receivables For Licence Fees For Factories, Traders, Enterpreneuors And Other Services (Arrears) | -500.00 |
| 431400101 | Rent Receivables From Buildings(Current) | -86,512.00 |
| 431400102 | Rent Receivables From Buildings(Arrears) | 5,034.00 |
| 431400103 | Rent Receivables From Lease Of Lands(Current) | 0.00 |

| | | |
|---|---|---|
| 431400198 | Other Rents Receivables (Current) | -15,715.00 |
| 431500199 | Receivables Of Redemption | 0.00 |
| 431910101 | State Govt. Cesses/ Levies In Property Taxes - Control Account | -56,530.00 |
| | Total | -1,309,925.00 |

സാമ്പത്തിക വർഷം വരവുകൾ അസസ് ചെയ്ത് നികുതി നിർണ്ണയിക്കുന്ന അവസരത്തിൽ തന്നെ ജേണൽ എൻട്രി ചെയ്യേണ്ടതാണ്. നികുതി നിർണ്ണയിച്ച ജേണൽ എൻട്രി ചെയ്യാത്തതിനാൽ തൻവർഷത്തെ പുതിയ നികുതി, നികുതിയേതര വരുമാനങ്ങളെല്ലാം വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുവാൻ സാധിക്കുകയില്ല. സാമ്പത്തിക വർഷാരംഭത്തിലെ ഓപ്പണിംഗ് എൻട്രികൾ നടത്തുന്നതിനും അസസ്സ് ചെയ്യുന്ന അവസരത്തിൽ തന്നെ ഡിമാന്റിൽ ചേർക്കുന്നതിനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

### 1-9-4 സാംഖ്യ - ILGMS ഇന്റഗ്രേഷൻ

28.09.2020-ലാണ് ഗ്രാമപഞ്ചായത്തിൽ ILGMS ആരംഭിച്ചത്. ILGMS ആരംഭിച്ച തിയതി വരെയുള്ള ഇടപാടുകൾ സാംഖ്യ സോഫ്റ്റ്‌വെയർ മുഖേനയാണ് നടപ്പാക്കിയത്. സാംഖ്യയിൽ നടത്തിയ ഇടപാടുകൾ Past Data Entry മുഖേന ILGMS ലേയ്ക്ക് പോർട്ട് ചെയ്തിട്ടുണ്ട് എന്നാൽ, 01.04.2022 മുതൽ ILGMSലേയ്ക്ക് പോർട്ട് ചെയ്ത ദിവസം വരെയുള്ള സാംഖ്യയിൽ നിന്നുമുള്ള ഇൻകം & എക്സ്പെൻഡിച്ചർ പത്രിക, റസിപ്റ്റ് & എക്സ്പെൻഡിച്ചർ പത്രിക, ആസ്തി ബാദ്ധ്യത പത്രിക എന്നിവയും ILGMSലെ പത്രികകളും തമ്മിൽ വ്യത്യാസമുണ്ട്.

സാംഖ്യ പ്രകാരവും ILGMS പ്രകാരവും 31.03.2020ലെ ആസ്തി-ബാദ്ധ്യത പത്രിക പ്രകാരവുമുള്ള വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ILGMS പ്രകാരം | | | | സാംഖ്യ പ്രകാരം | | | |
|---|---|---|---|---|---|---|---|
| കോഡ് നം | ഐറ്റം | ഷെഡ്യൂൾ നം | തുക | കോഡ് നം | ഐറ്റം | ഷെഡ്യൂൾ നം | തുക |
| 310000000 | Panchayat (General) Fund | B-1 | -10097732.55 | 310000000 | Panchayat (General) Fund | B-1 | -10233153 |
| 311000000 | Earmarked Funds | B-2 | | 311000000 | Earmarked Funds | B-2 | 121 |
| 312000000 | Reserves | B-3 | 47899593 | 312000000 | Reserves | B-3 | 4915786 |
| 320000000 | Grants, Funds And Contributions For Specific Purposes | B-4 | 4529025 | 320000000 | Grants, Funds And Contributions For Specific Purposes | B-4 | 18438089 |
| 330000000 | Secured Loans | B-5 | 53319411 | 330000000 | Secured Loans | B-5 | 29442727 |
| 340000000 | Deposits Received | B-7 | 1610192 | 340000000 | Deposits Received | B-7 | 362820 |
| 350000000 | Other Liabilities | B-9 | 578057.45 | 350000000 | Other Liabilities | B-9 | 2250988 |
| 410000000 | Fixed Assets | B-11 | 644376 | 410000000 | Fixed Assets | B-11 | 60442200 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 912236 | 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 12748727 | 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 64589317 | 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | |
| 416000000 | Accumulated Depreciation | B-11(a) | -28349314 | 416000000 | Accumulated Depreciation | B-11(a) | -11841589 |

| | | | | | | | |
|---|---|---|---|---|---|---|---|
| 420000000 | Investment –General Fund | B-12 | 541606 | 420000000 | Investment –General Fund | B-12 | |
| 430000000 | Stock In Hand (Inventories) | B-14 | 23587 | 430000000 | Stock In Hand (Inventories) | B-14 | |
| 431000000 | Sundry Debtors (Receivables) | B-15 | 261662 | 431000000 | Sundry Debtors (Receivables) | B-15 | 902585 |
| 440000000 | Pre-paid Expenses | B-16 | 53319411 | 440000000 | Pre-paid Expenses | B-16 | 29442727 |
| 450000000 | Cash And Bank Balance | B-17 | 11851670 | 450000000 | Cash And Bank Balance | B-17 | 9495008 |
| 460000000 | Loans, Advances And Deposits | B-18 | 1490733 | 460000000 | Loans, Advances And Deposits | B-18 | 971447 |

സാംഖ്യ പ്രകാരവും ILGMS പ്രകാരവും 01.04.2020 മുതൽ 27.09.2020 വരെയുള്ള റസിപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരമുള്ള വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ILGMS പ്രകാരം | | | | സാംഖ്യ പ്രകാരം | | | |
|---|---|---|---|---|---|---|---|
| കോഡ് നം | ഐറ്റം | ഷെഡ്യൂൾ നം | തുക | കോഡ് നം | ഐറ്റം | ഷെഡ്യൂൾ നം | തുക |
| 450000000 | Cash And Bank Balance | RP-40(a) | 9495008 | 450000000 | Cash And Bank Balance | RP-40(a) | 9495008 |
| 110000000 | Tax Revenue | RP-1 | 281300 | 110000000 | Tax Revenue | RP-1 | 281300 |
| 180000000 | Other Income | RP-10 | 16937 | 180000000 | Other Income | RP-10 | 16937 |
| 311000000 | Earmarked Funds | RP-28 | 10000 | 311000000 | Earmarked Funds | RP-29 | 10000 |
| 320000000 | Grants, Funds & Contributions For Specific Purposes | RP-30 | 5730405 | 320000000 | Grants, Funds & Contributions For Specific Purposes | RP-31 | 5147904 |
| 330000000 | Secured Loans | RP-31 | 1540000 | 330000000 | Secured Loans | RP-32 | 1540000 |
| 340000000 | Deposits Received | RP-33 | 671588 | 340000000 | Deposits Received | RP-34 | 671588 |
| 350000000 | Other Liabilities | RP-35 | 399341 | 350000000 | Other Liabilities | RP-36 | 981842 |
| 140000000 | Fees & User Charges | RP-4 | 267856 | 140000000 | Fees & User Charges | RP-4 | 267856 |
| 431000000 | Sundry Debtors (Receivables) | RP-45 | 513127 | 431000000 | Sundry Debtors (Receivables) | RP-43 | 513127 |
| 460000000 | Loans, Advances And Deposits | RP-49 | 1034705 | 460000000 | Loans, Advances And Deposits | RP-47 | 1034705 |
| 150000000 | Sale & Hire Charges | RP-5 | 60505 | 150000000 | Sale & Hire Charges | RP-5 | 60505 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 21495929 | 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 21495929 |
| 171000000 | Interest Earned | RP-9 | 4727 | 171000000 | Interest Earned | RP-9 | 4727 |
| TOTAL | | | 41521428 | | | | 41521428 |
| 210000000 | Establishment Expenses | RP-12 | 1447699 | 210000000 | Establishment Expenses | RP-11 | 1447699 |
| 220000000 | Administrative Expenses | RP-13 | 1015013 | 220000000 | Administrative Expenses | RP-12 | 1015013 |
| 230000000 | Operations & Maintenance | RP-14 | 8285863 | 230000000 | Operations & Maintenance | RP-13 | 867060 |

| | | | | | | | |
|---|---|---|---|---|---|---|---|
| 240000000 | Interest & Finance Charges | RP-15 | 20424 | 240000000 | Interest & Finance Charges | RP-14 | 20424 |
| 250000000 | Annual Plan - Revenue Expences (Productive Sector) | RP-16 | 1235543 | 250000000 | Decentralised Plan Programme-Productive Sector | RP-15 | 1088053 |
| 251000000 | Annual Plan - Revenue Expences (Service Sector) | RP-17 | 10787700 | 251000000 | Decentralised Plan Programme- Service Sector | RP-16 | 11658651 |
| 252000000 | Annual Plan - Revenue Expences (Infrastructure Sector) | RP-18 | 1244055 | 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 1586246 |
| 254000000 | State Sponsored Schemes | RP-19 | 3042927 | 254000000 | Expenditure Of Transferred Institutions-State Sponsored Schemes | RP-19 | 484000 |
| 260000000 | Grants, Contributions And Compensations From Own Fund | RP-21 | 1113705 | 260000000 | Grants, Contributions And Compensations From Own Fund | RP-212 | 100000 |
| 290000000 | Prior Period Item | RP-25 | -60427 | 280000000 | Prior Period Item | RP-26 | -60427 |
| 311000000 | Earmarked Funds | RP -28 | 6829 | 311000000 | Earmarked Funds | RP -29 | 6829 |
| 340000000 | Deposits Received | RP-33 | 12750 | 340000000 | Deposits Received | RP-34 | 12750 |
| 350000000 | Other Liabilities | RP-35 | 3380191 | 350000000 | Other Liabilities | RP-36 | 3113315 |
| 412000000 | Capital Work In Progress | RP-39 | | 412000000 | Capital Work In Progress | RP-40 | |
| 415000000 | Annual Plan - Capital Expenses (Infrastructure Sector) | 42 | 2701836 | | | | |
| 460000000 | Loans, Advances And Deposits | RP-49 | 941048 | 460000000 | Loans, Advances And Deposits | RP-47 | 941048 |
| 470000000 | Other Assets | RP-50 | 510847 | | | | |
| | | | | 253000000 | Decentralised Plan Programme-Project Not Included In Sector | RP-18 | 623714 |
| | | | | 255000000 | Maintanance Projects | RP-20 | 9132209 |
| | | | | 320000000 | Grants, Funds & Contributions For Specific Purposes | RP-31 | 266876 |
| | | | | 410000000 | Fixed Assets | RP-38 | 3382543 |
| 450000000 | Cash And Bank Balance | RP-40(b) | 5835425 | 450000000 | Cash And Bank Balance | RP-40(b) | 5835425 |
| TOTAL | | | 35686003 | | | | 35686003 |
| Grand Total | | | | 41521428 | | | 41521428 |

സാംഖ്യ പ്രകാരവും ILGMS പ്രകാരവും 01.04.2020 മുതൽ 27.09.2020 വരെയുള്ള ഇൻകം & എക്സ്പെണ്ടിച്ചർ പത്രിക

പ്രകാരമുള്ള വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ILGMS പ്രകാരം | | | | സാംഖ്യ പ്രകാരം | | | |
|---|---|---|---|---|---|---|---|
| കോഡ് നം | ഐറ്റം | ഷെഡ്യൂൾ നം | തുക | കോഡ് നം | ഐറ്റം | ഷെഡ്യൂൾ നം | തുക |
| 110000000 | Tax Revenue | I-1 | 377870 | 110000000 | Tax Revenue | I-1 | 377870 |
| 130000000 | Rental Income From Panchayat Properties | I-3 | | 130000000 | Rental Income From Panchayat Properties | I-3 | |
| 140000000 | Fees & User Charges | I-4 | 404806 | 140000000 | Fees & User Charges | I-4 (B) | 404806 |
| 150000000 | Sales & Hire Charges | I-5 | 60505 | 150000000 | Sales & Hire Charges | I-5 (B) | 60505 |
| 160000000 | Revenue Grants, Contributions & Compensation | I-6 | 21495929 | 160000000 | Revenue Grants, Contributions & Compensation | I-6 | 21495929 |
| 171000000 | Interest Earned | I-8 | 4727 | 171000000 | Interest Earned | I-8 | 4727 |
| 180000000 | Other Income | I-9 | 16937 | 180000000 | Other Income | I-9 | 16937 |
| 210000000 | Establishment Expenses | I-10 | 4342063 | 210000000 | Establishment Expenses | I-10 (B) | 4342063 |
| 220000000 | Administrative Expenses | I-11 | 1025011 | 220000000 | Administrative Expenses | I-11 (B) | 1015013 |
| 230000000 | Operations & Maintenance | I-12 | 8285863 | 230000000 | Operations & Maintenance | I-12 (B) | 867060 |
| 240000000 | Interest & Finance Charges | I-13 | 20424 | 240000000 | Interest & Finance Charges | I-13 | 20424 |
| 250000000 | Decentralised Plan Programme - Productive Sector | I-14 | 1088053 | 250000000 | Decentralised Plan Programme - Productive Sector | I-14 | 1088053 |
| 251000000 | Decentralised Plan Programme - Service Sector | I-14(A) | 10935190 | 251000000 | Decentralised Plan Programme - Service Sector | I-14(a) | 11658651 |
| 252000000 | Decentralised Plan Programme - Infrastructure Sector | I-14(B) | 1244055 | 252000000 | Decentralised Plan Programme - Infrastructure Sector | I-14(b) | 1586246 |
| 253000000 | Decentralised Plan Programme - Projects Not Included In Sector Division | I-14(C) | 1013705 | 253000000 | Decentralised Plan Programme - Projects Not Included In Sector Division | I-14(c) | 623714 |
| 254000000 | Expenditure Of Transferred Institutions And State Sponsored Schemes | I-14(D) | 3042927 | 254000000 | Expenditure Of Transferred Institutions And State Sponsored Schemes | I-14(d) | 484000 |
| 255000000 | Maintenance Projects | I-14(E) | 0 | 255000000 | Maintenance Projects | I-14(e) | 9132209 |
| 260000000 | Grants, Contributions And Compensations From Own Fund | I-15 | 100000 | 290000000 | Grants, Contributions And Compensations From Own Fund | I-15 | 100000 |

സാംഖ്യ പ്രകാരവും ILGMS പ്രകാരവും 27.09.2020ലെ ആസ്തി-ബാദ്ധ്യത പത്രിക പ്രകാരമുള്ള വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ILGMS പ്രകാരം | | | | സാംഖ്യ പ്രകാരം | | | |
|---|---|---|---|---|---|---|---|
| കോഡ് നം | ഐറ്റം | ഷെഡ്യൂൾ നം | തുക | കോഡ് നം | ഐറ്റം | ഷെഡ്യൂൾ നം | തുക |
| 310000000 | Panchayat (General) Fund | B-1 | -18374063 | 310000000 | Panchayat (General) Fund | B-1 | -18729385 |
| 311000000 | Earmarked Funds | B-2 | 554164 | 311000000 | Earmarked Funds | B-2 | 3292 |
| 312000000 | Reserves | B-3 | 62718527 | 312000000 | Reserves | B-3 | 49150786 |
| 320000000 | Grants, Funds And Contributions For Specific Purposes | B-4 | 11011969 | 320000000 | Grants, Funds And Contributions For Specific Purposes | B-4 | 23834147 |
| 330000000 | Secured Loans | B-5 | 30982727 | 330000000 | Secured Loans | B-5 | 30982727 |
| 331000000 | Unsecured Loans | B-6 | | 331000000 | Unsecured Loans | B-6 | |
| 340000000 | Deposits Received | B-7 | 1021658 | 340000000 | Deposits Received | B-7 | 1021658 |
| 341000000 | Deposit Works | B-8 | | 341000000 | Deposit Works | B-8 | |
| 350000000 | Other Liabilities | B-9 | 702345 | 350000000 | Other Liabilities | B-9 | 2558945 |
| 360000000 | Provisions | B-10 | | 360000000 | Provisions | B-10 | |
| 410000000 | Fixed Assets | B-11 | 979534 | 410000000 | Fixed Assets | B-11 | 63859726 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 71140 | 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 25731721 | 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 36872488 | 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | |
| 416000000 | Accumulated Depreciation | B-11(a) | -11841589 | 416000000 | Accumulated Depreciation | B-11(a) | 11841589 |
| 431000000 | Sundry Debtors (Receivables) | B-15 | 621341 | 431000000 | Sundry Debtors (Receivables) | B-15 | 621341 |
| 440000000 | Pre-paid Expenses | B-16 | 29442727 | 440000000 | Pre-paid Expenses | B-16 | 29442727 |
| 450000000 | Cash And Bank Balance | B-17 | 5835425 | 450000000 | Cash And Bank Balance | B-17 | 5835425 |
| 460000000 | Loans, Advances And Deposits | B-18 | 904540 | 460000000 | Loans, Advances And Deposits | B-18 | 904540 |

സാഖ്യയിൽ ഉൾപ്പെട്ട ആസ്തികൾ ILGMSലേയ്ക്ക് പോർട്ട് ചെയ്യപ്പോൾ ഉല്പാദനം, സേവനം, പശ്ചാത്തലം, മറ്റ് ആസ്തികൾ എന്നിങ്ങനെ തരംതിരിച്ചിട്ടുണ്ട്. ആസ്തികൾ തരംതിരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.

## 1-10 മാന്വൽ രസീത് ബുക്ക് സ്റ്റോക്ക് സൂക്ഷിപ്പിലും വിതരണത്തിലും അപാകതകൾ

ഗ്രാമപഞ്ചായത്ത് കാര്യാലയത്തിൽ വിവിധ വരവിനങ്ങളുടെ "Out Door Collection " നടത്തുന്നതിന് വാങ്ങി സൂക്ഷിച്ചിട്ടുള്ള മാന്വൽ രസീത് ബുക്കുകളുടെ സ്റ്റോക്ക് സൂക്ഷിപ്പ് , വിതരണം എന്നീ കാര്യങ്ങളിൽ അപാകതകൾ ഉള്ളതായി കണ്ടെത്തി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) രസീത് ബുക്കുകൾ വിതരണം നടത്തുമ്പോൾ എണ്ണൽ സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല.(ഉദാ. 9563, 9564, 9565)

2) ഉപയോഗിക്കാത്തതും വർഷാവസാനം ബാലൻസ് ഉള്ളതുമായ രസീത് ബുക്കുകൾ ക്യാൻസൽ ചെയ്ത് സൂക്ഷിച്ചിട്ടില്ല.(ഉദാ. 9563)

3) ക്യാൻസൽ ചെയ്യുന്ന മാന്വൽ രസീതുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. (ഉദാ.9559/83)

4) ILGMS വിന്യസിച്ച 28-09-2020 ന് ശേഷം വിതരണം ചെയ്ത താഴെ സൂചിപ്പിക്കുന്ന രസീതു ബുക്കുകൾ ILGMS ൽ വിതരണം നടത്തിയിട്ടില്ല.

| രസീത് നം. | വിതരണം ചെയ്ത തീയതി |
|---|---|
| 17067 മുതൽ 17070 | 09-10-2020 |
| 17071 | 23-02-2021 |
| 17072 | 03-03-2021 |
| 17073,17074 | 05-03-2021 |
| 17075 | 06-03-2021 |
| 17076 | 15-03-2021 |
| 9546 | 22-03-2021 |
| 9547 | 31-03-2021 |
| 9548 | 29-07-2021 |
| 9549 മുതൽ 9553 | 24-11-2021 |
| 9554 | 31-12-2021 |
| 9560,9561 | 08-03-2022 |

5) നിർവ്വഹണ ഉദ്യോഗസ്ഥർക്ക് അനുവദിക്കുന്ന രസീതു ബുക്കുകൾ ILGMS വഴി വിതരണം ചെയ്യുന്നില്ല.

6) ILGMS- ൽ വിതരണം ചെയ്ത 9555 മുതൽ 9559 വരെയുള്ള രസീതു ബുക്കുകൾ കാലാവധി കഴിഞ്ഞ ശേഷം ILGMS ൽ ക്ലോസ് ചെയ്തിട്ടില്ല.

7) ILGMS-ൽ മാന്വൽ രസീത് ബുക്കുകളുടെ സ്റ്റോക്ക് ഉൾപ്പെടുത്തിയിട്ടില്ല.

അപാകതകൾ പരിഹരിച്ച് വിവരമറിയിക്കേണ്ടതും ഭാവിയിൽ ആവർത്തിയ്ക്കാതിരിയ്ക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-11 വസ്തു നികുതി അനധികൃതമായി ഒഴിവാക്കി

ഗ്രാമപഞ്ചായത്തിലെ താഴെ സൂചിപ്പിക്കുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി തക്കതായ കാരണമില്ലാതെയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, ഭരണസമിതി എന്നിവയുടെ അനുമതിയില്ലാതെയും ഒഴിവാക്കിയതായി കാണുന്നു.

| ക്രമ നം. | ഉടമസ്ഥന്റെ വിവരം | വാർഡ്/കെട്ടിട നം. | വിസ്തീർണ്ണം(ച.മീ) |
|---|---|---|---|
| 1 | പെരുവന്താനം വില്ലേജ് ഓഫീസ് (തഹസിൽദാർ പീരുമേട്) | 2/10 | 104 |
| 3 | മാനേജർ,സെന്റ് ജോർജ്ജ് സ്കൂൾ | 5/118 | 30 |
| 6 | ചെയർമാൻ/പ്രസിഡന്റ് EDC | 8/275 | 35 |
| 7 | മദർസുപ്പീരിയർ, മാർത്തോമസ്ലീഹ ആശ്രമം | 10/292 | 12 |
| 8 | ഡയറക്ടർ KPMC ട്രസ്റ്റ് | 10/306,307,308,311, 315A | 188.32, 123.86, 18,44, 5.25 |
| 9 | മദർസുപ്പീരിയർ,ലിസക്സ് | 11/173 | 25 |

| | | | |
|---|---|---|---|
| | കാർമൽ കോൺവെന്റ് | | |
| 10 | ബ്രാഞ്ച്സെക്രട്ടറി,SNDP യോഗം | 11/347 | 30 |
| 11 | പോസ്റ്റ് മാസ്റ്റർ,പോസ്റ്റ് ഓഫീസ് | 2/11 | 108 |
| 12 | പോസ്റ്റ്മാസ്റ്റർ,ക്വാർട്ടേഴ്സ് | 2/12 | 108 |

പ്രസ്തുത നടപടിക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 5/15-07-2022 ) സമർപ്പിച്ച മറുപടിയിൽ വസ്തു നികുതി പുനഃസ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. നികുതി ഒഴിവാക്കിയതിന് വിശദീകരണം നൽകേണ്ടതും ഈ വിഷയത്തിലെ തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതുമാണ്.

## 1-12 ആയുർവേദ സുഖ ചികിത്സാ കേന്ദ്രത്തിന്റെ വസ്തു നികുതി കുറവായി ഈടാക്കിയതിനാൽ വൻ നഷ്ടം

ഗ്രാമപഞ്ചായത്തിന്റെ പത്താം വാർഡിൽ പാഞ്ചാലിമേടിനു സമീപം പ്രവർത്തിക്കുന്ന തോമസ് ഡൊമിനിക് ,എസ്കേപ്പേഡ് റിസോർട്സ് പ്രൈവറ്റ് ലിമിറ്റഡ് -എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള പ്രശസ്തമായ "പ്രകൃതിശക്തി" ആയുർവേദ സുഖ ചികിത്സാ കേന്ദ്രത്തിന്റെ താഴെ പരാമർശിക്കുന്ന കെട്ടിടങ്ങൾ ആശുപത്രി ഗണത്തിൽപ്പെടുത്തി കുറഞ്ഞ നിരക്കിൽ വസ്തു നികുതി ഈടാക്കിയതായി കാണുന്നു. ഗ്രാമപഞ്ചായത്ത് പുറപ്പെടുവിച്ച വസ്തുനികുതി പരിഷ്കരണ വിജ്ഞാപനപ്രകാരം "ആയുർവേദ സുഖ ചികിത്സാലയങ്ങൾക്ക്" ബാധകമായ നിരക്ക് ചതുരശ്ര മീറ്ററിന് ₹150/- യാണ്.

| ക്രമ നം. | വാർഡ്/കെട്ടിട നം. | വിസ്തീർണ്ണം(ച.മീ) | ചുമത്തേണ്ട നികുതി/ച.മീ. (₹150/- നിരക്കിൽ ) | ചുമത്തിയത്/ച.മീ. (₹8/-നിരക്കിൽ ) | നഷ്ടം ₹ |
|---|---|---|---|---|---|
| 1 | 10/411 | 132 | 19800 | 1056 | 18744 |
| 2 | 10/412 | 100.4 | 15060 | 804 | 14257 |
| 3 | 10/413 | 262.35 | 39353 | 2099 | 37254 |
| 4 | 10/414 | 54.73 | 8210 | 438 | 7772 |
| 5 | 10/415 | 54.73 | 8210 | 438 | 7772 |
| 6 | 10/416 | 54.73 | 8210 | 438 | 7772 |
| 7 | 10/417 | 54.73 | 8210 | 438 | 7772 |
| 8 | 10/418 | 54.73 | 8210 | 438 | 7772 |
| 9 | 10/419 | 52.89 | 7934 | 424 | 7510 |
| 10 | 10/420 | 52.89 | 7934 | 424 | 7510 |
| 11 | 10/421 | 52.89 | 7934 | 424 | 7510 |
| 12 | 10/422(ക്യാന്റീൻ) | 254.47 | 22903 (₹90/ച.മി.നിരക്കിൽ) | 2036 | 20867 |
| 13 | 10/423 | 52.89 | 7934 | 424 | 7510 |
| 14 | 10/424 | 52.89 | 7934 | 424 | 7510 |
| 15 | 10/422A | 117 | 17550 | 936 | 16614 |
| 16 | 10/422B | 49.02 | 7353 | 393 | 6961 |
| 17 | 10/422C | 49.02 | 7353 | 393 | 6961 |
| 18 | 10/422D | 49.02 | 7353 | 393 | 6961 |
| 19 | 10/422E | 49.02 | 7353 | 393 | 6961 |
| 20 | 10/422F | 49.02 | 7353 | 393 | 6961 |
| 21 | 10/422G | 49.02 | 7353 | 393 | 6961 |
| 22 | 10/422G | 49.02 | 7353 | 393 | 6961 |
| 23 | 10/422I | 49.02 | 7353 | 393 | 6961 |

| | | | | | |
|---|---|---|---|---|---|
| 24 | 10/422J | 49.02 | 7353 | 393 | 6961 |
| 25 | 10/422K | 258.75(G.F)<br>256.53(F.F) | 38813 | 2070 | 77293 |
| 26 | 10/422L | 49.02 | 7353 | 393 | 6961 |
| 27 | 10/412A1 | 43.37 | 6506 | 347 | 6159 |
| | ആകെ കുറവ് | | | | 337208 |

വസ്തു നികുതി കുറവായി ഈടാക്കിയതിനു വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (എൻക്വയറി നം.4/05-07-2022 ) ലഭ്യമാക്കിയ മറുപടിയിൽ വസ്തു നികുതി പരിഷ്കരിച്ച് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. വളരെ പരിമിതമായ തനത് വരുമാന സ്രോതസുകൾ മാത്രം കൈമുതലായുള്ള ഗ്രാമപഞ്ചായത്ത് ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്ന ഇത്തരം സ്ഥാപനങ്ങളുടെ കൃത്യമായ വിവരശേഖരണം പോലും നടത്താതെ വസ്തു നികുതി നിർണ്ണയിച്ച് നൽകിയ നടപടി ഒട്ടുംതന്നെ അംഗീകരിക്കാവുന്നതല്ല. നികുതി പുനർനിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കി ഓഡിറ്റിൽ വിവരമറിയിക്കേണ്ടതാണ്.

## 1-13 വസ്തു നികുതിയിൽ വൻകുടിശ്ശിക

2020-21 വാർഷിക ധനകാര്യപത്രിക അനുസരിച്ച് വസ്തു നികുതിയിൽ വൻകുടിശ്ശിക നിലനിന്നിരുന്നു. ധനകാര്യപത്രികയുടെ ബി-15 പത്രിക പ്രകാരം തന്നാണ്ട കുടിശ്ശിക ₹400,219/- യും മുൻവർഷക്കുടിശ്ശിക ₹781,701/-യും ഉൾപ്പെടെ ആകെ ₹11,81,920/- ആയിരുന്നു ഈയിനത്തിലെ കുടിശ്ശിക. വസ്തു നികുതിയിനത്തിലെ പ്രതിവർഷ ഡിമാന്റ് 18 ലക്ഷം രൂപ മാത്രമാണ്. വളരെ പരിമിതമായ വരുമാനസ്രോതസുകൾ മാത്രമാണ് ഗ്രാമപഞ്ചായത്തിന് കൈമുതലായുള്ളതെന്ന വസ്തുത നിലനിൽക്കെയാണ് നികുതി പിരിവിലെ ഇത്തരം ഉദാസീനതയെന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 243(1)-ാം വകുപ്പനുസരിച്ച്, ഡിമാന്റ് ചെയ്ത നികുതി 3 വർഷത്തിനകം പിരിച്ചെടുക്കാത്തപക്ഷം കാലഹരണപ്പെടുന്നതാണ്.

ഓഡിറ്റ് വേളയിൽ ഹാജരാക്കിയ കണക്കുകൾ പ്രകാരം വസ്തുനികുതിയിൽ 2012-13 മുതലുള്ള കുടിശ്ശികയുണ്ട്. ഓഡിറ്റ് തീയതിയിലും നിലനിൽക്കുന്ന നാലര ലക്ഷത്തിലധികം വരുന്ന കുടിശ്ശികയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| വർഷം | തുക₹ |
|---|---|
| 2012-13 | 98 |
| 2013-14 | 2634 |
| 2014-15 | 1351 |
| 2015-16 | 19178 |
| 2016-17 | 33046 |
| 2017-18 | 32429 |
| 2018-19 | 39606 |
| 2019-20 | 43293 |
| 2020-21 | 105360 |
| 2021-22 | 233595 |
| ആകെ | 460615 |

കുടിശ്ശികയായി സൂചിപ്പിച്ചിട്ടുള്ള ഗണ്യമായ ശതമാനം തുകയും ഇതിനോടകം കാലഹരണപ്പെട്ടതാണ്. തൻമൂലം നിയമപരമായ നടപടികളിലൂടെ പ്രസ്തുത തുകകൾ വസൂലാക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. ദീർഘനാളുകളായി നികുതി കുടിശ്ശിക വരുത്തിയ ആളുകൾക്കെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചതായി രേഖ സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിനുണ്ടാകുന്ന നികുതി നഷ്ടം പ്രസ്തുത കാലയളവിൽ ചുമതലയുള്ള സെക്രട്ടറി, സെക്ഷൻ ക്ലാർക്ക് എന്നിവരുടെ വ്യക്തിപരമായ ബാധ്യതായി പരിഗണിക്കുന്നതാണ്. കുടിശ്ശികയാവുന്ന തുകകൾ കുടിശ്ശിക ഡിമാന്റിൽ ഉൾപ്പെടുത്തി നടപടികൾ അവസാനിപ്പിക്കുന്ന പ്രവണത ഒട്ടുംതന്നെ ആശാസ്യമല്ല. നികുതി തുകകൾ കാലികമായി പിരിച്ചെടുക്കാൻ നിഷ്കർഷ ഉണ്ടാവേണ്ടതാണ്.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ സജീവ ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

1-14 തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന തിരുവിതാംകൂർ ദേവസ്വം ബോർഡ് വക വള്ളിയാങ്കാവ് ക്ഷേത്രത്തിലെ താഴെ സൂചിപ്പിക്കുന്ന ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം. | പേര് | തസ്തിക |
|---|---|---|
| 1 | സുനിൽ കുമാർ | അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ |
| 2 | ഉണ്ണിക്കൃഷ്ണ ശർമ്മ | ശാന്തി |
| 3 | ബി.എസ്.ഹരി ശർമ്മ | ശാന്തി |
| 4 | ബിജുമോൻ | വാച്ചർ |
| 5 | ഗോവിന്ദൻ | വാച്ചർ |
| 6 | ശരത്ത് | തസ്തിക വിവരം ലഭ്യമല്ല |
| 7 | ശിവൻകുട്ടി | തളി |

നിശ്ചിത സേവന-വേതന നിയമപ്രകാരം നിയമിക്കപ്പെട്ട പ്രസ്തുത ജീവനക്കാരുടെ തൊഴിൽ നികുതി ഒഴിവാക്കിയ നടപടി ക്രമപ്രകാരമുള്ളതല്ല. അത് ഡിമാന്റ് ചെയ്ത് ഈടാക്കി ഓഡിറ്റിൽ വിവരമറിയിക്കേണ്ടതാണ്.

തൊഴിൽനികുതിക്കുള്ള അർദ്ധവാർഷിക റിട്ടേണുകൾ സ്ഥാപനങ്ങൾ ഹാജരാക്കുന്ന വേളയിൽ ബോണസ്, ഉത്സവ ബത്ത, ലീവ് സറണ്ടർ ഉൾപ്പടെ പൂർണ്ണമായ വരുമാനം ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

1-15 വാടക പിരിവിലെ അപാകതകൾ

1. കാലോചിതമായി വർദ്ധിപ്പിക്കാതെയും ഇളവു നൽകിയുമുള്ള വാടക പിരിവ്

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതും പോസ്റ്റ് ഓഫീസ് പ്രവർത്തനത്തിന് വിട്ടുനൽകിയിട്ടുള്ളതുമായ താഴെ പരാമർശിക്കുന്ന കെട്ടിടങ്ങൾക്ക് വാടക വർഷങ്ങളായി വർദ്ധിപ്പിക്കുന്നില്ല. നാമമാത്രമായ തുകയാണ് വാടകയിനത്തിൽ ഈടാക്കി വരുന്നത്. കോവിഡ് കാലയളവിൽ ഇവയ്ക്ക് വാടകയിളവ് നൽകിയതായും കാണുന്നു.

| ക്രമ നം. | പോസ്റ്റോഫീസിന്റെ വിലാസം | വാർഡ്/കെട്ടിടം | പ്രതിമാസ വാടക | വാടക ഈടാക്കിയത്(₹) | വാടകയിൽ അനുവദിച്ച ഇളവ്(₹) |
|---|---|---|---|---|---|
| | പോസ്റ്റ് മാസ്റ്റർ, മുണ്ടക്കയം ഈസ്റ്റ് | 14/195 | 100 | 100 X 11=1100/- | 100/- |
| | പോസ്റ്റ് മാസ്റ്റർ, തെക്കേമല | 16/83B | 100 | 100 X 11=1100/- | 100/- |
| | ആകെ | | | | 200 |

2) നികുതിയിളവു നൽകിയ നടപടി ധനകാര്യപത്രികയിൽ പ്രതിഫലിച്ചിട്ടില്ല

കോവിഡ് മഹാമാരിയെത്തുടർന്നുള്ള സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിനായി കുത്തകക്കാർക്ക് വ്യാപാരം തടസ്സപ്പെട്ട കാലയളവിൽ വാടകയിളവ് അനുവദിച്ചിരുന്നു. എന്നാൽ ഇത്തരത്തിൽ ഡിമാന്റിൽ വന്ന കുറവ് കണക്കുകളിൽ പ്രതിഫലിപ്പിക്കുന്നതിനായി ധനകാര്യ പത്രികയിൽ ക്രമീകരണം നടത്തിയതായി കാണുന്നില്ല.

പ്രസ്തുത അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 2/തീ.04-07-2022) സമർപ്പിച്ച മറുപടിയിൽ പോസ്റ്റ് ഓഫീസിന്റെ വാടക പരിഷ്കരിക്കുന്നതിനും അവയ്ക്ക് അനുവദിച്ച വാടകയിളവ് പുനഃപരിശോധിക്കുന്നതിനും ധനകാര്യ പത്രികയിലെ അപാകതകൾ പരിഹരിക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പോസ്റ്റോഫീസിന് ഇളവ് ചെയ്തു നൽകിയ വാടക തിരികെ ഈടാക്കി വിവരമറിയിക്കേണ്ടതാണ്. വാടക വർദ്ധിപ്പിക്കുന്നതിനു വേണ്ട

നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.

1-16 ഈ-ടെൻഡർ ഫോം വില,നിരതദ്രവ്യം എന്നിവ ഗ്രാമപഞ്ചായത്തിന് കൈമാറി ലഭിച്ചിട്ടില്ല

അഞ്ചു ലക്ഷം രൂപയിലധികം അടങ്കലുള്ള കരാർ പ്രവൃത്തികൾ ഈ-ടെൻഡർ നടപടിക്രമങ്ങൾ പാലിച്ചാണ് നടപ്പാക്കേണ്ടതെന്ന് ധനകാര്യ വകുപ്പിന്റെ 30.4.2015-ലെ ജി.ഒ (പി) 1288/15 നമ്പർ ഉത്തരവിലൂടെ സർക്കാർ വ്യക്തമാക്കിയിരുന്നു. ഇതനുസരിച്ച് നടപ്പിലാക്കുന്ന മരാമത്ത് പ്രോജക്കുകളുടെ ടെണ്ടർ ഫോം വിലയും നിരതദ്രവ്യവും ഓൺലൈൻ പേയ്മെന്റ് സംവിധാനത്തിലൂടെ ജില്ലാപഞ്ചായത്തിലെ മരാമത്തു വിഭാഗം എക്സിക്യൂട്ടീവ് എൻജിനിയറുടെ അക്കൗണ്ടിലേക്കാണ് ഒടുക്കുന്നത്. ഗ്രാമപഞ്ചായത്ത് 2020-21 സാമ്പത്തിക വർഷം ഈ-ടെൻഡർ നടപടികളിലൂടെ 07 പ്രോജക്കുകൾ നടപ്പാക്കിയിട്ടുണ്ടെങ്കിലും പ്രസ്തുത തുകകൾ (ടെൻഡർ ഫോം വില + ടെൻഡർ വിജയിയായ കരാറുകാരന്റെ മാത്രം നിരതദ്രവ്യം) ഗ്രാമപഞ്ചായത്തിന് നാളിതുവരെ കൈമാറി ലഭിച്ചിട്ടില്ല. വിവിധ കരാറുകാർ ഈയിനങ്ങളിൽ ഒടുക്കിയ തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സാമ്പത്തികവർഷം | പ്രവൃത്തികളുടെ എണ്ണം | ഫോം വില ₹ |
|---|---|---|
| 2020-21 | 07 | 16322 |

ഗ്രാമപഞ്ചായത്തിന് അർഹതപ്പെട്ട പ്രസ്തുത തുക ലഭിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

1-17 മണിക്കൽ തിലകൻ സ്മാരക പാർക്ക് ആന്റ് ലെയ്ക്ക് വരുമാനസ്രോതസെന്ന നിലയിൽ പൂർണസജ്ജമായില്ല

പെരുവന്താനം ഗ്രാമപഞ്ചായത്തിലെ മണിക്കലിൽ ജനിച്ച് വളർന്ന പ്രസിദ്ധ സിനിമാതാരം പത്മശ്രീ തിലകന്റെ ഓർമ്മയ്ക്കായി TR&T കമ്പനി വിട്ടുനൽകിയ സ്ഥലത്ത് ഒരു പാർക്ക് നിർമിക്കുന്നതിനും, സമീപം ഒഴുകുന്ന തോട് ആഴം കൂട്ടി ജലസവാരിക്കു സജ്ജമാക്കുന്നതിനും ഗ്രാമപഞ്ചായത്ത് 13-ാം പഞ്ചവത്സര പദ്ധതി കാലയളവിൽ ലക്ഷ്യമിട്ടിരുന്നു. ഇതു പ്രകാരം പഞ്ചായത്ത് ഫണ്ട് വിനിയോഗിച്ച് ഒരു ടോയ്‌ലെറ്റ് കോപ്ലക്സ്, കോഫിഷോപ്പ് എന്നിവ നിർമ്മിച്ചു. തോട്ടിൽ ഒരു ചെക്ക് ഡാം നിർമിച്ച് ഇരുവശങ്ങളിലും സംരക്ഷണഭിത്തിയും ബോട്ട് ലാന്റിംഗ് ഏരിയയും നിർമ്മിക്കുന്ന വേല ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഫണ്ട് ഉപയോഗിച്ചും പൂർത്തീകരിച്ചു. അവയ്ക്കുവേണ്ടി ചെലഴിച്ച തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പൂർത്തീകരിച്ച നിർമ്മിതിയുടെ വിവരം | ചെലവഴിച്ച തുക₹ | ഫണ്ട് |
|---|---|---|---|
| 1 | ടോയ്‌ലെറ്റ് കോപ്ലക്സ്, കോഫിഷോപ്പ് | 30,29,893 | വികസന ഫണ്ട് |
| 2 | ചെക്ക് ഡാം നിർമ്മാണം | 15,82,918 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതി |
| 3 | സംരക്ഷണഭിത്തി, ബോട്ട് ലാന്റിംഗ് ഏരിയ | 29,18,500 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി |
| | നാളിതുവരെ ചെലവഴിച്ച തുക | 75,31,311 | |

ബോട്ടിംഗിനായി 02 പെഡൽ ബോട്ടുകളും ഒരു കുട്ടവഞ്ചിയും സ്പോൺസർഷിപ്പിലൂടെ സജ്ജമാക്കിയിട്ടുണ്ട്. ലെയ്ക്ക് പരിസരങ്ങളുടെ സുരക്ഷയ്ക്കായി ₹196000/- ചെലവഴിച്ച് നിരീക്ഷണ ക്യാമറാ സംവിധാനവും ഒരുക്കി. നിലവിൽ ബോട്ടിംഗ് നടത്തുന്നതിനും, ശുചിത്വ സമുച്ചയത്തിലെ കോഫി ബാർ പ്രവർത്തിപ്പിക്കുന്നതിനുമുള്ള കുത്തകാവകാശം ലേലം ചെയ്ത് നൽകിയിട്ടുണ്ട്. മുക്കാൽ കോടിയിലധികം രൂപ വിനിയോഗിച്ചു എങ്കിലും ഇതിൽ നിന്ന് ലഭിക്കുന്ന വരുമാനം പരിമിതമാണ്. ജനങ്ങളെ പൂർണ്ണതോതിൽ ആകർഷിക്കുന്നതിന് പാർക്കും, കളിക്കോപ്പുകളും, അലഞ്ഞുതിരിഞ്ഞു നടക്കുന്ന കാലികളെ പ്രതിരോധിക്കുന്നതിനായി സംരക്ഷണവേലിയും സ്ഥാപിക്കേണ്ടതാണ്. ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ പൂർണ്ണമാക്കി പാർക്കിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനുമായി വിഷയം വർക്കിംഗ് ഗ്രൂപ്പ്, ഭരണസമിതി എന്നിവരുടെ സജീവശ്രദ്ധയിൽ കൊണ്ടുവരുന്നു.

1-18 ശബരിമല സ്പെഷൽ ഗ്രാന്റ് വിനിയോഗിച്ച് മഴക്കാല പൂർവ ശുചീകരണം, പ്രോജക്ട് നടത്തിപ്പിൽ ഗുരുതര ക്രമക്കേടുകൾ

| | |
|---|---|
| പ്രോജക്ട് നം | എസ് 205/2021 (എസ് 221/2020 ) |
| പ്രോജക്ടിന്റെ പേര് | മൂഴിക്കൽ മുക്കുഴി ശുചീകരണം |
| വകയിരുത്തിയ തുക | ₹50000/- (തനതു ഫണ്ട് )<br>₹150000/- (ശബരിമല സ്പെഷ്യൽ ഗ്രാന്റ് )<br>ആകെ ₹200000/- |
| ചെലവഴിച്ച തുക | ₹55650/-വൗച്ചർ നമ്പർ. 52000375/26-8-2020 |
| | ₹15950/-വൗച്ചർ നമ്പർ.52000376/26-8-2020 |
| | ₹93450/-വൗച്ചർ നമ്പർ.52000377/26-8-2020 |
| ആകെ | ₹ 1,65,050 |

ശബരിമല മഹോത്സവത്തിനുശേഷം ഭക്തരുടെ സഞ്ചാരപാതയായ മുറിഞ്ഞപുഴ മുതൽ 34-ാംമൈൽ വരെയുള്ള പ്രദേശത്തെയും മൂഴിക്കൽ, മുക്കുഴി പ്രദേശത്തെയും മാലിന്യങ്ങൾ തരംതിരിച്ച് MCF-ലേക്ക് മാറ്റുന്നതിനും ജൈവ മാലിന്യങ്ങൾ ശേഖരിച്ച് സംസ്കരിക്കുന്നതിനുമാണ് പ്രസ്തുത പ്രോജക്ട് ആവിഷ്കരിച്ചത്. പ്രസ്തുത പ്രോജക്ട് നിർവഹണവുമായി ബന്ധപ്പെട്ട് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ശബരിമല മഹോത്സവ സീസൺ 2020 ജനുവരി മാസം 20-ന് അവസാനിച്ചുവെങ്കിലും പ്രസ്തുത പ്രോജക്ട് നിർവ്വഹണ ഘട്ടത്തിലേക്ക് കടന്നില്ല. ഈ തീയതിക്കുശേഷം രണ്ടുമാസങ്ങൾ കഴിഞ്ഞ് മാർച്ച് 25-നാണ് കോവിഡ് മഹാമാരിയെത്തുടർന്നുള്ള ആദ്യ ലോക്ക് ഡൗൺ പ്രാബല്യത്തിൽ വരുന്നത്. ശബരിമല സ്പെഷ്യൽ ഫണ്ട് 2019 നവംബർ മാസം തന്നെ ലഭ്യമായിരുന്നതാണ്. ശുചീകരണ പ്രോജക്ട് വാർഷിക പദ്ധതിയുടെ ഭാഗമാക്കിയിരുന്നതിനാൽ അത് മാർച്ച് 31-നകം പൂർത്തീകരിക്കേണ്ടത് അനിവാര്യമായിരുന്നു. പരിസര ശുചീകരണവും പരിസ്ഥിതി സംരക്ഷണവുമാണ് ലക്ഷ്യമിട്ടിരുന്നതെങ്കിൽ സാമ്പത്തികവർഷാവസാനം കഴിഞ്ഞ് വീണ്ടും രണ്ടു മാസം കൂടി പ്രോജക്ട് നിർവഹണത്തിന് കാത്തിരിക്കേണ്ട കാര്യം ഉണ്ടായിരുന്നില്ല. 2020 മെയ് 19 മുതൽ 23 വരെയുള്ള തീയതികളിൽ ശുചീകരണം നടന്നതായാണ് രേഖകളിൽ പരാമർശിക്കുന്നത്. ഇത്തരത്തിൽ 05 മാസത്തെ കാലതാമസത്തിന് കൃത്യമായ വിശദീകരണം ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ശബരിമല ഉത്സവശേഷമുള്ള ശുചീകരണമല്ല മറിച്ച് മഴക്കാല പൂർവ ശുചീകരണം മാത്രമാണ് നടന്നിട്ടുള്ളതെന്ന് സ്പഷ്ടമാണ്.

2. 05.05.2020-ലെ ഭരണസമിതി തീരുമാനത്തിലാണ് മഴക്കാല പൂർവ ശുചീകരണമെന്ന നിലയിൽ പ്രവർത്തനം നടത്താൻ നിശ്ചയിക്കപ്പെട്ടത് (തീരുമാന നം.3(1)). പ്രസ്തുത പരിപാടിക്ക് സർക്കാർ വാർഡൊന്നിന് ₹10000/- നിരക്കിൽ ശുചിത്വ മിഷൻ മുഖേന പ്രത്യേകമായി ഫണ്ട് അനുവദിക്കുന്നതിനാലും മഹോത്സവ സീസൺ കഴിഞ്ഞ് 05 മാസങ്ങൾ കഴിഞ്ഞതിനാലും ശബരിമല സ്പെഷ്യൽ ഫണ്ട് വിനിയോഗിക്കേണ്ട സാഹചര്യമുണ്ടായിരുന്നില്ല. ആകയാൽ പ്രസ്തുത പ്രോജക്ട് നിർവഹണത്തിനായി ശബരിമല സ്പെഷ്യൽ ഫണ്ട് വകമാറ്റി ചെലവഴിച്ചുവെന്നത് വ്യക്തമാണ്.

3. മഴക്കാല ശുചീകരണം നടത്തണമെന്ന മേൽ പരാമർശിത ഭരണസമിതി തീരുമാനമനുസരിച്ച് 07.05.2020-ൽ മൈക്ക് അനൗൺസ്മെന്റ്, ജെ.സി.ബി - ടിപ്പർ വാടക എന്നിവയ്ക്ക് ക്വട്ടേഷൻ ക്ഷണിച്ചു. ടിപ്പർ വാടകയ്ക്ക് ക്വട്ടേഷൻ സമർപ്പിച്ച വ്യക്തികളിൽ ഒരാൾ കിലോമീറ്റർ അടിസ്ഥാനപ്പെടുത്തിയും ഒരാൾ മണിക്കൂർ അടിസ്ഥാനപ്പെടുത്തിയുമാണ്. ഈ രീതിയിൽ വ്യത്യസ്ത രീതിയിൽ സമർപ്പിക്കപ്പെട്ട ക്വട്ടേഷനുകളിൽ ദൂരം അടിസ്ഥാനപ്പെടുത്തിയുള്ളതാണ് അംഗീകരിച്ചത്. (ഭരണസമിതിയുടെ തീരുമാന നം.1(10)/തീ.14.05.2020). അതിനു സ്വീകരിച്ച മാനദണ്ഡം വിശദീകരിക്കപ്പെട്ടിട്ടില്ല. ക്വട്ടേഷൻ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ക്വട്ടേഷൻ സമർപ്പിച്ച വ്യക്തി | സമർപ്പിച്ച നിരക്കുകൾ | |
|---|---|---|---|
| | | JCB | ടിപ്പർ |
| 1 | ശ്രീ. ബോബൻ വർക്കി, പാത്തിക്കൽ പാലൂർക്കാവ് | ₹1000/-മണിക്കൂർ | ₹100/കിലോമീറ്റർ |
| 2 | ശ്രീ. അഗസ്റ്റിൻ ജോർജ് ചിലമ്പുമ്മാക്കൽ പാലൂർക്കാവ് | ₹1250/-മണിക്കൂർ | ₹200/മണിക്കൂർ |

4. മൈക്ക് അനൗൺസ്മെന്റ്, ജെ.സി.ബി - ടിപ്പർ വാടക എന്നിവയ്ക്കാണ് സെക്രട്ടറി ക്വട്ടേഷൻ ക്ഷണിച്ചത്. എന്നാൽ ശുചീകരണത്തിന് അതിഥി തൊഴിലാളികളെ നിയോഗിച്ചതായി മസ്റ്റർ റോൾ തയ്യാറാക്കി തൊഴിലാളികളെ എത്തിച്ച വ്യക്തിയെന്ന് ചൂണ്ടിക്കാട്ടി ശ്രീ. പി.വി.ജെയിംസ് എന്ന വ്യക്തിക്ക് ₹54630/- അനുവദിച്ചിട്ടുണ്ട്. ബഹുജന പങ്കാളിത്തത്തോടെയാണ് മഴക്കാലപൂർവ ശുചീകരണ പരിപാടി ഏറ്റെടുക്കേണ്ടത്. തൊഴിലാളികളെ എത്തിക്കുന്നതുമായി ബന്ധപ്പെട്ട് ടിയാൻ ക്വട്ടേഷൻ സമർപ്പിച്ചതായും അത് അംഗീകരിച്ചതായും രേഖയില്ല. ഭരണസമിതി അനുവാദം നൽകാത്തതും അംഗീകരിക്കാത്തതുമായ ഒരു നടപടിയായിരിക്കെ 01.06.2020-ൽ ചേർന്ന ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ഭരണസമിതിക്ക് ശുപാർശ സമർപ്പിച്ചതും 08.06.20-ൽ ചേർന്ന ഭരണസമിതി പ്രസ്തുത വ്യക്തിക്ക് പ്രതിഫലം നൽകാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തിയതും ക്രമവിരുദ്ധമാണ്. കരാറുകാർ ആരുംതന്നെ ഗ്രമപഞ്ചായത്തുമായി കരാർ ചമച്ചിട്ടില്ലാത്ത വസ്തുതയും എടുത്തു പറയേണ്ടതാണ്.

5. വിവിധ വാർഡുകളിൽനിന്ന് 38 ലോഡ് മാലിന്യങ്ങൾ MCF-ലേക്ക് മാറ്റിയിട്ടുണ്ടെന്നാണ് വാർഡ് അംഗങ്ങൾ സാക്ഷ്യപ്പെടുത്തിയിട്ടുള്ളത്. (ആകെയുള്ള പതിനാല് അംഗങ്ങളിൽ 9, 13 വാർഡുകളിലെ അംഗങ്ങളുടെ സാക്ഷ്യപത്രം ഫയലിൽ സൂക്ഷിച്ചിട്ടില്ല. അവരൊഴികെയുള്ളവരുടെ സാക്ഷ്യപ്പെടുത്തലുകൾ പ്രകാരം). ഫയലിൽ സൂക്ഷിച്ചിട്ടുള്ള ടിപ്പറുകളുടെ ടിപ്പ് ഷീറ്റുകൾ പ്രകാരം 34.5 ടൺ മാലിന്യങ്ങൾ MCF-ൽ എത്തിച്ചതായാണ് കണക്ക് . 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ "എന്റെ നാട് ശുചിത്വ നാട് " എന്ന പ്രോജക്ട് പ്രകാരം (എസ്144/2019) 68 ലോഡ് മാലിന്യം സംഭരിച്ച് മണിക്കല്ലിലെ MCF-ൽ എത്തിച്ച് സംസ്കരിച്ചുവെന്ന് ചൂണ്ടിക്കാട്ടി ₹295018/- ചെലവഴിച്ചത് സംബന്ധിച്ച് പ്രസ്തുത വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 1-29 ആയി പരാമർശിച്ചിരുന്നു. വലിയ പട്ടണപ്രദേശങ്ങളൊന്നും പെരുവന്താനം ഗ്രാമപഞ്ചായത്തിലില്ല. 35-ാം മൈൽ, പെരുവന്താനം ജംഗ്ഷൻ, പുല്ലുപാറ, കണയങ്കവയൽ എന്നിവിടങ്ങളിൽ മാത്രമാണ് ഏതാനും വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത്. എന്റെ മാലിന്യം എന്റെ ഉത്തരവാദിത്തം എന്ന സർക്കാർ നയമനുസരിച്ച് ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കേണ്ടതും അജൈവമാലിന്യങ്ങൾ മാത്രം ഹരിതകർമസേനയ്ക്ക് യൂസർഫീ നൽകി കൈമാറേണ്ടതുമാണ്. മുൻവർഷം ഇത്ര ഭീമമായ അളവിൽ നീക്കിയതായിരിക്കെ ഒരു വർഷത്തിനിടയിൽ വീണ്ടും ഇത്രയധികം മാലിന്യം ഇവിടങ്ങളിൽ സംഭരിക്കപ്പെട്ടുവെന്നത് വിശ്വസനീയമല്ല. രണ്ടു വർഷത്തിനിടയിൽ ഇത്ര വലിയ അളവിൽ (നൂറു ലോഡിലധികം) സംഭരിക്കുവാൻ പര്യാപ്തമായ ഭൂവിസ്തൃതി MCF-നില്ലായെന്നതും പ്രത്യേകമായി വിലയിരുത്തേണ്ടതാണ്. ഹരിത കർമസേന MCF പരിസരത്ത് ശേഖരിച്ച് സൂക്ഷിച്ച തരം തിരിക്കാത്ത 4 ടൺ മാലിന്യം ക്ലീൻ കേരള കമ്പനി തൻവർഷം ഏറ്റെടുത്തതിന് ₹476357/- അവർ പ്രതിഫലം ആവശ്യപ്പെട്ട വസ്തുതയിൽ നിന്ന് യഥാർത്ഥത്തിൽ സംഭരിച്ച മാലിന്യത്തിന്റെ അളവ് നിർണ്ണയിക്കാവുന്നതേയുള്ളൂ. MCF -ന്റെ പ്രാദേശിക പരിശോധനയിൽ ഹരിത കർമസേനാംഗങ്ങൾ സംഭരിച്ച പ്ലാസ്റ്റിക് മാലിന്യങ്ങൾ ചാക്കുകളിലായി സൂക്ഷിച്ചിരിക്കുന്നതു മാത്രമാണ് കാണാൻ കഴിഞ്ഞിട്ടുള്ളത്. ഇതിൽനിന്നും യഥാർത്ഥത്തിൽ ഇത്രയധികം മാലിന്യങ്ങൾ നീക്കം ചെയ്യപ്പെട്ടിട്ടില്ലെന്ന് ഉറപ്പിക്കാവുന്നതാണ്.

6. വ്യാപകമായി മാലിന്യനീക്കം നടന്നുവെന്ന് തെളിയിക്കുന്ന രേഖകളൊന്നും ഫയലിൽ സൂക്ഷിച്ചിട്ടില്ല. പ്രവൃത്തി നടന്നുവെന്ന് സ്ഥാപിക്കുന്നതിന് ഫയലിൽ സൂക്ഷിച്ചിട്ടുള്ള ഫോട്ടോകളിൽ ഏതാനും നാട്ടുകാരുടെ നേതൃത്വത്തിൽ സർക്കാർ സ്ഥാപന പരിസരങ്ങളും, പുല്ലുപാറ ജംഗ്ഷൻ ഭാഗവും ഏതാനും ചെറിയ റോഡുകളുടെ വശങ്ങൾ ചപ്പു ചവറുകൾ പെറുക്കി ശുചീകരിക്കുന്ന കാഴ്ചയാണ് കാണുന്നത്. അതിഥി തൊഴിലാളികളെ നിയോഗിച്ചതും വ്യാപകമായ ടിപ്പർ, ജെ.സി.ബി ഉപയോഗം സാധൂകരിക്കുന്നതുമായ യാതൊരു ഫോട്ടോയും ഫയലിൽ ഇല്ല. ഒരു സ്ഥലത്ത് ഏതാനും ചാക്കുകളിൽ സംഭരിച്ച മാലിന്യത്തിന്റെയും അവ ടിപ്പർ ലോറിയിൽ കയറ്റുന്നതിന്റെയും വിവിധ കോണുകളിൽ നിന്നുള്ള ഫോട്ടോകൾ മാത്രമാണ് ഫയലിലുള്ളത്.

7. അതിഥി തൊഴിലാളികളെ ശുചീകരണത്തിന് ₹547 പ്രതിദിന നിരക്കിൽ നിയോഗിച്ചതായി സൂചിപ്പിച്ച് തയ്യാറാക്കിയ മസ്റ്റർ റോളുകളിലെ രേഖപ്പെടുത്തലുകളും വിവിധ വാർഡ് അംഗങ്ങളുടെ ജോലി സംബന്ധമായ സാക്ഷ്യപ്പെടുത്തലുകളും പൊരുത്തപ്പെടുന്നില്ല. എല്ലാ വാർഡുകളിലെയും അംഗങ്ങൾ ജോലി സാക്ഷ്യപ്പെടുത്തിയിട്ടില്ല. മസ്റ്റർ റോളിൽ പരാമർശിക്കുന്ന തൊഴിലാളികളുടെ എണ്ണവും സാക്ഷ്യപത്രത്തിൽ നൽകിയിട്ടുള്ള തൊഴിലാളികളുടെ എണ്ണവും വ്യത്യസ്തമാണ്. തൊഴിലാളികളുടെ എണ്ണമോ ചെയ്ത ജോലിയോ നിരീക്ഷിക്കാതെയാണ് സാക്ഷ്യപത്രം നൽകിയതെന്ന് ഇതിൽനിന്നും വ്യക്തമാണ്. 19.05.2020മുതൽ

23.05.2020 വരെയുള്ള തീയതികളിലാണ് 01, 02, വാർഡുകളിലെ ശുചീകരണം നടന്നതെന്ന് വാർഡ് അംഗങ്ങൾ സാക്ഷ്യപ്പെടുത്തിയിട്ടുള്ളപ്പോൾ മസ്റ്റർ റോൾ പ്രകാരം 24-ാം തീയതിയും തൊഴിലാളികളെ നിയോഗിച്ചതായാണ് രേഖപ്പെടുത്തൽ. ആകയാൽ ഫയലിൽ സൂക്ഷിച്ചിട്ടുള്ള സാക്ഷ്യപത്രങ്ങളുടെയും മസ്റ്റർ റോളുകളുടെയും ആധികാരികതയിൽ സംശയിക്കേണ്ട സാഹചര്യമാണുള്ളത്.വിവിധ വാർഡ് അംഗങ്ങൾ നൽകിയ സാക്ഷ്യപത്രങ്ങളുടെയും മസ്റ്റർ റോളുകളിലെ വിവരങ്ങളും ചുവടെ ചേർക്കുന്നു.

| വാർഡ് നം | വാർഡ് അംഗത്തിന്റെ പേര് | സാക്ഷ്യപത്രപ്രകാരം നിയോഗിക്കപ്പെട്ട തീയതികൾ, തൊഴിലാളികളുടെ എണ്ണം | മസ്റ്റർ റോൾ പ്രകാരമുള്ള തൊഴിലാളികളുടെ എണ്ണം, അവരെ നിയോഗിച്ച തീയതി | അഭിപ്രായക്കുറിപ്പുകൾ |
|---|---|---|---|---|
| 1 | സാലിഹ | 3 പേർ 19.05.2020, 20.05.2020 | 03 പേർ 19.05.2020-24.05.2020 | 1.2. വാർഡുകൾക്കായി ഒന്നിച്ച മസ്റ്റർ റോൾ തയ്യാറാക്കിയിരിക്കുന്നു. |
| 2 | മുഹമ്മദ് നിസ്സാർ പി.വൈ | 11 ജോലി, 19.05.2020, 20.05.2020 21.05.2020 22.05.2020 23.05.2020 | | സാക്ഷ്യപത്രത്തിൽ ആളുകളുടെ എണ്ണത്തിനു പകരം ജോലി എന്നാണ് ചേർത്തിരിക്കുന്നത് |
| 3 | പി.ഇ.വർക്കി | 05പേർ 19.05.2020-23.05.2020 | 05 പേർ 19.05.2020-23.052020 | 3,4 വാർഡുകൾക്കായി ഒന്നിച്ച മസ്റ്റർ റോൾ തയ്യാറാക്കിയിരിക്കുന്നു |
| 4 | മോളി ജോർജ് | 04 പേർ 19.05.2020, 20.05.2020 | | |
| 5 | കെ.പി.വിജയൻ | 07 പേർ 19.05.2020-23.05.2020 | 06 പേർ 19.05.2020-23.05.2020 | 5,6,7 വാർഡുകൾക്കായി ഒന്നിച്ച മസ്റ്റർ റോൾ തയ്യാറാക്കിയിരിക്കുന്നു |
| 6 | ജോസ് മാത്യു | 08 പേർ 19.05.2020-21.05.2020 | | |
| 7 | സാലിക്കുട്ടി ജോസഫ് | 06 പേർ 19.05.2020-23.05.2020 | | |
| 8 | ശ്യാമള മോഹൻ | 16 പേർ 19.05.2020-23.05.2020 | 06 പേർ 19.05.2020-23.05.2020 | 8,12,14 വാർഡുകൾക്കായി ഒന്നിച്ച മസ്റ്റർ റോൾ തയ്യാറാക്കിയിരിക്കുന്നു |
| 9 | സാക്ഷ്യപത്രം മസ്റ്റർ റോൾ എന്നിവ ഫയലിൽ ഇല്ല | | | |
| 10 | മിനി സുധാകരൻ | 9 പേർ 18.05.2020-20.05.2020 | മസ്റ്റർ റോൾ ഫയലിൽ ഇല്ല | - |
| 11 | മധു.വി.ജി | 03 പേർ 19.05.2020-22.05.2020 | 03 പേർ 19.05.2020-22.05.2020 | - |
| 12 | | സാക്ഷ്യപത്രം ഫയലിൽ ഇല്ല | 06 പേർ 19.05.2020-23.05.2020 | 8,12,14, വാർഡുകൾക്കായി ഒന്നിച്ച മസ്റ്റർ റോൾ തയ്യാറാക്കിയിരിക്കുന്നു |
| 13 | സാക്ഷ്യപത്രം മസ്റ്റർ റോൾ എന്നിവ ഫയലിൽ ഇല്ല | | | |
| 14 | ബിജുമോൻ.പി.ആർ | 12 പേർ 19.05.2020-23.05.2020 | 06 പേർ 19.05.2020-23.05.2020 | 8,12,14വാർഡുകൾക്കായി ഒന്നിച്ച മസ്റ്റർ റോൾ തയ്യാറാക്കിയിരിക്കുന്നു |

ശബരിമല സ്പെഷ്യൽ ഫണ്ട് വക മാറ്റി ചെലവഴിക്കപ്പെട്ടുവെന്നും ഉത്സവശേഷമുള്ള ശുചീകരണത്തിനു പകരം

മഴക്കാലപൂർവ ശുചീകരണം മാത്രമാണ് നടന്നതെന്നും മേൽ പരാമർശിത അപാകതകളിൽനിന്നും വ്യക്തമാണ്. എന്നാൽ പ്രസ്തുത പ്രോജക്ടിന്റെ നിർവഹണത്തിൽ ഗുരുതരമാ യ ക്രമക്കേടുകൾ നടന്നിട്ടുണ്ടെന്ന് സംശയിക്കേണ്ട സാഹചര്യമാണ് നിലനിൽക്കുന്നത്. നിജസ്ഥിതി വെളിവാകാൻ സംഗ്രമായ ഒരു അന്വേഷണം അനിവാര്യമാണ്. ആകയാൽ ഇതിനുവേണ്ടി ചെലവഴിച്ച ₹165050/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

വകുപ്പുതല പരിശോധനാവിഭാഗത്തിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രോജക്ടിലെ അപാകതകൾക്കുത്തരവാദിയായ സെക്രട്ടറിയെ പഞ്ചായത്ത് ഡയറക്ടർ 25.02.2021-ലെ PAN/2986/2021-DB(DP) നമ്പർ ഉത്തരവ് പ്രകാരം അന്വേഷണവിധേയമായി സസ്പെൻഡ് ചെയ്തിട്ടുണ്ട്. തുടർന്ന് ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ച് അന്വേഷണം പുരോഗമിക്കുകയാണ്. പ്രസ്തുത അപാകതകൾ കൂടി അന്വേഷണ വിധേയമാക്കേണ്ടതും അതിന്റെ തീർപ്പ് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-19 ആംബുലൻസ് വാങ്ങൽ -സമയബന്ധിതമായി നടപടികൾ സ്വീകരിക്കാതെ സർക്കാർ ഫണ്ട് പാഴാക്കി

പെരുവന്താനം ഗ്രാമപഞ്ചായത്തിലെ കുടുംബാരോഗ്യ കേന്ദ്രത്തിന് ആംബുലൻസ് വാങ്ങുവാൻ ബഹു.പീരുമേട് നിയോജകമണ്ഡലം എം എൽ എയുടെ 2018-2019 സാമ്പത്തിക വർഷത്തെ പ്രത്യേക വികസന നിധിയിൽ ഉൾപ്പെടുത്തി ₹670000/- അനുവദിച്ചിരുന്നതാണ്. (ഉത്തരവ് നം. D4-1688/2018-2019 /ADC/MLASDF (P-10/18-19/തീ.15/09/2018) ആ സമയത്ത് മേൽ തുകയ്ക്ക് GEM പോർട്ടലിൽ ആംബുലൻസ് ലഭ്യമായിരുന്നില്ല. ഈ സാഹചര്യത്തിൽ 30/04/2019 ൽ അംഗീകൃത ഡീലർമാരിൽനിന്നും ടെൻഡർ ക്ഷണിച്ചതനുസരിച്ച് പോപ്പുലർ വെഹിക്കിൾ & സർവീസ് ലിമിറ്റഡ് കോട്ടയം, ഇൻഡസ് മോട്ടേഴ്സ് കാഞ്ഞിരപ്പള്ളി എന്നീ സ്ഥാപനങ്ങൾ Maruthi EECO മോഡലിലുള്ള ആംബുലൻസിന് ടെൻഡർ സമർപ്പിച്ചു. ഇതിൽ കുറഞ്ഞ തുക രേഖപ്പെടുത്തിയ പോപ്പുലർ വെഹിക്കിൾ &സർവീസ് ലിമിറ്റഡിന്റെ ഇൻവോയിസ് 06/06/2019 -ലെ പഞ്ചായത്ത് കമ്മറ്റിയുടെ 5(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. തദനുസരണം എം.എൽ.എ ഫണ്ടിൽ നിന്നും വൗച്ചർ നം.2190410/തീ.27.08.2019 പ്രകാരം ₹11000/- ഒടുക്കി പ്രസ്തുത വാഹനം ബുക്ക് ചെയ്യുകയുണ്ടായി. ആംബുലൻസ് പെരുവന്താനം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ രജിസ്റ്റർ ചെയ്ത് നൽകുന്നതിന് പീരുമേട് റീജണൽ ട്രാൻസ്പോർട്ട് ഓഫീസർക്ക് 31/08/2019 ൽ കത്ത് നൽകിയിരുന്നതുമാണ്. 2020 ജനുവരി മാസം വാഹനം ലഭ്യമാണെന്ന് അറിയിച്ചെങ്കിലും ഭരണാനുമതിയുടെ കാലാവധി തീർന്നതിനാൽ വാങ്ങാൻ സാധിച്ചില്ല. തുടർന്ന് 2020-21-ൽ എം എൽ എ ഫണ്ട് ₹716500/- ആയി പുതുക്കി അനുവദിക്കപ്പെട്ടു. ഇടുക്കി അസിസ്റ്റന്റ് ഡവലപ്പ്മെൻറ് കമ്മീഷണർ 15/06/2020-ലെ D4-1099/2020-21/ADC/MLASDF(P-01/2021) നമ്പർ ഉത്തരവുപ്രകാരം ₹710229/- പഞ്ചായത്ത് സെക്രട്ടറി ആവശ്യപ്പെട്ടതനുസരിച്ച് മുൻകൂറായി അനുവദിക്കപ്പെട്ടിരുന്നതുമാണ്. 23/01/2021 ൽ ആംബുലൻസ് സ്റ്റോക്കിലെത്തിയെന്നും ബുക്കിംഗ് തുകയായ ₹11000/- യും കൺസ്യൂമർ ഓഫറായ ₹10000/-യും കുറച്ച് ബാക്കി തുകയായ ₹699290/- ഒടുക്കണമെന്നും വിതരണ സ്ഥാപനം അറിയിച്ചു. എന്നാൽ 01/02/2021 ലെ പഞ്ചായത്ത് കമ്മറ്റിയിൽ മേൽ നടപടി ക്രമങ്ങളെല്ലാം തെറ്റാണെന്നും ആ രീതിയിൽ വാഹനം വാങ്ങിയാൽ ജനപ്രതിനിധികൾ ഉൾപ്പടെയുള്ളവർക്ക് ബാദ്ധ്യത വരുമെന്നും സെക്രട്ടറി യോഗത്തിൽ ജനപ്രതിനിധികളെ അറിയിച്ചു. തുടർന്ന് 23.02.2021, 20.03.2021 എന്നീ തീയതികളിൽ ചേർന്ന ഭരണസമിതി യോഗം വിഷയം ചർച്ച ചെയ്തെങ്കിലും വാഹനം വാങ്ങുന്നതിൽ സമവായമുണ്ടായില്ല. ആകയാൽ അനുവദിക്കപ്പെട്ട തുക തിരികെ ഒടുക്കി നടപടി അവസാനിപ്പിക്കാനാണ് തീരുമാനമായത്. തുക ചെലവഴിക്കാത്തതിനാൽ തിരിച്ചടക്കണമെന്ന് 27-3-2021-ൽ കളക്ടേറ്ററിൽ നിന്നും നിർദ്ദേശം ലഭിച്ചതിനാൽ വൗച്ചർ നമ്പർ 22000357/31-3-2021 പ്രകാരം ₹710229/- തിരിച്ചടച്ചു.

പ്രോജക്ടിനുവേണ്ടി തുക അനുവദിച്ച് 02 വാർഷിക പദ്ധതികളുടെ കാലയളവ് നിർവഹണത്തിനായി ലഭിച്ചിട്ടും അവസാന നിമിഷം സാങ്കേതികത്വം ചൂണ്ടിക്കാട്ടി പദ്ധതിത്തുക പാഴാക്കിയ സെക്രട്ടറിയുടെ നടപടി അംഗീകരിക്കാവുന്നതല്ല. കാര്യനിർവഹണ ഉദ്യോഗസ്ഥനെന്ന നിലയിൽ പ്രോജക്ടിന്റെ നിർവഹണത്തിലെ എല്ലാ നിയമവശങ്ങളും പരിശോധിക്കേണ്ടതും വേണ്ട സമയത്ത് ഭരണസമിതിക്ക് ഉപദേശം നൽകുകയും ചെയ്യുക എന്നതും സെക്രട്ടറിയുടെ നിയമപരമായ ചുമതലയാണ്. GEM ഒഴിവാക്കി വാങ്ങൽ നടത്തുന്നതുമായി ബന്ധപ്പെട്ട് സാങ്കേതിക തടസ്സമെന്തെങ്കിലുമുണ്ടായിരുന്നുവെങ്കിൽ വിവിധ തലങ്ങളിലെ ക്ഷമതയുള്ള അധികാര

സ്ഥാനങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തി നിവൃത്തി തേടാൻ അദ്ദേഹത്തിന് രണ്ടു വർഷത്തെ സമയം ലഭിച്ചിട്ടും തുക പാഴാക്കിയ നടപടി അംഗീകരിക്കാവുന്നതല്ല. 2018-19-ൽ ലഭിച്ച തുക പാഴാക്കിയതിനു ശേഷമാണ് 2020-21-ൽ വീണ്ടും അലോട്ട്മെന്റ് ലഭിച്ചതെന്നതും ടെൻഡർ നടപടികളിലൂടെ ഇതേ വാഹനം മറ്റൊരു തദ്ദേശസ്വയംഭരണസ്ഥാപനം വാങ്ങിയതുമായ വസ്തുതകൾ ഇതോടു ചേർത്ത് കാണേണ്ടതാണ്. ടെൻഡർ പരസ്യ പ്രസിദ്ധീകരണത്തിനായി ഗണ്യമായ തുക ചെലഴിക്കപ്പെട്ട കാര്യവും ശ്രദ്ധിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ ജനസംഖ്യയിലെ ബഹു ഭൂരിപക്ഷമായ കർഷകരും കർഷകത്തൊഴിലാളികളും ഏറെ പ്രതീക്ഷയോടെ ആശ്രയിക്കുന്ന ആതുരാലയത്തിന്റെ അടിസ്ഥാനസൗകര്യ വർദ്ധനവിനും മെച്ചപ്പെട്ട ചികിത്സാ സൗകര്യം ഉറപ്പാക്കുന്നതിനും ലഭിച്ച പൊതുപ്പണം പാഴാക്കിയത് ഉത്തരവാദപ്പെട്ട ഒരു തദ്ദേശഭരണസ്ഥാപനത്തിനുചേർന്ന നടപടിയായില്ലായെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു. വാഹനം ബുക്കു ചെയ്യാൻ ഒടുക്കിയ തുക വിതരണ ഏജൻസിയിൽനിന്ന് തിരികെ ഈടാക്കി സർക്കാരിലേക്ക് ഒടുക്കേണ്ടതും സാധിക്കാതെ വരുന്നപക്ഷം പ്രോജക്ട് യഥാസമയം നടപ്പാക്കുന്നതിൽ പരാജയപ്പെട്ട സെക്രട്ടറിയിൽ നിന്ന് ടി തുക ഈടാക്കേണ്ടതുമാണ്.

## 1-20 പ്രോജക്ടിൽ വിഭാവനം ചെയ്യാതെ മാസ്കും സർക്കാർ നിർദേശങ്ങൾക്ക് വിരുദ്ധമായി തുണിസഞ്ചിയും വിതരണം

ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി തൻവർഷം നടപ്പാക്കിയ പ്രോജക്ട് പ്രകാരം(എസ്019/21 ) വിവിധ വാർഡുകളിലുള്ള വീടുകളിൽ തുണി സഞ്ചികൾ , കോട്ടൺ മാസ്ക് എന്നിവ വിതരണം ചെയ്യുന്നതിന് തുക ചെലവഴിച്ചിട്ടുണ്ട്. സർക്കാർ നിർദേശങ്ങൾക്ക് വിരുദ്ധമായി ഏറ്റെടുത്ത പ്രസ്തുത പ്രോജക്ട് പ്രകാരം 5000 കോട്ടൻ സഞ്ചികൾ വാങ്ങിയതിന് ₹225000/-യും പ്രോജക്ടിൽ വിഭാവനം ചെയ്യാതെ 25000 കോട്ടൻ മാസ്കുകൾ വാങ്ങിയതിന് ₹250000/-യും ചെലവഴിക്കുകയുണ്ടായി. പ്രോജക്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ പേര് | അടങ്കൽ (₹) | ചെക്ക്/ബിൽ നം./തിയതി | ഫണ്ട് | തുക (₹) | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|---|
| തുണിസഞ്ചി വിതരണം (19/2021) | 490000 | 20100252014400559307/ 30.09.2020 | ധനകാര്യകമ്മീഷൻ ഗ്രാന്റ്-ടൈഡ് | 250000 | സെക്രട്ടറി |
| | | 20100252014400559310/ 30.09.2020 | ധനകാര്യകമ്മീഷൻ ഗ്രാന്റ്-ടൈഡ് | 225000 | |

പ്രോജക്ട് നിർവഹണത്തിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. പ്രോജക്ടിൽ വിഭാവനം ചെയ്യാത്ത ഇനം വാങ്ങി

പ്രോജക്ട് റിപ്പോർട്ട് പരിശോധിച്ചതിൽ 4900 തുണിസഞ്ചികൾ വിതരണം ചെയ്യുന്നതിനാണ് പദ്ധതി തയ്യാറാക്കിയത്. മാസ്ക് വാങ്ങുന്നത് സംബന്ധിച്ച് പ്രോജക്ടിൽ പരാമർശിച്ചിട്ടില്ല. 2020-21 സാമ്പത്തിക വർഷത്തെ പ്രോജക്ടുകളുടെ കരട് പദ്ധതിരേഖയിലും ഗ്രാമപഞ്ചായത്ത് കമ്മിറ്റി 04.03.2020ലെ 1-1 തീരുമാനപ്രകാരം അംഗീകരിച്ച അന്തിമപദ്ധതിരേഖയിലും തുണിസഞ്ചി വിതരണം ചെയ്യുന്നതിനാണ് പ്രോജക്ട് വിഭാവനം ചെയ്തിട്ടുള്ളത്. 07.07.2020ലെ 1-1 തീരുമാനപ്രകാരം പ്രോജക്ടിന്റെ വിഭവശ്രോതസ് ധനകാര്യകമ്മീഷൻ-ടൈഡ് ഗ്രാന്റ് ആയി മാറ്റുക മാത്രമാണ് ചെയ്തിട്ടുള്ളത്. പ്രോജക്ട് റിവൈസ് ചെയ്തിട്ടുണ്ടെങ്കിൽ പുതുക്കിയ പ്രോജക്ട് റിപ്പോർട്ട് പരിശോധനക്ക് ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 21.04.2020-ലെ 6-3 തീരുമാനപ്രകാരം കോവിഡ്-19 നിർവ്യാപനത്തിന്റെ ഭാഗമായി മാസ്കുകൾ കുടുംബശ്രീ യൂണിറ്റ് മുഖേന വാങ്ങി നൽകുന്നതിനും മാസ്കിനാവശ്യമായ സാധനസാമഗ്രികൾ കുടുംബശ്രീ യൂണിറ്റിന് വാങ്ങി നൽകുന്നതിനും സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരുന്നു. കൂടാതെ, 08.06.2020ലെ 5-7 തീരുമാനപ്രകാരം കോവിഡ്-19 വ്യാപിച്ചു വരുന്ന സാഹചര്യത്തിൽ ഗ്രാമപഞ്ചായത്തിൽ വിതരണം ചെയ്യുന്നതിന് അനുഗ്രഹ കുടുംബശ്രീ യൂണിറ്റ് മുഖേന തുണിമാസ്കുകൾ നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. എന്നാൽ, മേൽ തീരുമാനങ്ങൾ നിലനിൽക്കെയാണ് മാസ്ക് വാങ്ങുന്നതിന് ടെണ്ടർ ക്ഷണിച്ചത്.

തുണിമാസ്ക് വാങ്ങുന്നതിന് 06.08.2020-ൽ എ-4/19/20-21 നമ്പർ നോട്ടീസ് പ്രകാരം ടെണ്ടർ ക്ഷണിക്കുകയും കുറഞ്ഞ തുക ക്വോട്ട് ചെയ്ത വിഎസ്. ആപ്സ് ഇന്ററാക്ടീവ് ടെക്നോളജീസ്, പനമ്പള്ളിനഗർ എന്ന

സ്ഥാപനത്തിന്റെ ടെണ്ടർ 14.08.2020ലെ 1-4 തീരുമാനപ്രകാരം അംഗീകരിക്കുകയും ചെയ്തു. 25000 കോട്ടൻ മാസ്കുകൾ മെമ്പർമാർ മുഖേന വീടുകളിൽ വിതരണം ചെയ്തിട്ടുള്ളതിനാൽ അതിന്റെ വിലയായ ₹250000/- നൽകാൻ ഭരണസമിതി ചുമതലപ്പെടുത്തിയതിന്റെ (24.08.2020ലെ 1-4 നമ്പർ തീരുമാനം) അടിസ്ഥാനത്തിൽ തുക പിൻവലിച്ച് സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. എന്നാൽ, കമ്മിറ്റി തീരുമാനമല്ലാതെ മാസ്കുകൾ വിതരണം ചെയ്തതിന്റെ മറ്റ് രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

അംഗീകരിച്ച പ്രോജക്ടിന് വിഭിന്നമായി സാധനങ്ങൾ വാങ്ങിയത് ക്രമവിരുദ്ധമാണ്. പ്രോജക്ടിലെ അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.10/07.07.2022) വിശദീകരണം ലഭ്യമാക്കിയിട്ടില്ല. വിതരണ വിശദാംശങ്ങളുടെ അഭാവത്തിൽ മാസ്ക് വാങ്ങുന്നതിന് ചെലവഴിച്ച ₹250000/- ഓഡിറ്റിൽ നിരാകരിക്കുന്നു. ടെണ്ടർ അംഗീകരിച്ച ഭരണസമിതി അംഗങ്ങളിൽ നിന്നും സെക്രട്ടറിയിൽ നിന്നും തിരികെ ഇടാക്കേണ്ടതാണ്. അല്ലാത്തപക്ഷം ഭരണസമിതിയുടെയും സെക്രട്ടറിയുടെയും ബാദ്ധ്യതയായി കണക്കാക്കി 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 13, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20 എന്നിവ പ്രകാരമുള്ള നടപടികളിലൂടെ തുക ഈടാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

2. സർക്കാർ മാർഗ്ഗനിർദേശങ്ങൾക്ക് വിരുദ്ധമായി തുണിസഞ്ചി വിതരണം

തുണിസഞ്ചി വാങ്ങുന്നതിന് 06.08.2020-ൽ എ-4/19/20-21 നോട്ടീസ് പ്രകാരം ടെണ്ടർ ക്ഷണിക്കുകയും കുറഞ്ഞ തുക ക്വോട്ട് ചെയ്ത ലീൻ കോട്ടൻ ബാഗ്സ്, പാറത്തോട് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ 14.08.2020ലെ 1-3 തീരുമാനപ്രകാരം അംഗീകരിക്കുകയും ചെയ്തു. ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 24.08.2020ലെ 1-3 തീരുമാനപ്രകാരം 5000 തുണിസഞ്ചികൾ മെമ്പർമാർ മുഖേന വീടുകളിൽ വിതരണം ചെയ്തിട്ടുണ്ടെന്നും അതിനാൽ തുണിസഞ്ചികൾ വാങ്ങിയഇനത്തിൽ ചെലവായ ₹225000/- മാറി നൽകുന്നതിനും അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ തുക പിൻവലിച്ച് സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. എന്നാൽ, കമ്മിറ്റി തീരുമാനമല്ലാതെ തുണിസഞ്ചികൾ വിതരണം ചെയ്തതിന്റെ മറ്റ് രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 14.02.2018-ലെ സ.ഉ(കയ്യെഴുത്ത്)22/2018/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച പതിമൂന്നാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖയിൽ ബാഗ് വിതരണം ചെയ്യുന്നതിന് സബ്സിഡി അനുവദിക്കുവാൻ വ്യവസ്ഥയില്ല. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 25.02.2020- ലെ യോഗത്തിന്റെ 3-3 തീരുമാനപ്രകാരം തദ്ദേശ സ്ഥാപനങ്ങൾ ജൂട്ട്/തുണി സഞ്ചികൾ വീടുകളിൽ /കടകളിൽ വിതരണം ചെയ്യുന്നതിന് പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതല്ലെന്നും എന്നാൽ പ്ലാസ്റ്റിക്ക് സഞ്ചികൾക്ക് ബദൽ എന്ന നിലയിൽ ഇതിനായി യൂണിറ്റുകൾ തുടങ്ങുന്നതിന് ഭൗതിക സാഹചര്യങ്ങൾ ഒരുക്കാനും മെഷീൻ ഉൾപ്പടെയുള്ള മറ്റ് ഉപകരണങ്ങൾ വാങ്ങുന്നതിന് ധനസഹായം നൽകാമെന്നും നിർദേശം നൽകിയിട്ടുണ്ട്. എന്നാൽ, ഗ്രാമപഞ്ചായത്ത് ഇതിനു വിരുദ്ധമായി സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങാതെയാണ് തുണിസഞ്ചികൾ വിതരണം ചെയ്യുന്നതിന് പ്രോജക്ട് ഏറ്റെടുത്തത്. പ്ലാസ്റ്റിക്ക് നിർമ്മാർജനത്തിനായി ക്രിയാത്മകമായ പ്രോജക്ടുകൾ ഏറ്റെടുക്കാതെ തുണിസഞ്ചി വിതരണം പോലുള്ള ദീർഘവീക്ഷണമില്ലാത്ത ഹ്രസ്വകാല പ്രോജക്ടുകൾ ഏറ്റെടുക്കുന്നത് പ്ലാസ്റ്റിക്ക് ഉപയോഗം കുറയ്ക്കുന്നതിന് സ്ഥായിയായ പരിഹാരമല്ല. പ്രോജക്ടിലെ അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.10/07.07.2022) വിശദീകരണം ലഭ്യമാക്കിയിട്ടില്ല. മാനദണ്ഡപ്രകാരമല്ലാതെ പ്രോജക്ട് ഏറ്റെടുത്തതിനാൽ ചെലവ് തുക₹225000/ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. സർക്കാരിൽ നിന്നും സാധൂകരണം ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം ഭരണസമിതിയുടെയും സെക്രട്ടറിയുടെയും ബാദ്ധ്യതയായി കണക്കാക്കി 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 13, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20 എന്നിവ പ്രകാരമുള്ള നടപടികളിലൂടെ തുക ഈടാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

1-21 ഗ്രാമകേന്ദ്രങ്ങൾക്ക് അവധാനതയില്ലാതെ കമ്പ്യൂട്ടർ സാമഗ്രികൾ വാങ്ങി നൽകിയതു വഴി ലക്ഷങ്ങൾ പാഴായി

ഗ്രാമപഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ പ്രവർത്തിച്ചിരുന്ന ഗ്രാമകേന്ദ്രങ്ങളിൽ അപേക്ഷകൾ സ്വീകരിക്കുന്നതിനും അവയുടെ തുടർന്നടപടികൾക്കുമായി കമ്പ്യൂട്ടറുകളും അനുബന്ധ സാമഗ്രികളും 13-ാം പദ്ധതിയുടെ ആദ്യവർഷങ്ങളിൽ വാങ്ങി നൽകിയിരുന്നു. അവ സ്ഥാപിക്കുന്ന കെട്ടിടങ്ങളിലെ വൈദ്യുത

ബന്ധം , പ്രദേശത്തെ ഇന്റർനെറ്റ് ലഭ്യത എന്നീ മുന്നുപാധികൾ പോലും വേണ്ടത്ര പഠന വിധേയമാക്കാതെയാണ് സാമഗ്രികൾ വാങ്ങി നൽകിയത്. പ്രായോഗികത പരിഗണിക്കാതെ വാങ്ങൽ നടത്തി വിതരണം ചെയ്തതിനാൽ പല ഗ്രാമകേന്ദ്രങ്ങൾക്കും ലഭിച്ച സാമഗ്രികൾ പെട്ടിയിൽനിന്ന് പുറത്തെടുക്കുകപോലും ചെയ്യാത്ത അവസ്ഥയിലാണ് സൂക്ഷിച്ചിരുന്നത്. ഭരണസമിതിയുടെ കാലയളവ് പൂർത്തിയാകുന്നതിനാൽ ഗ്രാമകേന്ദ്രങ്ങൾ നിർത്തലാക്കാനും അതിനു മുന്നോടിയായി അവയ്ക്ക് അനുവദിച്ച കമ്പ്യൂട്ടറുകളും അനുബന്ധ സാമഗ്രികളും തിരികെ വാങ്ങി സ്റ്റോക്കിലെടുക്കാനും ഭരണസമിതി 21.07.2020-ലെ 5(1), (2) എന്നീ തീരുമാനപ്രകാരം സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിരുന്നു. തദനുസരണം അവ തിരികെ വാങ്ങുന്നതിന് ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ രണ്ടു ജീവനക്കാരെ ചുമതലപ്പെടുത്തി 24.11.2020-ൽ ഓഫീസ് ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ഗ്രാമകേന്ദ്രങ്ങൾക്ക് അനുവദിച്ചിരുന്ന കമ്പ്യൂട്ടർ സാമഗ്രികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | എണ്ണം |
|---|---|
| ഡെസ്ക് ടോപ്പ് കമ്പ്യൂട്ടർ | 14 |
| LCD മോണിട്ടർ | 14 |
| Canon സ്കാനർ | 14 |
| ലേസർ പ്രിന്റർ | 14 |
| 600 VAയുപിഎസ് | 14 |
| കീ ബോർഡ് | 14 |
| മൗസ് | 14 |
| ഡി-ലിങ്ക് മോഡം | 01 |
| എക്സ്റ്റെൻഷൻ ബോക്സ് | 02 |

ലക്ഷങ്ങൾ വില നൽകപ്പെട്ട പ്രസ്തുത സാമഗ്രികൾ തിരികെ വാങ്ങി സ്റ്റോക്കിലെടുത്തെങ്കിലും യഥാവിധി ഉപയോഗിക്കാതെ ദീർഘനാൾ സൂക്ഷിച്ചതിനാൽ മിക്കവയും പുനരുപയോഗ സാധ്യതയില്ലാത്ത വിധം നശിച്ചതായും ഏതാനും ചിലത് തകരാർ പരിഹരിച്ച് ഗ്രാമപഞ്ചായത്ത് കാര്യാലയത്തിൽ ഉപയോഗിച്ച് വരുന്നതായും ടെക്നിക്കൽ അസിസ്റ്റന്റ് വാക്കാൽ അറിയിച്ചിട്ടുണ്ട്. വാറന്റി കാലയളവും ഇതിനോടകം കഴിഞ്ഞതിനാൽ ഭീമമായ നഷ്ടമാണ് ഫലത്തിൽ സംഭവിച്ചിട്ടുള്ളത്. പ്രായോഗികതയും , വാങ്ങുന്ന സാധനങ്ങളുടെ ഉപയോഗ സാധ്യതയും പരിഗണിക്കാതെ പദ്ധതിത്തുക ഏതു വിധേനയും ചെലവഴിക്കുക എന്ന ഏക ലക്ഷ്യം മുൻനിർത്തി നടപ്പാക്കിയതിനാലാണ് പ്രോജക്ട് പരാജയപ്പെട്ടതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ആവശ്യാധിഷ്ഠിതമായി മാത്രം പദ്ധതിപ്പണം ചെലവിടുന്നതിനു പകരം വൈദ്യുത ബന്ധവും ഇന്റർനെറ്റ് സൗകര്യവുമില്ലാത്ത സ്ഥലങ്ങളിലെ കെട്ടിടങ്ങളിലേക്കുപോലും കമ്പ്യൂട്ടർ വാങ്ങി നൽകിയ നടപടി ഗുരുതര വീഴ്ചയാണ്. കമ്പ്യൂട്ടർ സാമഗ്രികൾ തിരികെ എടുക്കുന്നതുമായി ബന്ധപ്പെട്ട നടപടികളുടെ വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ നൽകിയ അന്വേഷണക്കുറിപ്പിന് ( നം.12/തീ.07.07.2022)മറുപടി ലഭ്യമാക്കിയില്ല. തിരികെയെടുത്ത സാമഗ്രികളുടെ തത്സ്ഥിതി വിവരങ്ങളടങ്ങിയ റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ഇതോടൊപ്പം അടിസ്ഥാനസൗകര്യമൊരുക്കാൻ ഫർണിച്ചറുകൾ വാങ്ങി നൽകിയിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതും അങ്ങനെയെങ്കിൽ അവയും തിരികെ വാങ്ങി സ്റ്റോക്കിലെടുക്കേണ്ടതാണ്. വേണ്ടത്ര മുന്നൊരുക്കങ്ങളും ദീർഘവീക്ഷണവുമില്ലാതെയുള്ള പ്രോജക്ട് ആസൂത്രണം ഭാവിയിൽ ഒഴിവാക്കാൻ കർശന മുൻകരുതൽ സ്വീകരിക്കുന്നതിനുവേണ്ടി വിഷയം വർക്കിംഗ് ഗ്രൂപ്പ് ,വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, ഭരണസമിതി എന്നിവരുടെ സജീവശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-22 സർക്കാർ നിർദേശങ്ങൾ പാലിക്കാതെ സോളാർ തെരുവ് വിളക്ക് സ്ഥാപിച്ചു

കുപ്പക്കയം വെയിറ്റിംഗ് ഷെഡിനു സമീപം സോളാർ ലൈറ്റ് സ്ഥാപിക്കുന്നതിനായി സർക്കാർ മാനദണ്ഡങ്ങൾ പാലിക്കാതെയും അനർട്ട് എംപാനൽ ചെയ്ത സ്ഥാപനം മുഖേനയല്ലാതെയും തൻവർഷം ₹100000/- ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ പേര് | ബിൽ നം/തീയതി | ഫണ്ട് | തുക |
|---|---|---|---|

| | | | (₹) |
|---|---|---|---|
| കുപ്പക്കയം വെയിറ്റംഗ് ഷെഡിനു സമീപം സോളാർ ലൈറ്റ് സ്ഥാപിക്കൽ (216/2020, 204/2021) | 20100252014400712752/10.11.2020 | ധനകാര്യ കമ്മീഷൻ ഗ്രാന്റ്-അൺടൈഡ് | 100000 |

ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 09.01.2020ലെ 9-1 തീരുമാന പ്രകാരം 2019-20 വാർഷികപദ്ധതിയിൽ പുതിയതായി ഉൾപ്പെടുത്തിയാണ് പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത്. പ്രോജക്ട് റിപ്പോർട്ടിൽ അക്രെഡിറ്റഡ് ഏജൻസിയായ SILK മുഖേന പ്രോജക്ട് നടപ്പാക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. സോളാർ തെരുവ് വിളക്ക് സ്ഥാപിക്കുവാൻ ഇൻവോയ്സ് സമർപ്പിക്കുവാൻ SILK-ന് കത്ത് നൽകുകയും(12.02.2020ലെ എ4-216/20 നമ്പർ കത്ത് ) അവരുടെ SILK/GEW/MKTG/2019-20/902/24.02.2020 നമ്പർ ഇൻവോയ്സ് ഗ്രാമപഞ്ചായത്ത് 25.02.2020ലെ 1-2 തീരുമാനപ്രകാരം അംഗീകരിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തു. സെക്രട്ടറിയുടെ 27.02.2020ലെ എ4-216/20 വർക്ക് ഓർഡറിന്റെ അടിസ്ഥാനത്തിൽ SILK-മായി 03.03.2020 ൽ ഗ്രാമപഞ്ചായത്ത് കരാറിലേർപ്പെട്ടു. (നം.14/19-20). തെരുവ് വിളക്ക് സ്ഥാപിച്ചതിന് 09.07.2020ലെ GEW/20-21/R/12 ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ ₹100000/-SILKന് നൽകിയിട്ടുണ്ട്.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 02.06.2017ലെ ഡി.എ-1/244/2017/തസ്വഭവ സർക്കുലറിലെ ഖണ്ഡിക 7.1-ൽ സോളാർ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ, സോളാർ സ്ട്രീറ്റ് ലൈറ്റുകളുടെ സ്പെസിഫിക്കേഷനുകൾ, വില എന്നിവ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. അനർട്ട് സംസ്ഥാന തലത്തിൽ നിർദിഷ്ട സ്പെസിഫിക്കേഷനിലുള്ള സോളാർ സംവിധാനം സ്ഥാപിച്ച നൽകുന്നതിന് എംപാനൽ ചെയ്ത നൽകുന്ന സ്ഥാപനങ്ങളുടെ ലിസ്റ്റിൽ നിന്നും മത്സരാധിഷ്ഠിത ടെണ്ടർ ക്ഷണിച്ച്,അനർട്ടിൽ നിന്നും സാങ്കേതിക സഹായം ലഭ്യമാക്കി, തെരുവ് വിളക്കുകൾ സ്ഥാപിക്കേണ്ടതാണെന്നാണ് സർക്കുലറിലെ നിഷ്കർഷ. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 29.01.2018ലെ സ.ഉ(കൈ) 1/2018 നമ്പർ ഉത്തരവിലെ ഖണ്ഡിക 7.5(6) പ്രകാരം അക്ഷയോർജ്ജ ഉപകരണങ്ങളുടെ വ്യാപനത്തിനായി അനർട്ടിന്റെ സാങ്കേതിക സഹായത്തോടെ മാത്രം പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. സർക്കുലറിന്റെ അടിസ്ഥാനത്തിൽ അനർട്ട് താത്പര്യപത്രം ക്ഷണിച്ചാണ് എംപാനൽ ചെയ്യുന്നതിനുള്ള സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നത്. അനർട്ട് എംപാനൽ ചെയ്ത സ്ഥാപനങ്ങൾക്ക് എംപാനൽ ഉത്തരവിൽ സമ്മതിച്ചിട്ടുള്ള തുകയിൽ അധികരിക്കാതെ നിശ്ചിത സ്പെസിഫിക്കേഷനുള്ള മോഡൽ തെരുവ് വിളക്കുകൾ വിതരണം ചെയ്യുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. എന്നാൽ, ടെണ്ടർ നടപടികൾ ഒഴിവാക്കി, സോളാർ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിന് അനർട്ട് എംപാനൽ ചെയ്തിട്ടില്ലാത്ത സ്റ്റീൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് കേരള (SILK) എന്ന സ്ഥാപനത്തെയാണ് തെരഞ്ഞെടുത്തത്.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 02.06.2017ലെ ഡി.എ-1/244/2017/തസ്വഭവ സർക്കുലറിൽ ഖണ്ഡിക 7.1-ൽ സോളാർ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ, സോളാർ സ്ട്രീറ്റ് ലൈറ്റുകളുടെ സ്പെസിഫിക്കേഷനുകൾ, വില എന്നിവ പ്രതിപാദിച്ചിട്ടുണ്ട്. വിവിധ മോഡലുകളുടെ ബാറ്ററിയുടെ ഏറ്റവും കുറഞ്ഞ ശേഷി, സോളാർ പാനലിന്റെ വാട്ട്, ലുമിനി, പോസ്റ്റിന്റെ ഉയരം, അടിസ്ഥാന വില എന്നിവ സർക്കുലറിൽ, ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം, വ്യക്തമാക്കിയിട്ടുണ്ട്.

| മോഡൽ നം | ഇനം | സോളാർ പാനൽ | ബാറ്ററി (മിനിമം ശേഷി+20% അനുവദനീയം | ലൂമിനി (+25% അനുവദനീയം | പോസ്റ്റിന്റ ഉയരം | അടിസ്ഥാന വില (അഞ്ച് വർഷത്തെ വാറണ്ടി ഉൾപ്പടെ (₹) |
|---|---|---|---|---|---|---|
| മോഡൽ 1 | സോളാർ സ്ട്രീറ്റ് ലൈറ്റ് | 75 W | 250 Wh Lithium Ferro Phophate | 8 W | Height-4 M, Dia- 3 Inch | 35, 625 |
| മോഡൽ 2 | സോളാർ സ്ട്രീറ്റ് ലൈറ്റ് | 150 W | 768 Wh Lithium Ferro Phophate | 20 W | Height-4 M, Dia- 4 Inch | 71,250 |

| | | | | | | |
|---|---|---|---|---|---|---|
| മോഡൽ 3 | സോളാർ സ്ട്രീറ്റ് ലൈറ്റ് | 200 W | 1152 Wh Lithium Ferro Phophate | 36 W | Height-5 M, Dia- 4 Inch | 95,000 |
| മോഡൽ 4 | സോളാർ സ്ട്രീറ്റ് ലൈറ്റ് | 600 W | 3072 Wh Lithium Ferro Phophate | 24 W 4 സെറ്റ് | Octagonal, Dia- 6 Inch | 2,85,000 |

സർക്കുലറിലെ നിർദേശങ്ങളുടെ അടിസ്ഥാനത്തിൽ സോളാർ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിന് അനർട്ട് കൃത്യമായ സ്പെസിഫിക്കേഷനുകൾ തയ്യാറാക്കുകയും എംപാനൽ ചെയ്ത സ്ഥാപനങ്ങൾക്ക് ഓരോ ഇനവും സപ്ലൈ ചെയ്യുന്നതിന് അംഗീകാരം നൽകിയിട്ടുള്ള കമ്പനി, മോഡൽ , സ്റ്റാൻഡേർഡുകൾ, പരമാവധി നിരക്ക് എന്നിവ നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്.

06.02.2018 ലെ സ.ഉ (സാധാ) നം.348/2018/തസ്വഭവ പ്രകാരം സോളാർ എനർജി പ്രോജക്ടുകൾ പരിശോധിച്ച് സാങ്കേതികാനുമതി നൽകുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനിയർ കൺവീനറായും ജില്ലാ എഞ്ചിനിയർ അനർട്ട്, എക്സിക്യൂട്ടീവ് എഞ്ചിനിയർ, കെ.എസ്.ഇ.ബി, ഡെപ്യൂട്ടി ഇലക്ട്രിക്കൽ ഇൻസ്പക്ടർ, ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പക്ടേറ്റ് എന്നിവർ അംഗങ്ങളുമായി രൂപികരിക്കുന്ന കമ്മിറ്റി അക്ഷയോജർജ്ജ പ്രോജക്ടുകൾ പരിശോധിച്ച് സാങ്കേതികാനുമതി നൽകേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. പ്രോജക്റ്റിന്റെ നിർവ്വഹണം പൂർത്തിയായാൽ അനർട്ട് ജില്ലാ എഞ്ചിനിയറുടെ പരിശോധന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ ബിൽ നൽകാവൂ എന്നും നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും ഉത്തരവിലെ നിർദേശങ്ങൾക്ക് അനുസൃതമായിട്ടല്ല പ്രോജക്റ്റ് നടപ്പാക്കിയത്.

30 W Solar Steet Light, 400W Solar Panel, 160 AH Tubular Battery, 6m GI Pole, 40A Charge Controller എന്നിവയാണ് SILK സ്ഥാപിച്ചിട്ടുള്ള തെരുവ് വിളക്കുകളുടെ സ്പെസിഫിക്കേഷൻ. അനർട്ടിന്റെ സ്പെസിഫിക്കേഷനുകളുമായി വ്യത്യാസമുള്ള തെരുവ് വിളക്കുകളാണ് SILK സ്ഥാപിച്ചിട്ടുള്ളത്. അനർട്ട് ജില്ലാ എഞ്ചിനിയറുടെ പരിശോധന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലല്ല ബിൽ മാറി നൽകിയിട്ടുള്ളത്. അനർട്ട് എംപാനൽ ചെയ്ത് നൽകുന്ന സ്ഥാപനങ്ങൾ നിശ്ചിത സ്പെസിഫിക്കേഷനിലും BIS സ്റ്റാൻഡേർഡിലുമുള്ള തെരുവ് വിളക്കുകൾ സ്ഥാപിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ, SILK-മായി ഗ്രാമപഞ്ചായത്ത് ഏർപ്പെട്ടിട്ടുള്ള കരാറിൽ വാറണ്ടി/അറ്റകുറ്റപ്പണികൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

പ്രോജക്റ്റിലെ അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.9/07.07.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ നിർദേശങ്ങൾക്ക് വിരുദ്ധമായി, അംഗീകാരമില്ലാത്ത സ്ഥാപനം മുഖേനയാണ് പ്രവൃത്തി ചെയ്തിട്ടുള്ളത്. SILK സ്ഥാപിച്ചിട്ടുള്ള തെരുവ് വിളക്കുകളുടെ സ്പെസിഫിക്കേഷനുകളും നിരക്കും അനർട്ട് പോലുള്ള ക്ഷമതയുള്ള ഏജൻസി മുഖേന പരിശോധിച്ച്, ഗ്രാമപഞ്ചായത്തിന് അധിക ബാദ്ധ്യതയുണ്ടായിട്ടുണ്ടെങ്കിൽ നിർണ്ണയിച്ച് തിരികെ ഈടാക്കേണ്ടതാണ്. പ്രോജക്റ്റിനായി ചെലവഴിച്ച ₹100,000/- തടസപ്പെടുത്തുന്നു.

1-23 സർക്കാർ നിർദേശങ്ങൾക്ക് വിരുദ്ധമായി തെരുവ് വിളക്കുകൾ സ്ഥാപിച്ചു

പ്രോജക്റ്റ് മാനേജ്മെന്റ് കൺസൾട്ടൻസി മാത്രമായ സ്ഥാപനങ്ങൾ മുഖേന തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിന് തൻവർഷം ഗ്രാമപഞ്ചായത്ത് രണ്ട് പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റിന്റെ പേര് | അടങ്കൽ (₹) | ബിൽ നം./തീയതി | ഫണ്ട് | തുക (₹) | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|---|
| തെരുവ് വിളക്ക് സ്ഥാപിക്കൽ (196/2021, 110/2020)) | 416000/- | 20100252014400712748/ 10.11.2020 | ധനകാര്യ കമ്മീഷൻ ഗ്രാന്റ്-അൺടൈഡ് | 414960/- | സെക്രട്ടറി |
| തെരുവ് വിളക്ക് സ്ഥാപിക്കൽ (24/2021) | 1350000/- | 20100252014401249500/ 15.03.2021 | ധനകാര്യ കമ്മീഷൻ ഗ്രാന്റ്-അൺടൈഡ് | 1350000/- | |

| | | | | | |
|---|---|---|---|---|---|
| | | | ആകെ | 1764960/- | |

പ്രോജക്ട് നം. 110/2020 ടെണ്ടർ മുഖേന നടപ്പാക്കുന്നതിനാണ് വിഭാവനം ചെയ്തിരുന്നത്. 45W LED Street Light (Automatic Operation), 24W LED Street Light (Automatic Operation) എന്നിവ വിതരണം ചെയ്യുന്നതിന് ടെണ്ടർ ക്ഷണിച്ചതിൽ ഒരു സ്ഥാപനം മാത്രമാണ് പങ്കെടുത്തത്. (I WIN Solar Power Products, Mundakayam-45 W LED Streetlight @ 4350/-, 24 W LED Stretlight @ 2650/-). ഒരു ടെണ്ടർ മാത്രം ലഭിച്ചതിനാൽ പ്രസ്തുത ടെണ്ടർ നിരസിക്കുന്നതിനും റീ ടെണ്ടർ ചെയ്യുന്നതിന് കാലതാമസം നേരിടുന്നതിനാൽ പദ്ധതി ഭേദഗതി ചെയ്ത് സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ് (SILK) മുഖേന നടപ്പാക്കുന്നതിനും തീരുമാനിച്ചു. (പഞ്ചായത്ത് കമ്മിറ്റിയുടെ 09.01.2020ലെ 8-2 തീരുമാനം ). അതുപ്രകാരം പ്രോജക്ട് ഭേദഗതി ചെയ്യുകയും 12.02.2020ലെ എ4-110/20 കത്ത് പ്രകാരം 24, 48 W LED Sensor Bulb With LDR & GI Fittings വിതരണം ചെയ്യുന്നതിന് SILK നോട് ഇൻവോയ്സ് ആവശ്യപ്പെടുകയും ചെയ്തു. SILK 24.02.2020ന് സമർപ്പിച്ച SILK/GEW /MKTG/2019-20/902 ഇൻവോയ്സ് (45 W LED Streetlight @ 5555/-, 45 W LED Streetlight @ 2730/-) ഗ്രാമപഞ്ചായത്ത് കമ്മിറ്റി 29.02.2020ലെ 1-3 തീരുമാനപ്രകാരം അംഗീകരിച്ച് 24 W LED Street Light വാങ്ങുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി. 152 LEDതെരുവ് വിളക്കുകൾ വിതരണം ചെയ്ത് ഇൻസ്റ്റാൾ ചെയ്തതിന് 09.07.2020ൽ SILK സമർപ്പിച്ച GEW/20-21/R/11 ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ ₹414960/- സ്ഥാപനത്തിന് നൽകിയിട്ടുണ്ട്.

പ്രോജക്ട് നംപർ 19/2021 അക്രെഡിറ്റഡ് ഏജൻസിയായ KEL മുഖേന നടപ്പാക്കുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത്. 08.07.2020ലെ എ4-24/21 കത്ത് പ്രകാരം 1.8 Mtr Octagonal Pole With 4*150W LED Flood Light, 2.7 Mtr GI Pole With 3*70 W LED Street Light എന്നിവ വിതരണം ചെയ്യുന്നതിന് KEL നോട് ഇൻവോയ്സ് ആവശ്യപ്പെടുകയും ചെയ്തു. KEL 23.07.2020ന് സമർപ്പിച്ച KEMG/24/302/20 ഇൻവോയ്സ് ( 1.8 Mtr Octagonal Pole With 4*150W LED Flood Light @ 200000/-, 2.7 Mtr GI Pole With 3*70 W LED Street Light @ 95000/-) ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 14.08.2020ലെ 1-4 തീരുമാനപ്രകാരം അംഗീകരിച്ച് തെരുവ് വിളക്കുകൾ വാങ്ങുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി. രണ്ട് 1.8 Mtr Octagonal Pole With 4*150W LED Flood Light, പത്ത് 2.7 Mtr GI Pole With 3*70 W LED Street Light തെരുവ് വിളക്കുകൾ വിതരണം ചെയ്ത് ഇൻസ്റ്റാൾ ചെയ്തതിന് 08.10.2020ൽ KEL സമർപ്പിച്ച നം.134 ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ ₹13,50,000/- സ്ഥാപനത്തിന് നൽകിയിട്ടുണ്ട്.

09.01.2017-ലെ സ.ഉ (അച്ചടി) നം.142/2017/ധന, 04.07.2019-ലെ സ.ഉ (അച്ചടി)നം.77/2019/ധന. എന്നിവ പ്രകാരം KEL-ന് ഇലക്ട്രോ മെക്കാനിക്കൽ വർക്കുകൾ, ജനറൽ സിവിൽ നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവയ്ക്കും SILK-ന് ജനറൽ സിവിൽ നിർമ്മാണ പ്രവർത്തനങ്ങൾക്കും പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റായി (PMC) പ്രവർത്തിക്കുന്നതിനാണ് അനുമതിയുള്ളത്. 18.01.2019-ലെ സ.ഉ(സാധാ)നം.91/2019/ധന. നമ്പർ ഉത്തരവ് പ്രകാരം KEL ഇലക്ട്രോമെക്കാനിക്കൽ പ്രോജക്ടുകളുടെ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റ് ആയതിനാൽ 03.08.2018-ലെ സ.ഉ(അച്ചടി)118/2018/ധന. നമ്പർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി തദ്ദേശ സ്ഥാപനങ്ങളിലെ ലൈറ്റ് സ്ഥാപിക്കുന്നതിനുള്ള അംഗീകൃത ഏജൻസിയായി അനുമതി നൽകിയിട്ടുണ്ട്. 24.04.2019-ലെ 33/2019/ധന. സർക്കുലർ പ്രകാരം ധനകാര്യ വകുപ്പിന്റെ മുൻകൂർ അനുമിയോടുകൂടി മാത്രമേ ഭരണവകുപ്പുകൾ അക്രഡിറ്റഡ് ഏജൻസികൾക്ക് അനുമതി നൽകാവൂ എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ, ഗ്രാമപഞ്ചായത്തിൽ KEL നേരിട്ട് നിർവ്വഹണം നടത്തുകയാണ് ചെയ്തിട്ടുള്ളത്. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 20.06.2019-ലെ യോഗത്തിലും KELന് പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റായി പ്രവർത്തിക്കുന്നതിനാണ് ധനവകുപ്പിന്റെ അനുമതി ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

തെരുവ് വിളക്കുകളുടെ വിവരങ്ങൾ പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015-ലെ ജി-2/44274/2015 മാർഗ്ഗ നിർദ്ദേശത്തിൽ പ്രതിപാദിച്ചിരിക്കുന്ന സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. 05.09.2011-ലെ സർക്കുലർ നം.3055/ഡി.എസ്.3/2011/തസ്വഭവ. തെരുവ് വിളക്കുകൾ, മിനി/ഹൈമാസ്റ്റ് ലൈറ്റുകൾ എന്നിവ സ്ഥാപിക്കുന്നത് കെ.എസ്.ഇ.ബി-യുടെ മേൽനോട്ടത്തിലും നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലുമായിരിക്കണം. എന്നാൽ, കെ.എസ്.ഇ.ബി മേൽനോട്ടം വഹിച്ചതിന്റെ വിശദാംശങ്ങളും ഇൻസ്റ്റലേഷൻ സാക്ഷ്യപത്രവും ഫയലില്ല. SILK ഗ്രാമപഞ്ചായത്തുമായി ഒപ്പിട്ട കരാറിൽ (നം.15/19-20 തി.13.03.2020) വാറണ്ടി കാലാവധി വ്യവസ്ഥ ചെയ്തിട്ടില്ല.

പ്രോജക്ടിലെ അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.5/21.12.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. ക്രമവിരുദ്ധമായി പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. പ്രോജക്ടുകൾക്കായി ചെലവഴിച്ച ₹1764960/- തടസ്സപ്പെടുത്തുന്നു.

1-24 റീടാറിംഗ് പ്രവൃത്തി ബില്ലിൽനിന്ന് കാലിവീപ്പ വില ഈടാക്കിയില്ല

2016-ലെ ഡൽഹി ഷെഡ്യൂൾ നിരക്ക് അടിസ്ഥാനപ്പെടുത്തിയാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത്. പ്രൈസ് (PRICE) സോഫ്റ്റ്‌വെയർ ഇതിനായി ഉപയുക്തമാക്കുന്നു. ഇതിലൂടെ MORD-ലെ OD 75.5 സ്പെസിഫിക്കേഷനിൽ തയ്യാറാക്കപ്പെടുന്ന ടാറിംഗ്-റീടാറിംഗ് പ്രവൃത്തികളുടെ എസ്റ്റിമേറ്റുകളിൽ Packed Bitumin-ന്റെ നിരക്കാണ് നൽകിയിട്ടുള്ളത്. ആകയാൽ കരാറുകാരന് അധിക ലാഭമുണ്ടാകുന്നത് ഒഴിവാക്കുന്നതിനായി കാലിവീപ്പയുടെ മൂല്യം ഫൈനൽ ബില്ലിൽ നിന്ന് കുറവ് ചെയ്യാൻ സർക്കാർ നിർദ്ദേശമുള്ളതാണ്. എന്നാൽ ചുവടെ ചേർക്കുന്ന റീ-ടാറിംഗ് പ്രോജക്ടിന്റെ ബില്ലിൽ നിന്ന് പ്രസ്തുത തുക ഈടാക്കിയില്ല.

| | |
|---|---|
| പ്രോജക്ട് നം., പേര് | എസ്011/20, 118/21 പെരുവന്താനം അമ്പലം പാറയ്ക്കൽ, കല്ലുകീറി, കൊടികുത്തി ലക്ഷംവീട് റോഡ് റീ-ടാറിംഗ് |
| അടങ്കൽ തുക (₹) | 700000/- (ആസ്തി പരിപാലന ഗ്രാന്റ് – റോഡ്) |
| കരാറുകാരൻ | ശ്രീ. സി.കെ.സോമരാജൻ |
| കരാർ നം./ തീയതി | 78/AE/LSGD/pvm/2019-20 തീ.26.02.2020 |
| അളവു പുസ്തകം | 573/19-20 |
| ആകെ ബിൽ തുക | (ബിൽ നം.20100252014600174384 / തീ. 11.04.2020) ₹ 633685/- |

അളവു പുസ്തക പ്രകാരം പ്രവൃത്തിക്ക് ഉപയോഗിച്ച ബിറ്റുമിന്റെ അളവ്

| ബിറ്റുമിന്റെ ഇനം | ഉപയോഗിച്ച അളവ് (കി. ഗ്രാം ) | ഒരു വീപ്പയിലുള്ള അളവ് (കി. ഗ്രാം ) | വീപ്പകളുടെ എണ്ണം |
|---|---|---|---|
| RS1 | 400 | 200 | 02 |
| S65 (VG 30) | 3432 | 156 | 22 |
| ആകെ വീപ്പകളുടെ എണ്ണം | | | 24 |

238/- രൂപ + 18% GST നിരക്കിൽ ഒരു കാലിവീപ്പയുടെ മൂല്യം = 281/- രൂപ

കരാറുകാരനിൽനിന്ന് ഈടാക്കേണ്ട 24വീപ്പകളുടെ മൂല്യം = 24x 238 = 5712/- രൂപ

ബാധകമായ GST = (238 X 18% ) X 24 =₹ 1020/-

ധനകാര്യ വകുപ്പിന്റെ 12.04.2006-ലെ ജി.ഒ (പി ) നം. 177/2006 നമ്പർ ഉത്തരവിന്റെ ഖണ്ഡിക 10 അനുസരിച്ച്, (തദ്ദേശസ്വയം ഭരണ വകുപ്പിന്റെ 30.10.2007-ലെ 59827/FM/07 നമ്പർ സർക്കുലർ കൂടി കാണുക.) കാലിവീപ്പകളുടെ മൂല്യമായി ഈടാക്കുന്ന തുകകൾ പ്രോജക്ടിനുവേണ്ടി വകയിരുത്തിയ ഫണ്ടിലേക്ക് തിരികെ ഒടുക്കേണ്ടതാണ്. പ്രസ്തുത പ്രോജക്ടിനുവേണ്ടി ആസ്തി സംരക്ഷണ ഗ്രാന്റ് (റോഡ്) വിനിയോഗിച്ചിട്ടുള്ളതിനാൽ കണക്കു ശീർഷകമായ 3054-911-Deduct Recoveries Of Overpayments – ലേക്ക് പ്രസ്തുത തുക തിരികെ ഒടുക്കേണ്ടിയിരുന്നു. കാലിവീപ്പകളുടെ മൂല്യം കരാറുകാരനിൽനിന്നോ, ബില്ലിൽനിന്ന് ഈടാക്കുന്നതിൽ വീഴ്ച വരുത്തിയ അസി. എൻജിനിയർ ശ്രീ. ഡി.കെ. ദിനേശിൽ നിന്നോ ഈടാക്കി മേൽ പരാമർശിച്ച കണക്കു ശീർഷകത്തിലും GST തുക അതിന്റെ ശീർഷകത്തിലും സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്. (ഇതു സംബന്ധമായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.15/2022/തീ. 08.07.2022 ) മറുപടി ലഭ്യമാക്കിയില്ല).

1-25 ഇലക്ഷൻ നിക്ഷേപം കണ്ടുകെട്ടാൻ നടപടികളായില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 144(4) വകുപ്പ് അനുസരിച്ച്, തദ്ദേശ സ്വയം ഭരണ

സ്ഥാപനത്തിലേക്ക് നടക്കുന്ന തിരഞ്ഞെടുപ്പിൽ ആകെ പോൾ ചെയ്യപ്പെട്ട സാധുവായ വോട്ടുകളുടെ ആറിൽ ഒന്ന് (1/6) എണ്ണം വോട്ടുകൾ കരസ്ഥമാക്കാത്ത സ്ഥാനാർത്ഥികളുടെ ഇലക്ഷൻ നിക്ഷേപ തുക പഞ്ചായത്ത് ഫണ്ടിലേക്ക് കണ്ടുകെട്ടേണ്ടതാണ്. നിക്ഷേപ രജിസ്റ്റർ പ്രകാരം പ്രസ്തുത ഇനത്തിൽ തൻവർഷം ₹41500/- വരവുണ്ട്. എന്നാൽ 2020 ഡിസംബർ മാസം നടന്ന തിരഞ്ഞെടുപ്പിൽ വിജയവും പ്രസ്തുത എണ്ണം വോട്ടും ലഭിക്കാത്ത സ്ഥാനാർത്ഥികളുടെ ഇലക്ഷൻ നിക്ഷേപം കണ്ടുകെട്ടാൻ നടപടികളായിട്ടില്ല. വരണാധികാരിയിൽ നിന്ന് ലഭിച്ച തിരഞ്ഞെടുപ്പ് ഫലം അടിസ്ഥാനപ്പെടുത്തി പ്രസ്തുത നിക്ഷേപം പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടാൻ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-26 നിക്ഷേപപ്രവൃത്തികൾ പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്ത് തൻവർഷ പദ്ധതിയിലുൾപ്പെടുത്തിയ വിവിധ കുടിവെള്ള പദ്ധതികളുടെ വിതരണശൃംഖല വിപുലീകരിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റി തൊടുപുഴ പി.എച്ച് ഡിവിഷൻ കാര്യാലയത്തിൽ തുകകൾ നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ, നിർവഹണ ഏജൻസി പ്രവൃത്തികൾ പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം | പ്രോജക്ടിന്റെ പേര് | നിർവഹണ ഉദ്യോഗസ്ഥൻ | ബിൽ നം/തിയതി | ഫണ്ട് | തുക (₹) |
|---|---|---|---|---|---|
| 1 | നിർമ്മലഗിരി-പാലൂർക്കാവ് ഭാഗത്തേക്ക് പൈപ്പ് ലൈൻ നീട്ടൽ (250/2021) | സെക്രട്ടറി | 20100252014401324980/ 23.03.2021 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 200000 |
| 2 | നിർമ്മലഗിരി-തവാരണ ഭാഗത്തേക്ക് പൈപ്പ് ലൈൻ നീട്ടൽ (31/2021) | സെക്രട്ടറി | 20100252014401324974/ 23.03.2021 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 250000 |
| 3 | മൂഴിക്കൽ എസ്.സി കോളനി ഭാഗത്തേക്ക് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (33/2021) | സെക്രട്ടറി | 20100252014401324976/ 23.03.2021 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 500000 |
| 4 | 14-ാംവാർഡ് 34-ാംമൈൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | അസിസ്റ്റന്റ് എഞ്ചിനീയർ | 20100252014601339307/തീ. 24.03.2021 | വികസന ഫണ്ട് | 70000 |
| | ആകെ | | | | 10,20,000 |

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 29.01.2018-ലെ സ.ഉ(കൈ)11/2018/തസ്വഭവ. ഉത്തരവിലെ ഖണ്ഡിക 11.2(3)(ഡി), 28.12.2018-ലെ ഡി.എ.881/2018/തസ്വഭവ സർക്കുലർ എന്നിവയിലെ നിർദ്ദേശ പ്രകാരം നിക്ഷേപ പ്രവൃത്തികളിലെ തുകയുടെ ഉപയോഗവും പ്രോജക്ട് നിർവ്വഹണവും സംബന്ധിച്ച് മോണിറ്ററിംഗ് തദ്ദേശ സ്ഥാപനങ്ങൾ നടത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് കേരള വാട്ടർ അതോറിറ്റി, തൊടുപുഴ കാര്യാലയവുമായി ചമച്ചിട്ടുള്ള കരാറുകൾ പ്രകാരം പ്രവൃത്തി 2021 ഓഗസ്റ്റ് 31ന് ആരംഭിച്ച് 2021 നവംബർ 30നകം പൂർത്തീകരിക്കേണ്ടതാണെന്നും (നം.5), ഫൈനൽ ബിൽ പ്രകാരം ഗ്രാമപഞ്ചായത്ത് നൽകിയ തുകയുടെ ബാക്കി തുക നൽകേണ്ടതുണ്ടെങ്കിൽ ആയത് 2022 മാർച്ച് 20-നകം നൽകേണ്ടതാണെന്നും (നം.7), ഫൈനൽ ബിൽ തുക നൽകിയ തുകയിലും കുറവാണെങ്കിൽ ബാക്കി വന്ന തുക 2022 മാർച്ച് 31-നകം തിരികെ ഗ്രാമപഞ്ചായത്തിന് നൽകേണ്ടതാണെന്നും (നം.8) വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ, വാട്ടർ അതോറിറ്റി പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം നാളിതുവരെ നൽകിയിട്ടില്ല. ആകയാൽ

പ്രോജക്ടുകൾക്കായി ചെലവഴിച്ച ₹1020,000/-തടസപ്പെടുത്തുന്നു. സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി പ്രവൃത്തികൾ പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

### 1-27 ടെണ്ടർ നടപടികൾ ഒഴിവാക്കി സിസിടിവിയും യു.പി.എസും സ്ഥാപിച്ചു

ഗ്രാമപഞ്ചായത്ത് തൻവർഷ പദ്ധതിയിലുൾപ്പെട്ട പ്രോജക്ടിലൂടെ സ്റ്റോർ പർച്ചേസ് വകുപ്പിന്റെ ഇളവ് ലഭിക്കാത്ത സ്ഥാപനത്തിൽ നിന്ന് ടെണ്ടർ നടപടികൾ പാലിക്കാതെ സിസിടിവിയും യു.പി.എസും വാങ്ങി സ്ഥാപിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| പ്രോജക്ടിന്റെ പേര് | അടങ്കൽ (₹) | ചെക്ക്/ബിൽ നം./തിയതി | ഫണ്ട് | തുക (₹) | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|---|
| പഞ്ചായത്ത് ഓഫീസിലേക്ക് യു.പി.എസ് വാങ്ങൽ (27/2021) | 450000 | 20100252014400509585/ 11.09.2020 | വികസന ഫണ്ട്-പൊതുവിഭാഗം | 448000 | സെക്രട്ടറി |
| മണിക്കൽ പത്മശ്രീ തിലകൻ മെമ്മോറിയൽ ലേയ്ക്ക് പാർക്കിലും വഴിയോര വിശ്രമകേന്ദ്രത്തിലും സിസിടിവി സ്ഥാപിക്കൽ (249/2021) | 200000 | 20100252014401249510/ 15.03.2021 | വികസന ഫണ്ട്-പൊതുവിഭാഗം | 196000 | |
| ആകെ | | | | 644000 | |

മണിക്കൽ പത്മശ്രീ തിലകൻ മെമ്മോറിയൽ ലേയ്ക് & പാർക്കിലും വഴിയോര വിശ്രമകേന്ദ്രത്തിലും കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് മുഖേന അടിയന്തിരമായി സിസിടിവി സ്ഥാപിക്കുന്നതിനും 2020-21 വാർഷിക പദ്ധതിക്ക് ഭേദഗതി അനുവദിക്കുന്ന മുറയ്ക്ക് പുതിയ പ്രോജക്ടായി ഏറ്റെടുക്കുന്നതിനും ഭരണസമിതിയുടെ 14.09.2020-ലെ 1-7 നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ഐ.ഇ ഇൻവോയ്സ് സമർപ്പിച്ചു. സ്ഥാപനം 28.09.2020-ൽ സമർപ്പിച്ച KSIE/KTMBC/65/2020-2021 ഇൻവോയ്സ് 29.09.2020-ലെ 3-1 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച് സിസി ടിവി സ്ഥാപിക്കുന്നതിന് വർക്ക് ഓർഡർ നൽകി. അവ സ്ഥാപിച്ചതിന് ₹196000/- ചെലവഴിച്ചിട്ടുണ്ട്. (12.10.2020ലെ 1-1 തീരുമാനപ്രകാരം പുതിയ പ്രോജക്ടായും സിസിടിവി ക്യാമറ സ്ഥാപിക്കൽ പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ട്.)

പഞ്ചായത്ത് ഓഫീസിൽ യു.പി.എസ് സ്ഥാപിക്കൽ എന്ന പ്രോജക്ട് ഇതേ സ്ഥാപനം വഴി നടപ്പാക്കുന്നതിന് നിശ്ചയിക്കുകയും അവർ 06.08.2020-ന് സമർപ്പിച്ച KSIE/KTMBC/41/2020-2021 ഇൻവോയ്സ് അംഗീകരിച്ച് (14.08.2020ലെ 1-2 നമ്പർ തീരുമാനം) യു.പി.എസ് സ്ഥാപിച്ചതിന് ₹448000/- ചെലവഴിച്ചിട്ടുമുണ്ട്.

പ്രോജക്ടുകൾ ടെണ്ടർ കൂടാതെ, അക്രെഡിറ്റഡ് ഏജൻസിയായ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് നേരിട്ട് സാധനങ്ങൾ വാങ്ങുന്നതിനാണ് പ്രോജക്ട് റിപ്പോർട്ടുകളിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

നിർവ്വഹണ ഉദ്യോഗസ്ഥന്റെ വാങ്ങൽ നടപടിക്രമങ്ങൾ മാർഗ്ഗരേഖയിൽ പ്രത്യേകം പരാമർശിക്കാത്ത സംഗതികളിൽ ജി.ഒ(പി)259/2010/ത.സ്വ.ഭ.വ തീയതി.08.11.2010 പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ ബാധകമായിരിക്കുമെന്ന് സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 2.7-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖല സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും മത്സരാധിഷ്ഠിത ടെണ്ടർ നടപടികൾ കൂടാതെ സാധനങ്ങൾ വാങ്ങുന്നതിന് സ്റ്റോർ പർച്ചേസ് വകുപ്പിന്റെ അനുമതി ഉത്തരവ് ആവശ്യമാണ്. പൊതുമേഖലാ സ്ഥാപനങ്ങൾ, അർദ്ധസർക്കാർ സ്ഥാപനങ്ങൾ എന്നിവയ്ക്ക് അവർ സ്വന്തമായി ഉല്പാദിപ്പിക്കുന്ന ഉപകരണങ്ങൾ, സാധനങ്ങൾ എന്നിവ വിതരണം ചെയ്യുന്നതിനാണ് സ്റ്റോർ പർച്ചേസ് മാനുവലിലെ ഖണ്ഡിക 23.3-ൽ ഇളവ് നൽകി സർക്കാർ അനുമതി നൽകുന്നത്. എന്നാൽ, കെ.എസ്.ഐ.ഇ-യ്ക്ക് സിസിടിവി, യു.പി.എസ് എന്നിവ സ്ഥാപിക്കുന്നതിന് സ്റ്റോർ പർച്ചേസ് മാനുവലിന്റെ ഇളവ് ലഭിച്ചിട്ടില്ല.

സിസിടിവി സ്ഥാപിച്ചതിന് KSIE സമർപ്പിച്ച KTMBC51/05.11.2020 ഇൻവോയ്സ് പരിശോധിച്ചതിൽ KSIE സ്വന്തമായി ഉല്പാദിപ്പിക്കുന്ന ഉപകരണങ്ങളല്ല ഇൻസ്റ്റാൾ ചെയ്തിട്ടുള്ളത് എന്ന് വ്യക്തമായിട്ടുണ്ട്. അവർ വിതരണം ചെയ്ത 32" LED TV Starlite കമ്പനിയുടെയും ബാറ്ററി Hykon (മോഡൽ നം. 10KVA UPS With 150AH12V Tubular Battery 20 No) കമ്പനിയുടേതുമാണ്. മറ്റ് ഉപകരണങ്ങളും വ്യത്യസ്ത കമ്പനികളുടേതാണ്. പ്രോജക്ടുകൾ ടെണ്ടർ നടപടികളിലൂടെ നടപ്പിലാക്കുന്ന പക്ഷം മത്സര സ്വഭാവം ഉറപ്പാക്കാനും മികച്ച സാധനങ്ങൾ കൂടുതൽ വിലക്കിഴിവിൽ ലഭിക്കുവാനുമുള്ള സാധ്യത തെളിയുമായിരുന്നു.

മത്സരാധിഷ്ഠിത ടെണ്ടർ മുഖേനയല്ലാതെ, കെ.എസ്.ഐ.ഇ-യിൽ നിന്നും സാധനങ്ങൾ നേരിട്ട് വാങ്ങിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.13/തീ.08.07.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. മണിക്കൽ പത്മശ്രീ തിലകൻ മെമ്മോറിയൽ ലേയ്ക് പാർക്കിലും വഴിയോര വിശ്രമകേന്ദ്രത്തിലും സ്ഥാപിച്ചിട്ടുള്ള സിസി ടിവി-യുടെ മോണിറ്ററിംഗ് സംബന്ധിച്ച വിശദാംശങ്ങളും ലഭ്യമാക്കിയിട്ടില്ല. സുരക്ഷാ കാരണങ്ങൾ മുൻനിർത്തി സ്ഥാപിച്ച ആസ്തിയിലൂടെ ലഭിക്കുന്ന ഡേറ്റകൾ യഥാസമയം നിരീക്ഷിക്കുന്നതിനുള്ള സംവിധാനം പോലീസ് വകുപ്പുമായി ചേർന്ന് ഉറപ്പാക്കിയതായി രേഖയില്ല. നിലവിൽ സി.സി.ടി.വി. ഫൂട്ടേജുകൾ പാർക്കിലെ ശുചിത്വ സമുച്ചയത്തിൽ പ്രവർത്തിക്കുന്ന കോഫി ബാറിൽ സ്ഥാപിച്ചിട്ടുള്ള സർവറിലാണ് ശേഖരിക്കപ്പെടുന്നത്. ഇത് സ്വകാര്യ വ്യക്തിയുടെ നിയന്ത്രണത്തിലാണ്. (കോഫീ ബാർ കുത്തകാവകാശം ലേലം ചെയ്തു നൽകിയതിനാൽ). മാത്രമല്ല ഏതുസമയവും ഡേറ്റാകൾ നശിപ്പിക്കാനാവുമെന്നതിനാൽ ഇത് സുരക്ഷിതമാണെന്ന് കരുതാനുമാവില്ല. വാങ്ങൽ നടപടിക്രമങ്ങൾ പാലിക്കാതിരുന്നതും ഡേറ്റകളുടെ സുരക്ഷിതമായ ശേഖരണം നിരീക്ഷണം എന്നിവ ഉറപ്പു വരുത്താതിരുന്നതും മുൻനിർത്തി പ്രോജക്ടുകൾക്കായി ചെലവഴിച്ച ₹644000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ടെണ്ടർ കൂടാതെ സാധനങ്ങൾ വാങ്ങിയതിനുണ്ടായ സാഹചര്യം വ്യക്തമാക്കി സർക്കാരിൽ നിന്നും സാധൂകരണം വാങ്ങേണ്ടതാണ്.

1-28 ടെണ്ടർ നടപടികൾ ഒഴിവാക്കി വിത്തിനങ്ങളും വളവും കീടനാശിനികളും വാങ്ങി

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20, 2020-21 വർഷങ്ങളിൽ നടപ്പാക്കിയതും 2020-21-ൽ തുക ചെലവഴിച്ചതുമായ നടീൽ വസ്തു വിതരണ പ്രോജക്ടുകൾക്കുവേണ്ടി സാധനങ്ങൾ വിതരണം ചെയ്തത് KAICO, RAIDCO എന്നീ സ്ഥാപനങ്ങളാണ്. തദ്ദേശസ്വയംഭരണവകുപ്പിന്റെ 14.2.2018-ലെ സ.ഉ(കൈ) നം.22/2018 നമ്പർ ഉത്തരവിലൂടെ പുറപ്പെടുവിച്ച സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 6.1.4 അനുസരിച്ച്, കൃഷിവകുപ്പ്, ഫാമുകൾ, നാഷണൽ സീഡ് കോർപ്പറേഷൻ, കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി, വി.എഫ്.പി.സി.കെ എന്നീ സ്ഥാപനങ്ങളിൽ നിന്നും വാങ്ങുമ്പോൾ യഥാർത്ഥ വില നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്. മേൽ സ്ഥാപനങ്ങളിൽ നിന്നല്ലാതെ സാധങ്ങൾ വാങ്ങുമ്പോൾ മത്സരാധിഷ്ഠിത ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്. പ്രസ്തുത മാർഗ്ഗരേഖയിൽ പ്രത്യേകം പരാമർശിക്കാത്ത സംഗതികളിൽ ജി.ഒ(പി)നം.259/2010/ ത.സ്വ.ഭ.വ തിയതി.08.11.2010 പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ ബാധകമായിരിക്കുമെന്നും ഖണ്ഡിക 2.7-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും മത്സരാധിഷ്ഠിത ടെണ്ടർ നടപടികൾ കൂടാതെ വാങ്ങുന്നതിന് സ്റ്റോർ പർച്ചേസ് വകുപ്പിന്റെ അനുമതി ഉത്തരവ് ആവശ്യമാണ്. പ്രസ്തുത പ്രോജക്ട് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ടിന്റെ പേര് | സാധനങ്ങൾ വിതരണം ചെയ്ത സ്ഥാപനം | ബിൽ നം/ വൗച്ചർ നം./ ചെക്ക് നം.തിയതി | തുക ₹ | ഫണ്ട് |
|---|---|---|---|---|---|
| 1 | ഏത്തവാഴവിത്ത് വിതരണം-131/2021, 125/2020 | കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ് | 201002520111000019924/ 11.04.2020 | 200000 | വികസനഫണ്ട്-പൊതുവിഭാഗം |
| 2 | വാഴവിത്ത് വിതരണം-21/2021 | റെയ്ഡ്കോ കേരള ലിമിറ്റഡ് | 2010025201101437001/ 30.03.2021 | 200000 | വികസനഫണ്ട്-പൊതുവിഭാഗം |
| 3 | പരമ്പരാഗത കിഴങ്ങ്വർഗ്ഗങ്ങളുടെ വിത്ത് വിതരണം-132/2021, 126/2020 | കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ് | 201002520111000015843/ 11.04.2020 | 208000 | വികസനഫണ്ട്-പൊതുവിഭാഗം |
| | | | 201002520111000015844/ 11.04.2020 | 208000 | വികസനഫണ്ട്-പൊതുവിഭാഗം |
| 4 | പരമ്പരാഗത കിഴങ്ങ്വർഗ്ഗങ്ങളുടെ വിത്ത് വിതരണം-26/2021 | കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ | 2010025201101357867/ 25.03.2021 | 194212 | വികസനഫണ്ട്-പൊതുവിഭാഗം |
| | | | 2010025201101437038/ | 255788 | വികസനഫണ്ട്- |

| | | | | | |
|---|---|---|---|---|---|
| | | ലിമിറ്റഡ് | 30.03.2021 | | പൊതുവിഭാഗം |
| 5 | സുഭിക്ഷ കേരളം-പച്ചക്കറി വിത്തുകളും കീടനാശിനയും വിതരണം-190/2021 | കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ് | 20100252011100626147/ 09.10.2020 | 250000 | വികസനഫണ്ട്-പൊതുവിഭാഗം |
| | | | 20100252011100626150/ 09.10.2020 | 250000 | വികസനഫണ്ട്-പൊതുവിഭാഗം |
| | | | 20100252011100626152/ 09.10.2020 | 70000 | വികസനഫണ്ട്-പൊതുവിഭാഗം |
| | | | 20100252011100647565/ 09.10.2020 | 250000 | വികസനഫണ്ട്-പൊതുവിഭാഗം |
| | | | 22000331/0937131 /19.03.2021 | 205000 | തനത് ഫണ്ട് |
| | ആകെ | | | 2291000 | |

18.12.2019ലെ സ.ഉ(സാധാ)നം.2881/2019/ത.സ്വ.ഭ.വ ഉത്തരവിൽ KAICO സ്വന്തമായി ഉല്പാദിപ്പിക്കുന്ന കാർഷിക ഉപകരണങ്ങളും സാധന സാമഗ്രികളും മാത്രം ടെണ്ടർ കൂടാതെ വാങ്ങുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. എന്നാൽ, മേൽ ഉത്തരവിൽ നടീൽ വസ്തുക്കളും ജൈവവളവും ടെണ്ടർ കൂടാതെ വിതരണം ചെയ്യുന്നതിന് അനുമതി നൽകിയിട്ടില്ല. സ്വന്തമായി ഉല്പാദിപ്പിക്കുന്ന കാർഷികയന്ത്രങ്ങളും മറ്റ് ഉപകരണങ്ങളും വിതരണം ചെയ്യുന്നതിനാണ് റെയ്ഡ്കോ കേരള ലിമിറ്റഡിനും സ്റ്റോർ പർച്ചേസ് വകുപ്പ് അനുമതി നൽകിയിട്ടുള്ളത്.

സ്പിൽ ഓവർ പ്രോജക്ടുകളായ ഏത്തവാഴവിത്ത് വിതരണം (131/2021, 125/2020), പരമ്പരാഗത കിഴങ്ങ്വർഗ്ഗങ്ങളുടെ വിത്ത് വിതരണം (132/2021, 126/2020) എന്നിവ ടെണ്ടർ നടപടികളിലൂടെ വാങ്ങുന്നതിനാണ് ആവിഷ്കരിച്ചിരുന്നത്. എന്നാൽ, ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 09.01.2020-ലെ 9-1 തീരുമാനപ്രകാരം നിർവ്വഹണരീതി ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങൽ എന്ന് ഭേദഗതി ചെയ്തു. 2020-21ൽ ആവിഷ്കരിച്ച പ്രോജക്ടുകൾ ടെണ്ടർ കൂടാതെ നേരിട്ട് സാധനങ്ങൾ വാങ്ങുന്നുവെന്നാണ് പ്രോജക്ട് റിപ്പോർട്ടുകളിൽ രേഖപ്പെടുത്തിയിട്ടുള്ളത്. പദ്ധതികളും അംഗീകാര തീയതിയും ചുവടെ കൊടുക്കുന്നു.

| ക്രമ നം | പ്രോജക്ടിന്റെ പേര് | ഭരണസമിതി അംഗീകാരം നൽകിയ തിയതി |
|---|---|---|
| 1 | വാഴവിത്ത് വിതരണം-21/2021 | 1-1/04.03.2020 |
| 2 | പരമ്പരാഗത കിഴങ്ങ്വർഗ്ഗങ്ങളുടെ വിത്ത് വിതരണം-26/2021 | 1-1/04.03.2020 |
| 3 | സുഭിക്ഷ കേരളം- പച്ചക്കറി വിത്തുകളും കീടനാശിനയും വിതരണം-190/2021 | 1-1/ 14.05.2020 |

മുകളിൽ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ടെണ്ടർ കൂടാതെ സാധനങ്ങൾ വാങ്ങുന്നതിനുള്ള അനുമതി ഉത്തരവ് ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.13/06.07.2022) കൃഷി ആഫീസർ സമർപ്പിച്ച മറുപടിയിൽ കോവിഡ്-19 സാഹചര്യം നിലനിന്നതിനാൽ വേഗത്തിൽ നടീൽ സാധനങ്ങൾ കർഷകർക്ക് ലഭ്യമാക്കുന്നതിന് ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലാണ് കെയ്കോ, റെയ്ഡ്കോ എന്നീ സ്ഥാപനങ്ങളിൽ നിന്നും വിത്തും വളവും നേരിട്ട് വാങ്ങിയതെന്ന് വിശദീകരിച്ചിട്ടുണ്ട്. എന്നാൽ, 2018 ഡിസംബറിൽ അംഗീകാരം ലഭിച്ച് 2019-20 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട പ്രോജക്ട് 2019-20 സാമ്പത്തിക വർഷത്തിലെ ആദ്യ മൂന്ന് പാദങ്ങളിൽ നടപ്പാക്കുന്നതിന് ശ്രമിക്കാതെ 2020 ജനവരി മാസം പ്രോജക്ട് വ്യക്തമായ കാരണം രേഖപ്പെടുത്താതെയാണ് ഭേദഗതി ചെയ്തത്. പ്രോജക്ട് ഭേദഗതി അംഗീകരിച്ച 09.01.2020ൽ കോവിഡ്-19 ന്റെ സാഹചര്യം സംസ്ഥാനത്ത് നിലവിലില്ലായിരുന്നു. സർക്കാർ മാർഗ്ഗനിർദേശങ്ങൾക്ക് വിരുദ്ധമായി പ്രോജക്ട് ആവിഷ്കരിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. പദ്ധതികൾക്കായി ചെലവഴിച്ച ₹22,91,000/- തടസപ്പെടുത്തുന്നു.

1-29 സർക്കാർ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി വികസനരേഖ അച്ചടിച്ചു

ഗ്രാമപഞ്ചായത്തിന്റെ അഞ്ച് വർഷത്തെ വികസന പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച വികസനരേഖ എല്ലാ വീടുകളിലും വിതരണം ചെയ്യുന്നതിന് 6500 കോപ്പികൾ അച്ചടച്ചിതിന് വികസനഫണ്ടിൽ നിന്നും ക്രമവിരുദ്ധമായി ₹272,270/- ചെലവഴിച്ചിട്ടുണ്ട്. ചെലവ് വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| പ്രോജക്ടിന്റെ പേര് | അടങ്കൽ (₹) | ബിൽ നം./തിയതി | ഫണ്ട് | തുക (₹) | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|---|
| പദ്ധതി രൂപീകരണം, നിർവ്വഹണം, മോണിറ്ററിംഗ് (1/2021) | 380103 | 20100252014400420656/ 13.08.2020 | വികനസഫണ്ട്- പൊതുവിഭാഗം | 272270 | സെക്രട്ടറി |

ഭരണസമിതിയുടെ 03.07.2020ലെ 3-1 തീരുമാനപ്രകാരം അഞ്ച് വർഷത്തെ വികസന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ വിവരിക്കുന്ന വികസനരേഖ അംഗീകരിച്ച് 6500 കോപ്പികൾ അച്ചടിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി. ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 03.07.2020-ലെ എ-4/551/2020 കത്ത് പ്രകാരം 6500 കോപ്പികൾ അച്ചടിക്കുന്നതിന് മാനേജർ, കോ-ഓപ്പറേറ്റീവ് ഓഫ്സെറ്റ് പ്രസ്, പൊൻകുന്നം എന്ന സ്ഥാപനത്തിന് വർക്ക് ഓർഡർ നൽകി. 04.08.2020 ലെ 13-2 തീരുമാനപ്രകാരം അച്ചടിക്കൂലിയിനത്തിൽ കോ-ഓപ്പറേറ്റീവ് ഓഫ്സെറ്റ് പ്രസിന് ₹272270/- നൽകുന്നതിനും തുക 2020-21 വാർഷിക പദ്ധതി രൂപീകരണ, നിർവ്വഹണ, മോണിറ്ററിംഗ് ചെലവുകളിൽ ഉൾപ്പെടുത്തുന്നതിനും സെക്രട്ടറിയെ ചുമതലപ്പെടുത്തി. തദനുസരണം മേൽ സൂചിത ബിൽ പ്രകാരം ₹272270/-പിൻവലിച്ച് സ്ഥാപനത്തിന് നൽകിയിട്ടുണ്ട്.

പ്രോജക്ട് റിപ്പോർട്ട് പരിശോധിച്ചതിൽ ഗ്രാമസഭാ നോട്ടീസുകൾ, കരട് പദ്ധതിരേഖ, അന്തിമ പദ്ധതിരേഖ, എന്നിവ പ്രിന്റ് ചെയ്യൽ, പരസ്യ ചെലവ്, യോഗങ്ങളുടെ ചെലവ്, പ്ലാൻ ഫെസിലിറ്റേറ്റർക്ക് ഹോണറേറിയം എന്നിവയ്ക്കാണ് പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത്. അഞ്ച് വർഷത്തെ വികസനപ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ വിവരിക്കുന്ന വികസനരേഖ അച്ചടിക്കുന്നതിനെക്കുറിച്ച് പ്രോജക്ടിൽ പരാമർശിച്ചിട്ടില്ല. പ്രോജക്ടിൽ വിഭാവനം ചെയ്യാതെയും സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായും വികസനരേഖ അച്ചടിച്ചത് ക്രമവിരുദ്ധമാണ്. പ്രോജക്ടിൽ വിഭാവനം ചെയ്ത പദ്ധതി രൂപീകരണ ചെലവുകൾ, ഗ്രാമസഭാ നോട്ടീസുകൾ, കരട് പദ്ധതിരേഖ, അന്തിമ പദ്ധതിരേഖ എന്നിവ പ്രിന്റ് ചെയ്യൽ, പരസ്യ ചെലവ്, യോഗങ്ങളുടെ ചെലവ്, എന്നിവ പ്രോജക്ടിൽ ഉൾപ്പെടുത്താതെ തനത് ഫണ്ടിൽ നിന്നുമാണ് ചെലവഴിച്ചത്.

പതിമൂന്നാം പദ്ധതിയുടെ ആസൂത്രണ സമിതിയും വർക്കിംഗ് ഗ്രൂപ്പുകളും രൂപീകരിക്കുന്നതിനും വികസനരേഖ തയ്യാറാക്കുന്നതിനും ഉള്ള നിർദേശങ്ങളിലെ (തദ്ദേശസ്വയംഭരണ വകുപ്പിന്റെ 09.01.2017-ലെ ജി.ഒ(എംഎസ്) 10/2017 നമ്പർ ഉത്തരവ്) ഖണ്ഡിക 3ൽ പതിമൂന്നാം പദ്ധതിയുടെ വികസനരേഖ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ആരംഭ പ്രവർത്തനങ്ങളിൽ ഒന്നാണ് വികസനരേഖ തയ്യാറാക്കുക എന്നും (ഖണ്ഡിക 3(2)) വികസനരേഖയുടെ ഉള്ളടക്കം ആമുഖം വികസനതന്ത്രം, വിഭവ സമാഹരണം, വികസന മേഖലകൾ എന്ന രീതിയിൽ നാല് അദ്ധ്യായങ്ങളായി ക്രമീകരിക്കണമെന്നും (ഖണ്ഡിക 3(4)) പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ അടുത്ത അഞ്ച് വർഷം നടപ്പാക്കുവാൻ ഉദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങൾ വിശദീകരിക്കുന്ന വികസനരേഖയുടെ അടിസ്ഥാനത്തിലാണ് തുടർവർഷങ്ങളിലെ വാർഷിക പദ്ധതികൾ തയ്യാറാക്കേണ്ടത്. പദ്ധതി അംഗീകാരത്തിന്റെ മുൻ ഉപാധിയായിരുന്നതിനാൽ അതനുസരിച്ച് 2017-18 സാമ്പത്തിക വർഷം വികസനരേഖ തയ്യാറാക്കിയിട്ടുമുണ്ട്. 2018-19 മുതലുള്ള സാമ്പത്തിക വർഷങ്ങളിലെ പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിൽ (തദ്ദേശസ്വയംഭരണ വകുപ്പിന്റെ 29.01.2018-ലെ ജി.ഒ (എംഎസ്) 11/2018 നമ്പർ ഉത്തരവ്) ആദ്യവർഷം തയ്യാറാക്കിയ വികസനരേഖയുടെ അടിസ്ഥാനത്തിലാവണം പദ്ധതികൾ ആവിഷ്കരിക്കേണ്ടതെന്ന് വ്യക്തമാക്കിയിട്ടുണ്ട് (ഖണ്ഡിക 3.1.2(സി)(2)). തുടർ വർഷങ്ങളിൽ വികസനരേഖ പ്രത്യേകം അച്ചടിക്കേണ്ടതില്ല.

ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയ വികസന രേഖ മേൽ ഉത്തരവിലെ നിർദേശങ്ങൾക്ക് വിരുദ്ധമായിട്ടാണ്. 2015-2020 കാലഘട്ടത്തിൽ ഭരണസമിതി വിവിധ മേഖലകളിൽ നടത്തിയ വികസന പ്രവർത്തനങ്ങളുടെ റിപ്പോർട്ട് മാത്രമാണ് വികസനരേഖയിലെ പ്രതിപാദ്യം.

28.02.2020-ലെ സ.ഉ(സാധാ)നം.501/2020/ത.സ്വ.ഭ.വ, 04.08.2020-ലെ സ.ഉ(സാധാ)നം.1452/2020

/ത.സ്വ.ഭ.വ എന്നീ ഉത്തരവുകൾ പ്രകാരം അഞ്ച് വർഷത്തെ വികസന-ക്ഷേമ പ്രവർത്തനങ്ങൾ വിശദീകരിക്കുന്ന 20 മിനിറ്റ് ദൈർഘ്യമുള്ള വീഡിയോ ഡോക്യുമെന്ററി തയ്യാറാക്കുന്നതിന് പരമാവധി ഒരു ലക്ഷം രൂപ ചെലവഴിക്കുന്നതിനാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുള്ളത്.

സർക്കാർ നിർദേശങ്ങൾക്ക് വിരുദ്ധമായി ഇപ്രകാരം പ്രോജക്ട് ഏറ്റെടുത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. പദ്ധതി രൂപീകരണ മോണിറ്ററിംഗ് ചെലവുകൾ എന്ന പ്രോജക്ടിന്റെ ഭാഗമായി പദ്ധതി രൂപീകരണവും നിർവ്വഹണവുമായി ബന്ധമില്ലാത്ത ഇനത്തിന് തുക ചെലവഴിച്ചത് അംഗീകരിക്കുന്നില്ല. വികസനരേഖ അച്ചടിച്ചയിനത്തിൽ ചെലവഴിച്ച ₹272270/- ഓഡിറ്റിൽ നിരാകരിക്കുന്നു. പദ്ധതി ആവിഷ്കരിക്കുന്നതിന് തീരുമാനിച്ച ഭരണസമിതി അംഗങ്ങളിൽ നിന്നും സെക്രട്ടറിയിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം ഭരണസമിതിയുടെയും സെക്രട്ടറിയുടെയും ബാദ്ധ്യതയായി കണക്കാക്കി 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 16, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20 എന്നിവ പ്രകാരമുള്ള നടപടികളിലൂടെ തുക ഈടാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## 1-30 അനർഹമായ കാലയളവിൽ സാമൂഹ്യസുരക്ഷ പെൻഷൻ അനുവദിച്ചു

ഗ്രാമപഞ്ചായത്തിൽ സാമൂഹ്യപെൻഷൻ വിതരണം സംബന്ധിച്ച് സേവന സോഫ്റ്റ് വെയറിലും 2020 ജനുവരി മുതൽ 2021 മാർച്ച് വരെയുള്ള പഞ്ചായത്തിലെ മരണ റിപ്പോർട്ടും പരിശോധിച്ചപ്പോൾ ചുവടെ സൂചിപ്പിക്കുന്ന ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് അവർ മരണപ്പെട്ടതിന് ശേഷവും പെൻഷൻ നിക്ഷേപിക്കുകയോ തുക അനുവദിക്കുകയോ ചെയ്തിട്ടുണ്ട്.

1. പെൻഷൻ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചതിന്റെ വിശദാംശങ്ങൾ

| ക്രമ നം | പേരും വിലാസവും | മരണപ്പെട്ട തിയതി/ മരണം രജിസ്റ്റർ ചെയ്ത തിയതി | അനർഹമായി പെൻഷൻ അനുവദിച്ച കാലയളവ് | പെൻഷൻ സ്റ്റാറ്റസ് | പെൻഷൻ നൽകുന്ന സ്ഥാപനം | അധികം അനുവദിച്ച തുക |
|---|---|---|---|---|---|---|
| 1 | മറിയ.എം.പി, ഇടപ്പറമ്പിൽ, മണിക്കൽ | 04.01.2020/ 17.01.2020 | 02/2020- 06/2022 | ആക്ടീവ് | വാർദ്ധ്യക്യകാല പെൻഷൻ- പെരുവന്താനം ഗ്രാമപഞ്ചായത്ത് | 46500 |
| 2 | തോമസ്, ചക്കിട്ടമണ്ണിൽ, വണ്ടൻപതാൽ | 07.01.2020/ 25.01.2020 | 02/2020- 06/2022 | ആക്ടീവ് | വാർദ്ധ്യക്യകാല പെൻഷൻ- മുണ്ടക്കയം ഗ്രാമപഞ്ചായത്ത് | 46500 |
| 3 | ദേവകി, മുഴങ്ങേ ത്ത്, കുപ്പക്കയം | 24.01.2020/ 05.02.2020 | 01/2020- 06/2022 | ആക്ടീവ്4. പെൻഷൻ നേരിട്ട് നൽകുന്നതിന് സഹകരണ ബാങ്കുകളെ ഏൽപ്പിച്ചെങ്കിലും തുക കൈമാറുവാൻ സാധിക്കാത്തത്. | വാർദ്ധ്യക്യകാല പെൻഷൻ- മുണ്ടക്കയം ഗ്രാമപഞ്ചായത്ത് | 46500 |
| 4 | കെ.എസ്.ദാമോദരൻ, കട്ടുക്കുത്തറ, ചെറുവള്ളിക്കളം | 03.02.2020/ 05.03.2020 | 02/2020- 04/2020 | ആക്ടീവ് | ചെറുകിട കർഷക ക്ഷേമനിധി ബോർഡ് പെൻഷൻ | 3700 |
| 5 | നാരായണൻ.എ, ലോവർ ഡിവിഷൻ, മഞ്ചുമല | 24.02.2020/ 05.03.2020 | 02/2020- 06/2022 | ആക്ടീവ് | വാർദ്ധക്യകാല പെൻഷൻ- മരിയാപുരം ഗ്രാമപഞ്ചായത്ത് | 45000 |
| 6 | അബ്ദുള്ളക്കുട്ടി, ഇടത്തിൽ, ഏന്തയാർ | 26.02.2020/ 05.03.2020 | 02/2020- 08/2021 | സസ്പെൻഡ് | വാർദ്ധക്യകാല പെൻഷൻ-കൂട്ടിക്കൽ ഗ്രാമപഞ്ചായത്ത് | 27000 |
| 7 | സാറാമ്മ ജോസഫ്, | 01.03.2020/ | 03/2020- | സസ്പെൻഡ് | വാർദ്ധക്യകാല | 33900 |

| | | | | | | |
|---|---|---|---|---|---|---|
| | പുളിക്കൽ, കരിനിലം | 16.03.2020 | 12/2021 | | പെൻഷൻ-മുണ്ടക്കയം ഗ്രാമപഞ്ചായത്ത് | |
| 8 | വത്സമ്മ കുഞ്ഞൂഞ്ഞ്, കുളങ്ങര, മുണ്ടക്കയം | 07.03.2020/ 16.03.2020 | 03/2020-08/2021 | സസ്പെൻഡ് | വാർദ്ധക്യകാല പെൻഷൻ-മുണ്ടക്കയം ഗ്രാമപഞ്ചായത്ത് | 25800 |
| 9 | ശിവൻ.കെ.ആർ, കറശേരിയിൽ, മണിക്കൽ | 17.03.2020/ 27.04.2020 | 03/2020-06/2022 | ആക്ടീവ് | വാർദ്ധക്യകാല പെൻഷൻ-പെരുവന്താനം ഗ്രാമപഞ്ചായത്ത് | 43500 |
| 10 | നാരായണൻ. പി.എസ്, പുതിയകുന്നേൽ, കോരുത്തോട് | 23.03.2020/ 27.04.2020 | 03/2020-12/2021 | ആക്ടീവ് | വാർദ്ധക്യകാല പെൻഷൻ-പെരുവന്താനം ഗ്രാമപഞ്ചായത്ത് | 32200 |
| 11 | കുഞ്ഞൂഞ്ഞമ്മ തോമസ്, വാഴപ്പനാടിയിൽ, പുഞ്ചവയൽ | 26.03.2020/ 27.04.2020 | 03/2020-04/2022 | ആക്ടീവ് | വാർദ്ധക്യകാല പെൻഷൻ-എരുമേലി ഗ്രാമപഞ്ചായത്ത് | 38600 |
| 12 | പി.ഡി.ദേവസ്യ, പരുവത്ത്, പുഞ്ചവയല | 31.03.2020/ 27.04.2020 | 03/2020-11/2020 & 05/2021-04/2022 | ആക്ടീവ് | വാർദ്ധക്യകാല പെൻഷൻ-മുണ്ടക്കയം ഗ്രാമപഞ്ചായത്ത് | 31100 |
| 13 | കെ.എ.കരുണാകരൻ, കപ്ലിയിൽ, കുളമാക്കൽ | 31.03.2020/ 27.04.2020 | 03/2020-05/2022 | ആക്ടീവ് | ചെറുകിട കർഷക ക്ഷേമനിധി ബോർഡ് പെൻഷൻ | 40200 |
| 14 | മാത്യൂ സ്കറിയ, വഞ്ചിപുരയ്ക്കൽ, കണയങ്കവയൽ | 06.04.2020/ 27.04.2020 | 04/2020-06/2022 | ആക്ടീവ് | വാർദ്ധക്യകാല പെൻഷൻ-പെരുവന്താനം ഗ്രാമപഞ്ചായത്ത് | 40600 |
| 15 | വർഗ്ഗീസ് അലക്സാണ്ടർ, സ്രാകത്ത്, തുലാപ്പള്ളി | 11.04.2020/ 13.05.2020 | 04/2020-05/2022 | ആക്ടീവ് | ചെറുകിട കർഷക ക്ഷേമനിധി ബോർഡ് പെൻഷൻ | 39000 |
| 16 | ഹാജറാമ്മ, താത്തൻപാറ, മുണ്ടക്കയം | 17.04.2020/ 13.05.2020 | 04/2022-06/2022 | ആക്ടീവ് | വാർദ്ധക്യകാല പെൻഷൻ-പെരുവന്താനം ഗ്രാമപഞ്ചായത്ത് | 40600 |
| 17 | പെണ്ണമ്മ, കളപ്പുരയ്ക്കൽ, റാണികോവിൽ | 30.04.2020/ 08.06.2020 | 04/2020-06/2022 | ആക്ടീവ് | വാർദ്ധക്യകാല പെൻഷൻ-പീരുമേട് ഗ്രാമപഞ്ചായത്ത് | 42000 |
| 18 | അന്നമ്മ തോമസ്, ചക്കാലയിൽ, കണയങ്കവൽ | 03.05.2020/ 09.06.2020 | 05/2020-06/2022 | ആക്ടീവ് | വാർദ്ധക്യകാല പെൻഷൻ-പെരുവന്താനം ഗ്രാമപഞ്ചായത്ത് | 39300 |
| 19 | വർഗ്ഗീസ്, പാമ്പൂരിക്കൽ, ചാത്തൻതറം | 08.05.2020/ 09.06.2020 | 05/2020-08/2020 | ആക്ടീവ് | വാർദ്ധക്യകാല പെൻഷൻ-വെച്ചൂച്ചിറ ഗ്രാമപഞ്ചായത്ത് | 6000 |
| 20 | ബ്രിജിത്താമ്മ തോമസ്, തെക്കേകുമ്പളത്താനം, കൊടികുത്തി | 14.05.2020/ 17.06.2020 | 05/2020-06/2022 | ആക്ടീവ് | വാർദ്ധക്യകാല പെൻഷൻ-പെരുവന്താനം ഗ്രാമപഞ്ചായത്ത് | 40500 |
| 21 | സി.എ.ഇബ്രാഹിം, ചാമ്പാലിൽ, ചാമംപതാലിൽ | 19.05.2020/ 17.06.2020 | 05/2020-06/2022 | ആക്ടീവ് | വാർദ്ധക്യകാല പെൻഷൻ-വാഴൂർ ഗ്രാമപഞ്ചായത്ത് | 39300 |

| | | | | | | |
|---|---|---|---|---|---|---|
| 22 | ആന്റണി ജോസഫ്, വാഴചാരിയിൽ, മുളംകുന്ന് | 28.05.2020/ 19.06.2020 | 05/2020- 08/2020 | ആക്റ്റീവ് | ചെറുകിട കർഷക ക്ഷേമനിധി ബോർഡ് പെൻഷൻ | 5200 |
| 23 | രാജമ്മ സോളമൻ, ശാന്തി പവൻ, ഫയർഫീൽഡ്, ഏലപ്പാറ | 10.06.2020/ 15.07.2020 | 06/2020- 06/2022 | ആക്റ്റീവ് | വാർദ്ധക്യകാല പെൻഷൻ-ഏലപ്പാറ ഗ്രാമപഞ്ചായത്ത് | 38000 |
| 24 | പങ്കജാക്ഷി, അക്ഷയ് ഭവൻ, മുപ്പത്തി അഞ്ചാം മൈൽ | 14.06.2020/ 21.07.2020 | 06/2020- 06/2022 | ആക്റ്റീവ് | വാർദ്ധക്യകാല പെൻഷൻ-കോട്ടയം നഗരസഭ | 38000 |
| 25 | കുഞ്ഞച്ചൻ, വെള്ളാപ്പകുഴിയിൽ, കപ്പക്കയം | 26.06.2020/ 21.07.2020 | 06/2020- 06/2022 | ആക്റ്റീവ് | വാർദ്ധക്യകാല പെൻഷൻ- പെരുവന്താനം ഗ്രാമപഞ്ചായത്ത് | 39000 |
| 26 | മാത്യു ജോൺ, കുളത്തിക്കൊമ്പിൽ, കുറ്റിപ്ലാങ്ങാട് | 01.07.2020/ 22.07.2020 | 06/2020- 06/2022 | ആക്റ്റീവ് | വാർദ്ധക്യകാല പെൻഷൻ- പെരുവന്താനം ഗ്രാമപഞ്ചായത്ത് | 36700 |
| 27 | സെബാസ്റ്റ്യൻ തോമസ്, കോറോത്ത്, ചെരുവള്ളിക്കുളം | 21.07.2020/ 06.08.2020 | 07/2020- 02/2022 | സസ്പെൻഡ് | ചെറുകിട കർഷക ക്ഷേമനിധി ബോർഡ് പെൻഷൻ | 30300 |
| 28 | സരോജിനി തങ്കച്ചൻ, കൊണ്ടാട്ട്, ആനക്കുളം | 09.07.2020/ 14.08.2020 | 07/2020- 10/2021 | സസ്പെൻഡ് | വാർദ്ധക്യകാല പെൻഷൻ- പെരുവന്താനം ഗ്രാമപഞ്ചായത്ത് | 24700 |
| 29 | സരോജിനി തങ്കച്ചൻ, പടിഞ്ഞാറേകത്ത്, വടക്കേമല | 20.07.2020/ 14.08.2020 | 07/2020- 06/2022 | ആക്റ്റീവ് | വാർദ്ധക്യകാല പെൻഷൻ- കൊക്കയാർ ഗ്രാമപഞ്ചായത്ത് | 36700 |
| 30 | കുട്ടപ്പൻ.പി.കെ, പുരയിടത്തിൽ, എലിവേലിക്കര | 25.07.2020/ 20.08.2020 | 07/2020- 06/2022 | ആക്റ്റീവ് | വാർദ്ധക്യകാല പെൻഷൻ- എരുമേലി ഗ്രാമപഞ്ചായത്ത് | 37500 |
| 31 | ഏലിയാമ്മ തോമസ്, തറയിൽ, പാറത്തോട് | 09.02.2021/ 13.04.2021 | 02/2021- 06/2021 | സസ്പെൻഡ് | വാർദ്ധക്യകാല പെൻഷൻ- പാറത്തോട് ഗ്രാമപഞ്ചായത്ത് | 7800 |
| 32 | കുരുവിള ജോസഫ്, ഞാവള്ളികുന്നേൽ, ഏന്തായാർ | 22.11.2020/ 17.12.2020 | 11/2020- 05/2022 | ആക്റ്റീവ് | ചെറുകിട കർഷക ക്ഷേമനിധി ബോർഡ് പെൻഷൻ | 29700 |
| 33 | അന്നമ്മ ജോസഫ്, പാറക്കൽ, ആനചാരി | 13.11.2020/ 24.12.2020 | 11/2020- 06/2022 | ആക്റ്റീവ് | വാർദ്ധക്യകാല പെൻഷൻ- പെരുവന്താനം ഗ്രാമപഞ്ചായത്ത് | 31500 |
| 34 | എൻ.പി.മുഹമ്മദ്, നാരായണത്തുപന്തിയിൽ, തലനാട് | 13.11.2020/ 24.12.2020 | 11/2020- 01/2021 | സസ്പെൻഡ് | വാർദ്ധക്യകാല പെൻഷൻ-തലനാട് ഗ്രാമപഞ്ചായത്ത് | 4500 |
| 35 | കുമാരൻ അയ്യപ്പൻ, പുളിച്ചമാക്കൽ, പുല്ലുപാറ | 03.01.2021/ 21.01.2021 | 01/2021- 06/2021 | സസ്പെൻഡ് | ചെറുകിട കർഷക ക്ഷേമനിധി ബോർഡ് പെൻഷൻ | 9300 |
| 36 | പൊന്നമ്മ, രണ്ടുപ്ലാക്കൽ, പുഞ്ചവയൽ | 18.12.2020/ 18.02.2021 | 12/2020- 05/2022 | സസ്പെൻഡ് | വാർദ്ധക്യകാല പെൻഷൻ- മുണ്ടക്കയം ഗ്രാമപഞ്ചായത്ത് | 10800 |
| 37 | അന്നമ്മ ചാക്കോ, | 25.12.2020/ | 12/2020- | ആക്റ്റീവ് | വാർദ്ധക്യകാല | 30000 |

| | | | | | | |
|---|---|---|---|---|---|---|
| | ചേറ്റുകഴിയിൽ, കോരുത്തോട് | 18.02.2021 | 06/2022 | | പെൻഷൻ- കോരുത്തോട് ഗ്രാമപഞ്ചായത്ത് | |
| 38 | ജോസഫ് എബ്രഹാം, മണിച്ചിറയിൽ, ചെണ്ണപ്ലാവ് | 02.01.2021/ 18.02.2021 | 01/2021- 06/2022 | ആക്ടീവ് | വാർദ്ധക്യകാല പെൻഷൻ- കോരുത്തോട് ഗ്രാമപഞ്ചായത്ത് | 28500 |
| 39 | ബാബു എൻ.ജി, കട്ടകാരത്തിൽമുട്, മണിക്കൽ | 15.12.2020/ 19.02.2021 | 12/2020- 06/2022 | ആക്ടീവ് | വാർദ്ധക്യകാല പെൻഷൻ- പെരുവന്താനം ഗ്രാമപഞ്ചായത്ത് | 29900 |
| 40 | ചെല്ലമ്മ, ഗ്രാമ്പി തോട്ടം, മഞ്ജുമല | 10.01.2021/ 22.02.2021 | 01/2021- 08/2021 | ആക്ടീവ് | വാർദ്ധക്യകാല പെൻഷൻ- വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്ത് | 12500 |
| 41 | ത്രേസ്യാക്കുട്ടി മാത്യൂ, കിഴക്കേകുറ്റവഴേപറമ്പിൽ, കുത്രപ്പള്ളി | 09.01.2021/ 25.02.2021 | 01/2021- 06/2022 | ആക്ടീവ് | വാർദ്ധക്യകാല പെൻഷൻ- കറുകച്ചാൽ ഗ്രാമപഞ്ചായത്ത് | 28500 |
| 42 | അന്നക്കുട്ടി മാത്യൂ, പാറയിൽപുത്തൻപുരയിൽ, പുറക്കയം | 15.10.2020/ 12.04.2021 | 10/2020- 04/2021 | ആക്ടീവ് | വാർദ്ധക്യകാല പെൻഷൻ- പെരുവന്താനം ഗ്രാമപഞ്ചായത്ത് | 10600 |
| 43 | മേരി ജോസഫ്, പന്തലാനിക്കൽ, നെല്ലിമറ്റം | 04.03.2021/ 15.04.2021 | 03/2021- 06/2021 | സസ്പെൻഡ് | വാർദ്ധക്യകാല പെൻഷൻ- കവളങ്ങാട് ഗ്രാമപഞ്ചായത്ത് | 6300 |
| 44 | അന്നമ്മ ജോസഫ്, കുറിച്ചുള്ളിൽ, കോരുത്തോട് | 14.03.2021/ 16.04.2021 | 03/2021- 06/2022 | ആക്ടീവ് | വാർദ്ധക്യകാല പെൻഷൻ- കോരുത്തോട് ഗ്രാമപഞ്ചായത്ത് | 25500 |
| 45 | പി.സി.രാജു, പുതുപറമ്പിൽ, കുട്ടിക്കൽ | 26.03.2021/ 21.04.2021 | 03/2021- 10/2021 | സസ്പെൻഡ് | വാർദ്ധക്യകാല പെൻഷൻ- കൊക്കയാർ ഗ്രാമപഞ്ചായത്ത് | 12700 |
| 46 | ജോസഫ് തോമസ്, കൊല്ലക്കൊമ്പിൽ, വണ്ടൻപതാൽ | 17.03.2021/ 29.04.2021 | 03/2021- 12/2021 | സസ്പെൻഡ് | വാർദ്ധക്യകാല പെൻഷൻ- മുണ്ടക്കയം ഗ്രാമപഞ്ചായത്ത് | 15900 |
| 47 | ജോസഫ്, പാറയിൽ, നിർമ്മലഗിരി | 04.03.2021/ 29.04.2021 | 03/2021- 06/2022 | ആക്ടീവ് | വാർദ്ധക്യകാല പെൻഷൻ- പെരുവന്താനം ഗ്രാമപഞ്ചായത്ത് | 25400 |
| 48 | ചാക്കോ ജോസഫ്, ഓലിക്കൽ, ആനചാരി | 26.02.2021/ 29.04.2021 | 02/2021- 04/2022 | സസ്പെൻഡ് | വാർദ്ധക്യകാല പെൻഷൻ- പെരുവന്താനം ഗ്രാമപഞ്ചായത്ത് | 23700 |
| 49 | ബേബി തങ്കപ്പൻ, വാരംമാക്കൽ, കടമാൻകുളം | 29.03.2021/ 29.04.2021 | 03/2021- 06/2022 | ആക്ടീവ് | വാർദ്ധക്യകാല പെൻഷൻ- പെരുവന്താനം ഗ്രാമപഞ്ചായത്ത് | 25400 |
| 50 | എം.എൻ. ആനന്ദൻ, മുല്ലശേരിയിൽ, കരിനിലം | 29.03.2021/ 29.04.2021 | 03/2021- 12/2021 | സസ്പെൻഡ് | വാർദ്ധക്യകാല പെൻഷൻ- മുണ്ടക്കയം ഗ്രാമപഞ്ചായത്ത് | 15800 |

| | | | | | | |
|---|---|---|---|---|---|---|
| 51 | രുക്മിണിയമ്മ, കിഴക്കേപറമ്പിൽ, പെരുവന്താനം | 05.02.2021/ 29.04.2021 | 02/2021-06/2022 | ആക്ടീവ് | വാർദ്ധക്യകാല പെൻഷൻ- പെരുവന്താനം ഗ്രാമപഞ്ചായത്ത് | 26900 |
| 52 | പുരുഷോത്തമൻ, മംഗലത്ത്, കണയങ്കവയൽ | 07.08.2020/ 26.08.2020 | 08/2020-06/2022 | ആക്ടീവ് | വാർദ്ധക്യകാല പെൻഷൻ- പെരുവന്താനം ഗ്രാമപഞ്ചായത്ത് | 35400 |
| 53 | ഐഷ ബീവി, നെല്ലിത്താനം, എരുമേലി | 02.09.2020/ 24.09.2020 | 09/2020-06/2022 | ആക്ടീവ് | വാർദ്ധക്യകാല പെൻഷൻ- എരുമേലി ഗ്രാമപഞ്ചായത്ത് | 34400 |
| 54 | വേലുസാമി, പുത്തൻപറമ്പിൽ, കണയങ്കവയൽ | 22.10.2020/ 19.11.2020 | 10/2020-06/2022 | ആക്ടീവ് | വാർദ്ധക്യകാല പെൻഷൻ- പെരുവന്താനം ഗ്രാമപഞ്ചായത്ത് | 32700 |
| 55 | അബ്ദുൾനാസർ.കെ.എം., കരോട്ട്വീട്ടിൽ, സേവനാലയം | 09.08.2020/ 26.08.2020 | 08/2020-02/2021 | ആക്ടീവ് | വാർദ്ധക്യകാല പെൻഷൻ-പീരുമേട് ഗ്രാമപഞ്ചായത്ത് | 9900 |
| | ആകെ | | | | | 1557500 |

2. പെൻഷൻ അനുവദിച്ചെങ്കിലും അക്കൗണ്ട് മരവിപ്പിച്ചതിനാൽ നിക്ഷേപിക്കുവാൻ സാധിക്കാത്തത്

| ക്രമ നം | പേരും വിലാസവും | മരണപ്പെട്ട തിയതി/ മരണം രജിസ്റ്റർ ചെയ്ത തിയതി | അനർമായി പെൻഷൻ അനുവദിച്ച കാലയളവ് | പെൻഷൻ സ്റ്റാറ്റസ് | പെൻഷൻ നൽകുന്ന സ്ഥാപനം | അധികം അനുവദിച്ച തുക |
|---|---|---|---|---|---|---|
| 1 | കെ.എസ്.ദാമോദരൻ, കട്ടക്കുത്തറ, ചെറുവള്ളിക്കുളം | 03.02.2020/ 05.03.2020 | 05/2020-05/2022 | ആക്ടീവ് | ചെറുകിട കർഷക ക്ഷേമനിധി ബോർഡ് പെൻഷൻ | 37700 |
| 2 | നാരായണൻ. പി.എസ്, പുതിയകുന്നേൽ, കോരുത്തോട് | 23.03.2020/ 27.04.2020 | 01/2022-06/2022 | ആക്ടീവ് | വാർദ്ധക്യകാല പെൻഷൻ- പെരുവന്താനം ഗ്രാമപഞ്ചായത്ത് | 9600 |
| 3 | കുഞ്ഞൂഞ്ഞമ്മ തോമസ്, വാഴപ്പനാടിയിൽ, പുഞ്ചവയൽ | 26.03.2020/ 27.04.2020 | 05/2020-04/2022 | ആക്ടീവ് | വാർദ്ധക്യകാല പെൻഷൻ-എരുമേലി ഗ്രാമപഞ്ചായത്ത് | 36100 |
| 4 | പി.ഡി.ദേവസ്യ, പരുവത്ത്, പുഞ്ചവയല | 31.03.2020/ 27.04.2020 | 12/2020-04/2021 & 05/2022-06/2022 | ആക്ടീവ് | വാർദ്ധക്യകാല പെൻഷൻ-മുണ്ടക്കയം ഗ്രാമപഞ്ചായത്ത് | 10700 |
| 5 | വർഗ്ഗീസ്, പാമ്പൂരിക്കൽ, ചാത്തൻതറം | 08.05.2020/ 09.06.2020 | 09/2020-06/2022 | ആക്ടീവ് | വാർദ്ധക്യകാല പെൻഷൻ-വെച്ചൂച്ചിറ ഗ്രാമപഞ്ചായത്ത് | 34500 |
